Nature LIFE BOOKS

ലക്കം 32

# സുജീവിതം
SUJEEVITHAM

പുസ്തകം 4
ഒക്ടോബർ 2017
വില ₹ 25.00

സ്വയം ചികിത്സാ മാസിക

## ആമുഖം

മറ്റെല്ലാ വൈദ്യസമ്പ്രദായങ്ങളേയും മോഡേൺ മെഡിസിൻ വെല്ലുവിളിക്കുന്നത് അപകടങ്ങൾ മൂലമുണ്ടാവുന്ന അത്യാസന്നാവസ്ഥ കാട്ടിയാണ്. നിങ്ങളുടെ കയ്യിൽ ഇതിനെന്ത് പ്രതിവിധിയുണ്ട്? സകല സജ്ജീകരണങ്ങളുമായി വഴിയോരത്ത് സദാ ഇമ വെട്ടാതെ കാത്തിരിക്കുന്ന ഞങ്ങളല്ലാതെ ആരുണ്ട് ആ അവസ്ഥയിൽ നിങ്ങൾക്കാശ്രയം? ഇവിടെ വരെ ഒന്നെത്തിച്ചാൽ പിന്നെ നിങ്ങളൊന്നുകൊണ്ടും ഭയപ്പെടണ്ട. കോടികൾ വിലവരുന്ന ഉപകരണങ്ങളുമായി, രോഗിയുടെ ജീവൻ പോയാൽപ്പോലും ഗൗനിക്കാതെ, ഏത് പ്രതിസന്ധിയോടും പോരാടാൻ തയ്യാറായി ഞങ്ങൾ കാത്തു നിൽക്കുന്നത് കാണുന്നില്ലേ?

മുരുകന്റെ ഗുരുതരാവസ്ഥയിലുള്ള ദേഹവുമായി ആശുപത്രികൾ തോറും ചെന്ന ആ നല്ലവനായ സമരിയക്കാരൻ നമ്മളോട് പക്ഷെ അനുഭവത്തിൽ നിന്ന് പറയുന്നു. ആശുപത്രികൾ, ശരിയാണ്, ഇമവെട്ടാതെ സകല സജ്ജീകരണങ്ങളുമായി കാത്തു നിൽക്കുന്നുണ്ട്. അപകടത്തിൽപ്പെട്ട മനുഷ്യരെയല്ല അപകടത്തിൽപ്പെട്ട ധനികരെ. ആശുപത്രികൾ അവർക്കുള്ളതാണ്. ഒരു നിർദ്ധനനെ കയറ്റിക്കിടത്തി ശുശ്രൂഷിക്കാൻ ഞങ്ങൾക്കെന്താ കിറുക്കുണ്ടോ? നിങ്ങൾ കാണുന്ന ഈ കണ്ണഞ്ചിക്കുന്ന സൗകര്യങ്ങൾക്കൊക്കെ, ഈ യന്ത്രങ്ങൾക്കൊക്കെ, മരുന്നുകൾക്കൊക്കെ എത്ര പണമാണ് ചെലവായതെന്നറിയുമോ?

അപകടം നിങ്ങൾക്കപകടമാണെങ്കിലും ഞങ്ങൾക്കത് ഭാഗ്യത്തിന്റെ വരവാണ് (എന്തൊരു 'വരവാണ്' ആ ആംബുലൻസിന്റെ?) ആ ഭാഗ്യം പണമാക്കി മാറ്റിയെടുക്കാൻ അയാളുടെ ധനസ്ഥിതി മികച്ചതാവണം. അല്ലെങ്കിൽ അയാൾ ഇൻഷുർ ചെയ്തിരിക്കണം. അയാളുടെ ഒപ്പമുള്ളയാൾ കാഴ്ചയിൽത്തന്നെ എത്ര പണവുമിറക്കാൻ തയ്യാറുള്ള, അതിന് സ്വാതന്ത്ര്യവും ഉത്തരവാദിത്തവുമുള്ള ആളായിരിക്കണം. ബൈസ്റ്റാൻഡറില്ലാത്തത് കൊണ്ടാണ് ആശുപത്രികളെടുക്കാത്തത് എന്ന വാദത്തിൽ കഴമ്പൊന്നുമില്ല. 'ബൈസ്റ്റാന്റഡർ' ഒരാലങ്കാരികപ്രയോഗമാണ്. ബില്ലുകൾ തോറും പണമടയ്ക്കാനുള്ള ഒരു 'ട്രഷറി' കൂടെയില്ലാത്തത് കൊണ്ട് മടക്കി എന്ന് പറയുന്നതിന്റെ ലളിതമായ രൂപം മാത്രമാണത്. വടക്കൻചേരി പറയുമ്പോൾ അതൊരു 'കാശുപത്രി' ഭാഷ. മുരുകൻ അർഹിക്കാത്തത് കൊണ്ട് മാത്രമാണ് ഞങ്ങൾ ചികിത്സ നൽകാത്തത്. അയാൾക്ക് ചികിത്സിക്കപ്പെടാനുള്ള ആ 'മിനിമം യോഗ്യത' ഉണ്ടായിരുന്നില്ല.

സർക്കാർ പത്തുലക്ഷം രൂപ മുരുകന്റെ ബന്ധുക്കൾക്ക് നൽകിയത് യുക്തം തന്നെ. പക്ഷെ ജനത്തിന്റെ നികുതിപ്പണത്തിൽ നിന്നായിരുന്നില്ല അത് നൽകേണ്ടിയിരുന്നത്. നിരസിച്ച ഓരോ ആശുപത്രിയിൽ നിന്നും പിടിച്ചെടുക്കേണ്ടിയിരുന്നു അത്.

റോഡപകടം യാദൃശ്ചികമായി സംഭവിക്കുന്നു എന്ന കാഴ്ചപ്പാടിലുമുണ്ട് പിശക്. ഇത്രയേറെ വാഹനങ്ങൾ തലങ്ങും വിലങ്ങുമോടുന്ന ഇമ്മാതിരി ഇടുങ്ങിയ റോഡുകൾ നിലനിർത്തുന്നത് ആശുപത്രികൾക്കല്ലാതെ ആർക്ക് ഗുണം ചെയ്യും? ഡങ്കിപനിയൊന്നുമല്ല മാരകമായ ഈ റോഡുകളാണ് കേരളത്തിലെ വലിയ മരണകാരണം. ആശുപത്രികളിലേക്ക് കുതിക്കുന്ന ആംബുലൻസ് വഴി മാറി നിൽക്കാനുള്ള ആജ്ഞ മാത്രമല്ല, ആശുപത്രികളോട് പണവുമായിതാ എത്തിപ്പോയി എന്ന വാഗ്ദത്തം കൂടിയാണ് മുഴക്കുന്നത്? ഇതാ വരുന്നു വിലമതിയ്ക്കാനാവാത്ത ഒരു നിധി!

കൽപറ്റ നാരായണൻ

# ഉള്ളടക്കം

Nature LIFE BOOKS

Nature Life International
Malipuram
Kochi 682511
Kerala India
Tel: 9496044503
email:
books@naturelifeinternational.com
www.naturelifeinternational.com
www.facebook\naturelifeinternational

മാനേജിംഗ് എഡിറ്റർ
ഡോ.ജേക്കബ് വടക്കൻചേരി

എഡിറ്റർ
കൽപറ്റ നാരായണൻ

റസിഡന്റ് എഡിറ്റർ
ഡോ.സൗമ്യ വടക്കൻചേരി

എഡിറ്റോറിയൽ സമിതി
ഡോ.മേരി ഷൈൻ
എ.കെ.രവീന്ദ്രൻ

ഉപദേശകസമിതി
മേധ പട്കർ
സ്വാമി അഗ്നിവേശ്
എം.ജി.എസ്.നാരായണൻ
സുഗതകുമാരി
തായാട്ട് ബാലൻ
പ്രൊഫ.ശോഭീന്ദ്രൻ
ജസ്റ്റിസ് പി.കെ.ഷംസുദ്ദീൻ
ഡോ.എം.പി.മത്തായി
പി.എൻ.ദാസ്

കവർ
വിനയ്‌ലാൽ

രൂപകല്പന
എം.മനോഹരൻ
ആപ്പിൾ ടോക്, കോഴിക്കോട്

**സുജീവിതം**
ഒറ്റപ്രതി : 25 രൂപ
വാർഷിക വരിസംഖ്യ : 275 രൂപ
വിദേശത്തേക്ക് : 3,000 രൂപ
*25 കോപ്പിയിലധികം ഒരുമിച്ചെടുത്ത് മാസികയുടെ പ്രചാരണം ഏറ്റെടുത്തു നടത്തുന്ന പ്രവർത്തകർക്ക് പ്രത്യേക ആനുകൂല്യങ്ങൾ. വിവരങ്ങൾക്ക്*
മാനേജർ
സുജീവിതം മാസിക
മാലിപ്പുറം, കൊച്ചി 682 511
ഫോൺ: 9496044503


കാശുപത്രികളുടെ മുരുകൻ കൊലകൾ — 5
ഡോ.ജേക്കബ് വടക്കൻചേരി

ഗോരഖ്പൂരിലെ കുഞ്ഞുങ്ങൾക്ക് എന്തു പറ്റുന്നു? — 6

ഇല്ലാ കെയർ യൂണിറ്റ് — 7
ഡോ.ജേക്കബ് വടക്കൻചേരി — 7

കാശുപത്രിയുടെ പോസ്റ്റ്മോർട്ടം — 9
ഡോ.ജേക്കബ് വടക്കൻചേരി

സായിപ്പിന്റെ രോഗമെന്ന ഉൽപ്പന്നം — 12

ബഷീറിന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ — 14
കൽപറ്റ നാരായണൻ

ആശുപത്രികളിൽ പോകരുതേ, കാൻസർ പിടിക്കും! — 17
ഡോ.ജേക്കബ് വടക്കൻചേരി

അവയവദാന കച്ചവടം: ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുമായി ഡോ.ഗണപതി — 19
ആർ.കണ്ണൻ

ആഗസ്റ്റ് അനുഭവങ്ങൾ — 22
ഡോ.ജേക്കബ് വടക്കൻചേരി

ആഗസ്റ്റ് മൗന ഉപവാസം 2017 — 26
കെ.വി.സുഗതൻ

പനി മരണങ്ങൾ എന്തുകൊണ്ട്? — 28
എൻ.ശിവശങ്കരൻ

സൗന്ദര്യത്തിന്റെ പ്രകൃതി ചിന്തകൾ — 30
ഡോ.ജേക്കബ് വടക്കൻചേരി

മുടിയും മരുന്നും — 32

എന്തു ചെയ്യണം — 33
ഡോ.ജേക്കബ് വടക്കൻചേരി

മെഡിസിറ്റി ആശുപത്രിയിൽ മൃതദേഹത്തിനും വിദഗ്ദ്ധ ചികിത്സ!
അർജുൻ സി വനജ് — 36

വെടിക്കോപ്പിന്റെ രാസവളചരിത്രം — 37
അശോകകുമാർ വി.

വരികൾക്കിടയിലൂടെ — 42
കെ.വി.സുഗതൻ



ഡോ.ജേക്കബ്ബ് വടക്കൻചേരി

# കാശുപത്രികളുടെ മുരുകൻ കൊലകൾ

**ആശുപത്രികളെ കാശുപത്രി എന്നു തന്നെ വിളിക്കാൻ 'മുരുകൻ കൊല' തന്നെ മതി. റോഡപകടത്തിൽ തലയ്ക്ക് പരിക്കേറ്റ തമിഴ്നാട്ടുകാരനു മുന്നിൽ കേരളത്തിലെ സ്വകാര്യ ആശുപത്രികൾ മാത്രമല്ല തിരുവനന്തപുരം മെഡിക്കൽ കോളേജും അവഗണന കാട്ടി.**

കേരളം ഞടുങ്ങുകയും മരവിച്ചു നിൽക്കുകയും ചെയ്ത ദിവസം. പിന്നെ നാണിച്ച് തലതാഴ്ത്തിയ നാളുകൾ. ഒടുവിൽ മൊത്തം കേരളീയർക്കും വേണ്ടി മുഖ്യമന്ത്രി മാപ്പ് പറഞ്ഞതും പത്ത് ലക്ഷം രൂപ നഷ്ടപരിഹാരം കുടുംബത്തിന് അനുവദിച്ചതും എല്ലാം ആശുപത്രികളുടെ കാശാർത്തി കൊണ്ട് മാത്രം.

മുരുകൻ കൊലയുടെ തൊട്ടുപിന്നാലെ തൃശൂരിൽ നിന്നും മറ്റൊരു പരാതി. ആശുപത്രികളുടെ അത്യാർത്തിയുടെ കയ്പേറിയ കഥകൾ പറയാനില്ലാത്ത ആരെങ്കിലുമൊരാൾ കേരളത്തിലുണ്ടാകുമോ?

സമ്പത്തുള്ളവരുടെ മുന്നിൽ ഓച്ഛാനിച്ചു നിൽക്കുകയും ദളിതരുടെയും ആദിവാസികളുടെയും മുന്നിൽ അഹങ്കാരവും അവമതിയും ചെയ്യുന്നതിൽ ഏറ്റവും മുന്നിൽ ആശുപത്രികൾ തന്നെയാണ്.

അതിനിടെയാണ് ഗോരഖ്പൂറിലെ ആശുപത്രിയിൽ നിന്നും ഓക്സിജൻ കിട്ടാതെ മരിച്ച കുഞ്ഞുങ്ങളുടെ കൊലപാതകങ്ങളിൽ ലോകം മുഴുവനും തരിച്ചു നിന്നത്. ആശുപത്രിയിലെ ഓക്സിജൻ സിലിണ്ടറുകൾ സ്വന്തം സ്വകാര്യ ആശുപത്രികളിലേയ്ക്ക് ഡോക്ടർമാർ മാറ്റിയതാണത്രെ ഓക്സിജനില്ലായ്മയിലെത്തിച്ചത്.

## വീണ്ടും ഓക്സിജൻ കൊലപാതകങ്ങൾ?

ഗോരഖ്പൂരിനു ശേഷം ഒരു മാസത്തിനുള്ളിലാണ് റായ്പൂരിലെ ബി.ആർ അംബേദ്കർ ആശുപത്രിയിൽ മൂന്ന് കുഞ്ഞുങ്ങൾ ഓക്സിജൻ ലഭിക്കാതെ മരണപ്പെട്ടിരിക്കുന്നത്. ഇവിടെ ഓക്സിജൻ വിതരണ പ്ലാന്റിലെ ജീവനക്കാരൻ മദ്യപിച്ച് ബോധമില്ലാതെ കിടന്നതാണത്രെ കാരണമായത്. രവിചന്ദ്രനെന്ന ജീവനക്കാരനെ അറസ്റ്റ് ചെയ്തിട്ടുമുണ്ട്.

## 50 രൂപ കുറഞ്ഞതിനാൽ ഒരു കുഞ്ഞിനു മരണം!

റാഞ്ചിയിലെ രാജേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ (റിംസ്) ഒരു വയസുകാരൻ ശ്യാമിന് മരണം വിധിക്കപ്പെട്ടത് അൻപതു രൂപ കുറഞ്ഞു പോയതു കൊണ്ടാണ്. വീഴ്ചയിൽ തലയ്ക്ക് പരിക്കേറ്റ് എത്തിയ ശ്യാമിന് സ്കാനിങ്ങ് നടത്താൻ അച്ഛന്റെ കൈയ്യിൽ 1300 രൂപ മാത്രമാണുണ്ടായിരുന്നത്. ഇതോടെ തലയ്ക്ക് പരിക്കേറ്റ കുട്ടിക്ക് സ്കാനിങ്ങും ചികിത്സയും ആശുപത്രിയധികാരികൾ വേണ്ടെന്ന് തീരുമാനിക്കുകയായിരുന്നു!



# ഗോരഖ്പൂരിലെ കുഞ്ഞുങ്ങൾക്ക് എന്തു പറ്റുന്നു?

ഓരോ വർഷവും തലച്ചോറിന് കേടുപറ്റി മരിക്കുന്നത് ആയിരം കുഞ്ഞുങ്ങളാണത്രെ! ഇപ്പോഴത്തെ 70 കുഞ്ഞുങ്ങളുടെ മരണമൊന്നും വലിയ കാര്യമല്ലെന്നും സാധാരണം മാത്രമാണെന്നുമാണ് അധികാരികൾ! ആധുനിക വൈദ്യശാസ്ത്രം ശിശുമരണങ്ങൾ കുറച്ചു എന്നുള്ള അവകാശവാദങ്ങൾ കളവാണെന്നു തെളിയിക്കുന്നതാണ് ഗോരഖ്പൂരിലെ കുഞ്ഞുങ്ങളുടെ കൂട്ട മരണങ്ങൾ. തലച്ചോറിന് കേടുപറ്റുന്ന കുഞ്ഞുങ്ങളുടെ ദുരന്തം പുറത്താകുന്നത് ഓക്സിജൻ സിലിണ്ടർ ഇല്ലാതായപ്പോഴാണ്. പക്ഷെ യഥാർത്ഥത്തിലുള്ള ചോദ്യങ്ങൾ ആരും ഉയർത്തുന്നില്ല.

- ആരോഗ്യത്തോടെ ജനിച്ചു വളർന്ന നിരവധി കുഞ്ഞുങ്ങൾക്ക് ഇടയ്ക്കു വെച്ച് തലച്ചോർ തകരാറുകൾ ഉണ്ടാകുന്നതെന്തുകൊണ്ട്?
- സ്വാഭാവികമായ ശ്വസനം നടക്കാത്ത വിധത്തിൽ ഗുരുതരാവസ്ഥയിലാകുന്ന ഈ കുട്ടികൾക്ക് ഓക്സിജൻ നൽകിയാലും തലച്ചോറിന്റെ കേടുകൾ മാറിക്കിട്ടുമോ?
- തലച്ചോറിനുണ്ടാകുന്ന തകരാറുകൾ മാറ്റിക്കൊടുക്കാൻ ഏതെങ്കിലും മരുന്നുകൾക്ക് കഴിയുമോ?
- തൽക്കാലത്തേക്ക് രക്ഷപെട്ടാലും ഈ കുഞ്ഞുങ്ങൾ ജീവിതകാലം മുഴുവനും മരുന്നു കമ്പനികളുടെ ഇരകളായി അനാരോഗ്യ ജീവിതത്തിന് വിധിക്കപ്പെടുകയല്ലേ ചെയ്യുക?

## തലച്ചോർ രോഗങ്ങളുടെ യഥാർത്ഥ കാരണമെന്ത്?

വാക്സിനുകളുടെ ദോഷഫലങ്ങളായി ആധുനിക വൈദ്യശാസ്ത്ര ഗ്രന്ഥങ്ങൾ പറയുന്ന നിരവധി തകരാറുകളിലൊന്നാണ് തലച്ചോർ സംബന്ധിയായ രോഗങ്ങൾ. വാക്സിനുകളിലുള്ള മെർക്കുറി, ഫോർമലിൻ, ഫോർമൽ ഡീഹൈഡ്, അലൂമിനിയം തുടങ്ങിയവയെല്ലാം തലച്ചോറിന് കൂടുതൽ തകരാറുകളുണ്ടാക്കുന്നു. ഓട്ടിസത്തിലേയ്ക്ക് വരെ നയിക്കുന്നു.

ഇനിയും സംശയമുള്ളവർ അമേരിക്കയിലുള്ള 'വാക്സിൻ കോടതി'യിൽ എത്തിയിട്ടുള്ള വാക്സിൻ ദുരന്തങ്ങളുടെ കേസുകൾ പരിശോധിക്കട്ടെ. വാക്സിൻ ദോഷഫലങ്ങൾ കൊണ്ട് മരണവും മസ്തിഷ്ക്ക തകരാറുകളും ഒക്കെ സംഭവിച്ചതായി തെളിഞ്ഞതു കൊണ്ട് കോടതി വിധിച്ചിട്ടുള്ള നഷ്ടപരിഹാരങ്ങളും പരിശോധിക്കട്ടെ.

വാക്സിനുകൾ, ഇംഗ്ലീഷ് മരുന്നുകൾ, ഇംഗ്ലീഷ് ചികിത്സകൾ പ്രോത്സാഹിപ്പിക്കുന്ന കുപ്പിപാനീയങ്ങൾ തുടങ്ങിയവയാണ് കുഞ്ഞങ്ങളിലെ നല്ലൊരു ശതമാനം രോഗങ്ങൾക്കും കാരണമെന്നു കണ്ടെത്താനാകൂ.

ഒപ്പം ജോൺസൻ പോലെയുള്ള കുട്ടികൊലയാളി കമ്പനികൾ പുറത്തിറക്കുന്ന ബേബി ഓയിൽ മണത്താൽ പോലും കുട്ടികൾക്ക് തലച്ചോർ നാശം ഉണ്ടാകാവുന്നതാണ്. (ജോൺസൻ ആന്റ് ജോൺസൻസ് ബേബി ഓയിൽ കുപ്പിയുടെ പിന്നിലുള്ള മുന്നറിയിപ്പ് വായിക്കുക) കുഞ്ഞിനെ പൂശുന്ന ബേബി പൗഡറുകളും തലച്ചോർ നാശത്തിന് കാരണമാകാവുന്നതാണ്

# ഇല്ലാ കെയർ യൂണിറ്റ്

ഡോ.ജേക്കബ്ബ് വടക്കൻചേരി

ഇന്റൻസീവ് കെയർ യൂണിറ്റ് എന്നാണ് ഭാഷ്യം. ഐ.സി.യു എന്നാണ് ചുരുക്കപ്പേര്. ഫലത്തിൽ പലതും ഇല്ലാ കെയർ യൂണിറ്റുകളാണ്.

എറണാകുളത്തെ ആദ്യകാല ആശുപത്രികളിലൊന്നിൽ ഐ സി യുവിൽ കിടന്ന അച്ഛന്റെ ഡ്രിപ്പ് ഊരിപ്പോയതിനാൽ രക്തത്തിൽ കുളിച്ച് കിടന്നതും മോണിറ്ററുകൾ അസ്വാഭാവികത കാട്ടിക്കൊണ്ടിരുന്നതും ഭാഗ്യവശാൽ കടന്നു ചെന്ന അമ്മ കാണുകയായിരുന്നു എന്ന സംഭവം പരാതിയാക്കിയത് എം ബി ബി എസ് കഴിഞ്ഞ ഡോ.രാഹുൽ ആയിരുന്നു.

അതിനുശേഷം നിരവധി പേർ ഐസിയുവിലെ ഇല്ലാത്ത കെയറിനെ കുറിച്ച് പറഞ്ഞിട്ടുണ്ട്. 'എത്ര വിളിച്ചാലും ആരും തിരിഞ്ഞു നോക്കില്ലെന്നും' 'പച്ചവെള്ളം പോലും കിട്ടാതെ വലഞ്ഞുവെന്നും' 'രാത്രിയാണോ പകലാണോ എന്നറിയാൻ പോലും കഴിയാത്ത ദുരിതമായിരുന്നെന്നുമൊക്കെ' പരിതപിക്കുന്നവർ അനേകമാണ്.

"ബോധം വന്ന് വീട്ടിൽ പോകണമെന്നു പറഞ്ഞപ്പോൾ നേഴ്സ് ഒരു കുത്തു തന്നു. പിന്നെ എപ്പോഴോ കണ്ണു തുറന്നപ്പോൾ വീണ്ടും എനിക്കൊരു കുഴപ്പവുമില്ല; വീട്ടിൽ വിടണമെന്ന്' പറഞ്ഞതോടെ വീണ്ടും കുത്തു തന്നെ കിട്ടി. ഒടുവിൽ ബോധം വന്നപ്പോൾ കണ്ണുമടച്ചു തന്നെ കിടന്നു. ഭാര്യ വന്നപ്പോൾ കാര്യംപറഞ്ഞതോടെയാണ് പുറത്തിറങ്ങാനായത്."

ഐ സി യു എന്ന ഏകാന്ത തടവറയെ കുറിച്ചുള്ള ഇത്തരം കഥകൾ ഒറ്റപ്പെട്ടതാണെന്നു മാത്രം കരുതരുത്.

## പ്രസവ മുറിയിലെ തെറിവിളി

തെറിവിളിക്ക് പ്രശസ്തർ പോലീസുകാരെന്നാണ് വെയ്പ്. പക്ഷെ അവരെയും കടത്തിവെട്ടും പ്രസവമുറികളിലുള്ളവർ! സംശയമുണ്ടെങ്കിൽ ആശുപത്രികളിൽ പ്രസവം കഴിഞ്ഞ പത്ത് സ്ത്രീകളോട് ചോദിച്ചു നോക്കട്ടെ.

## അത്യാഹിത വിഭാഗം

അത്യാഹിതം കഴിഞ്ഞവർക്കുണ്ടാകുന്ന രണ്ടാമത്തെ അത്യാഹിതമാണ് പലയിടത്തെയും അത്യാഹിത വിഭാഗം. പല സ്ഥലത്തും 'കാടൻ പണിയാണ്' നടത്തുന്നത്. രോഗിയുടെ നിർഭാഗ്യാവസ്ഥയോട് കരുണയോ, കൂടുതൽ കേടുപറ്റാതിരിക്കാനുള്ള ജാഗ്രതയോ ഒന്നുമില്ലാതെ 'ചിന്തേരിടുന്ന മരപ്പണിക്കാരനെ' പോലെ മയമില്ലാത്ത പണി ചെയ്യുന്ന ചികിത്സകരും ധാരാളമുണ്ട്.

അത്യാഹിത വിഭാഗത്തിലെത്തുന്ന നല്ലൊരു ശതമാനവും റോഡപകടങ്ങളായിരിക്കുമെന്നത് കാര്യങ്ങൾ എളുപ്പമാക്കുന്നു. ഓടിക്കിതച്ചെത്തുന്ന ബന്ധുക്കളെ ഐ സി യു വിന് പുറത്തു നിർത്താനും ഇല്ലാത്ത ഗൗരവം നൽകി വേണ്ടാത്ത ചികിത്സകൾ ചെയ്യാനും പണമിറക്കാനും കഴിയും. എന്തു സംഭവിച്ചാലും ചോദിക്കാനും ആവില്ല.

അത്യാഹിത വിഭാഗങ്ങളിലെ കൊടും ക്രൂരതകളിൽ മനംനൊന്ത് കേരള ഹൈ

ക്കോടതിയിൽ കേസു നൽകിയത് ഒരലോപ്പതി ഡോക്ടറായ ഗണപതിയാണ്. അതോടെ കേരളത്തിലെ ആശുപത്രികളിലെ മസ്തിഷ്ക്ക മരണങ്ങൾ സ്വിച്ചിട്ടതുപോലെ നിന്നു!

കേന്ദ്ര സർക്കാർ സ്റ്റെന്റിന്റെ വില പത്തിലൊന്നായി കുറപ്പിച്ചതോടെ ഹൃദ്രോഗികൾക്ക് സ്റ്റെന്റിടലും  പത്തിലൊന്നായി കുറഞ്ഞു.

അത്യാഹിത വിഭാഗങ്ങളിലെ അടിയന്തിര ചികിത്സകളിൽ പലതിനും യാതൊരു ന്യായീകരണവുമില്ലാത്തതാണ്. വാഹനങ്ങൾ കയറി ചതഞ്ഞരഞ്ഞ മാംസപേശികളെ നേരെയാക്കാനോ അല്ലെങ്കിൽ സുഖപ്പെടുത്താനോ അത്ഭുതശക്തിയുള്ള ഒരു മരുന്നും ഭൂമുഖത്തില്ല. ശരീരം തന്നെയാണത് ശരിയാക്കേണ്ടത്. രക്തസ്രാവം തടയുക, ഒടിഞ്ഞ അസ്ഥികൾ യഥാസ്ഥാനത്ത് ചേർത്ത് വെയ്ക്കുക, തുന്നിചേർക്കേണ്ടത് തുന്നിച്ചേർക്കുക തുടങ്ങിയ പരിമിതമായ കാര്യങ്ങൾ മാത്രമാണ് ചികിത്സകർക്ക് ചെയ്യാനുള്ളത്. സുഖപ്പെടുത്തൽ ശരീരത്തിലെ പ്രാണന്റെ മാത്രം ജോലിയാണ്. അവിടെ ഉപയോഗിക്കുന്ന മരുന്നുകൾ കൂടുതൽ അപകടങ്ങൾ ഉണ്ടാക്കുക മാത്രമാണ് ചെയ്യുക.

കരളിനും കിഡ്നിക്കുമൊക്കെ തകരാർ വരുന്നവരിലും കാൻസർ രോഗികളിലും അത്യാഹിത വിഭാഗത്തിന്റെ ചികിത്സാ അത്യാഹിതം കൂടുതലായി കാണാൻ കഴിയും. അത്യാഹിതത്തെക്കാൾ അതിന്റെ പേരിൽ കഴിപ്പിക്കപ്പെടുന്ന മരുന്നുകളാണ് ആപത്തുണ്ടാക്കുന്നത്.

മറ്റ് വിഭാഗങ്ങളെയൊന്നും പഠിക്കാനും പരിശീലിക്കാനും സമ്മതിക്കാതെ ചികിത്സയുടെ കുത്തകാവകാശം പിടിച്ചടക്കിയിട്ടുള്ളതിനാൽ അപകടത്തിൽ പെടുന്നവർക്ക് അലോപ്പതി ആശുപത്രിയുടെ കെണിയിൽ പെടുകയല്ലാതെ മറ്റു മാർഗ്ഗങ്ങളുമില്ല.




**ഒക്ടോബർ**
**ഗാന്ധിജയന്തി മാസം**
**നേച്ചർ ലൈഫ് കേന്ദ്രങ്ങൾ സന്ദർശിക്കൂ...**
**ആരോഗ്യ ജീവിതത്തിൽ സ്വാശ്രയത്വം നേടൂ...**

**ഒക്ടോബറിൽ**
**നേച്ചർ ലൈഫ്**
**സന്ദർശിക്കുന്നവർക്ക്**

- **സുജീവിതം മാസിക സൗജന്യം**
- **ദിവസേന 2 മണിക്ക് പ്രകൃതി ജീവന ക്ലാസ്**
- **പ്രകൃതി പുസ്തകങ്ങൾക്ക് 10% കിഴിവ്**
- **ഒക്ടോബറിലെ ഏകദിന സെമിനാറുകളിൽ സൗജന്യ പ്രവേശനം**
- **ചികിത്സയിലുള്ളവരുമായി അനുഭവങ്ങൾ പങ്കിടാം.**

**സന്ദർശന സമയം:**
**രാവിലെ 9 മുതൽ**
**വൈകിട്ട് 6 വരെ**

വിളിക്കുക : **കോഴിക്കോട് – 9496044523, മണ്ണാർക്കാട് – 9496044507**
**ഇടപ്പള്ളി – 9496044509, ചമ്പക്കര– 9496044538, വെട്ടിക്കോട് – 9496044520**
**തിരുവനന്തപുരം (ഉറിയാക്കോട്) 9496044514**

**‘കാശുപത്രി’ എന്നല്ലാതെ മറ്റൊരു പേരും ചേരാത്ത വിധത്തിൽ കച്ചവട കേന്ദ്രങ്ങളായിരിക്കുന്നു ആശു പത്രികൾ എന്ന് സുജീവിതം പോസ്റ്റ്മോർട്ടമെഴുതി യാൽ സകലരും ചിരിക്കും. ‘ഇതിപ്പോ ആർക്കാണ റിയാൻ പാടില്ലാത്തത്’ എന്നു ചോദിക്കും!**



# കാശുപത്രിയുടെ പോസ്റ്റ്മോർട്ടം

ഡോ.ജേക്കബ്ബ് വടക്കൻചേരി

പോസ്റ്റ്മോർട്ടത്തിന്റെ ഒരാവശ്യവുമില്ലാത്ത വിധത്തിൽ കുടലും പണ്ടവുമെല്ലാം പുറത്തുചാടി സുജീവിതത്തിന്റെ മോർച്ചറിയിൽ കിടക്കുകയാണ് ‘ആശുപത്രി’.

അടങ്ങാത്ത ആർത്തി, കൊള്ള, കൊല, ചൂഷണം, ക്രൂരത, ചതി, വഞ്ചന, കബളിപ്പിക്കൽ, തെറ്റിദ്ധരിപ്പിക്കൽ, പിടിച്ചുപറിക്കൽ, ഗുണ്ടായിസം, ശവത്തെ വെച്ച് വിലപേശൽ, വിഷപ്രയോഗങ്ങൾ തുടങ്ങി ആശുപത്രിക്കുള്ളിൽ നിന്നും പുറത്തു ചാടാത്ത അക്രമങ്ങൾ ഇല്ലെന്നു തന്നെ പറയാം.

ആശുപത്രിയെ ജനസേവനമെന്നു കരുതി ജീവൻ സമർപ്പിച്ചവരുടെ കാലം പണ്ടേ കഴിഞ്ഞു. ജനസേവനമെന്നു കരുതി ആശുപത്രികൾ നടത്തുന്നവർക്കും ഫലമായുണ്ടാകുന്നത് ജനദ്രോഹം തന്നെയെന്ന് തിരിച്ചറിയാനാകും വിധത്തിൽ കാര്യങ്ങൾ വ്യക്തമാണ്.

‘കാശുപത്രി’ എന്നല്ലാതെ മറ്റൊരു പേരും ചേരാത്ത വിധത്തിൽ കച്ചവട കേന്ദ്രങ്ങളായിരിക്കുന്നു ആശുപത്രി എന്ന് സുജീവിതം പോസ്റ്റ്മോർട്ടമെഴുതിയാൽ സകലരും ചിരിക്കും. ‘ഇതിപ്പോ ആർക്കാണറിയാൻ പാടില്ലാത്തത്’ എന്നു ചോദിക്കും!

ഇഞ്ചോടിഞ്ച് വരുമാനം കൂട്ടാനുള്ള ‘അഗ്രസ്സീവ് മാർക്കറ്റിങ്ങിന്റെ’ കുതന്ത്രങ്ങൾ പഠിച്ചിറങ്ങിയിട്ടുള്ള എം.ബി.എ രക്തരക്ഷസ്സുകളാണ് ഇന്നത്തെ കാശുപത്രികളുടെ അധോലോകക്കാർ. അവരുടെ ‘ടാർഗറ്റ്ത്തുമ്പിലെ’ ആട്ടക്കാരാണ് ഡോക്ടർമാർ.

വെന്റിലേറ്ററും ഐ.സി.യുവുമൊക്കെ 80 ശതമാനവും നിറച്ചിരിക്കണമെന്നും, ഓരോ മാസവും കാശുപത്രിയുടെ ‘ആർത്തിഗ്രേഡ്’ നുസരിച്ചുള്ള ലക്ഷങ്ങളുടെയും കോടികളുടെയും മരുന്നുകൾ എഴുതിയിരിക്കണമെന്നും, ലാബ്ടെസ്റ്റുകൾ നിർദ്ദേശിച്ചിരിക്കണമെന്നും, സർജറികൾ ചെയ്തിരിക്കണമെന്നും, അവയവ മാറ്റങ്ങൾ നടത്തിയിരിക്കണമെന്നുമൊക്കെയാണ് ഡോക്ടർമാർക്കുള്ള കല്പനകളാകുന്നത്.

തേനൂറുന്ന പ്രലോഭനങ്ങളുമായി പരമാവധി ചികിത്സകളും സർജറികളും വിൽക്കാൻ പ്രേരിപ്പിക്കുന്ന മരുന്നു കമ്പനികളുടെ ‘ഹണിട്രാപ്പിൽ’ ആയിരുന്നു ഡോക്ടർമാർ. ഇപ്പോൾ ചാട്ടവാറിന്റെ ‘വിപ്പു’മായി എം.ബി.എക്കാർ ഡോക്ടർമാരെ ചുറ്റി വരിഞ്ഞിരിക്കുന്നു. അദൃശ്യരായ മരുന്നു കമ്പനിക്കാരും ദൃശ്യരായ മാനേജ്മെന്റ് മേധാവികളുമൊക്കെയായി ‘തകർക്കൂ രോഗീടെ കിഡ്നീം കരളും’ എന്ന് കെണിവെയ്ക്കേണ്ട ഗതികേടിലാണ് അത്യുന്നത അലോപ്പതി ആശുപത്രികളിലെ ഡോക്ടർമാർ. (അതിപ്പോൾ ആയുർവേദത്തിലേയ്ക്കും കയറി വരുന്നുണ്ടെന്ന കാര്യം മറക്കുന്നില്ല)

## കാശുപത്രി ആദ്യം പരിശോധിക്കുന്നത് കീശ!

രോഗിയെയാണിവിടെ പരിശോധിക്കുന്നത് എന്നു പറഞ്ഞാൽ അതിലൊരു ശരിയും അത്രതന്നെ തെറ്റുമാണുള്ളത്. രോഗിയുടെ കീശ പരിശോധിക്കുന്നതും ഫലത്തിൽ രോഗിയെ പരിശോധിക്കൽ തന്നെയാണല്ലോ.

“അപ്പൂപ്പാ... മക്കളും മക്കളുടെ മക്കളുമൊക്കെ എവിടെയാണെന്ന” തേൻസ്നേഹം വഴി

ഞ്ഞൊഴുകുന്ന ചോദ്യം വൻകിട കാശുപത്രികളുടെ മുന്നിൽ ത്തന്നെ അണിഞ്ഞൊരുങ്ങിയൊരുമ്പെട്ടിരിക്കുന്ന ലലനാമണികൾ ചോദിക്കുമ്പോൾ 'എന്തൊരു സ്നേഹം... എന്തൊരു പരിഗണന'യെന്നേ പാവം അപ്പൂപ്പൻ കരുതത്തൊള്ളൂ.

പഴയ പനയിപ്പോൾ ആധുനിക കാശുപത്രിയായിരിക്കുന്നതും ചുണ്ണാമ്പിനു പകരം യക്ഷി ചോദിക്കുന്നത് വിദേശത്തുള്ള മക്കളെക്കുറിച്ചാണെന്നും പുതുതലമുറയ്ക്കറിയില്ലല്ലോ.

കാശുപത്രിയിലേയ്ക്കെത്തിയ വാഹനം, അണിഞ്ഞിരിക്കുന്ന ആഭരണം, വസ്ത്രം, പരിചാരകരുടെ എണ്ണം കൈയ്യിലെ വാച്ച്, ചെരിപ്പിന്റെ വില ഒക്കെ അവലോകനം ചെയ്ത റിപ്പോർട്ട് രോഗിക്കു മുന്നേ 'അസസ്' ചെയ്ത് ഡോക്ടർക്കു മുന്നിലെത്തിയിരിക്കും. അതനുസരിച്ചാണ് എത്ര മൂർച്ചയുള്ള കത്തിയാണുപയോഗിക്കേണ്ടതെന്നു തീരുമാനിക്കുക.


**ആവശ്യമുണ്ട്**

**പ്രകൃതി ജീവന പ്രചരണത്തിനും നേച്ചർ ലൈഫ് സ്ഥാപനങ്ങളുടെ നടത്തിപ്പിനും.**

**പ്രകൃതി ഭക്ഷണവും ലളിതമായ താമസവും ആകർഷകമായ ശമ്പളവും**

മാനേജർ
നേച്ചർ ലൈഫ്
ഇന്റർനാഷണൽ
ചമ്പക്കര, വൈറ്റില,
കൊച്ചി–38
ഫോൺ : 9496044521


## ചികിത്സ നിശ്ചയിക്കുന്നത് കാശു തന്നെ!

അതെ, അതെയെന്നു സമ്മതിക്കാൻ കാശുപത്രികൾക്ക് യാതൊരു മടിയുമില്ല. രോഗിയുടെ സാമ്പത്തിക അവസ്ഥ അറിഞ്ഞിട്ട് ചികിത്സ തീരുമാനിച്ചാൽ മതി എന്നതാണ് 'ആധുനിക വൈദ്യോപദേശം.'

രോഗാവസ്ഥ എന്താണ്; ശരീരത്തിന് രോഗമുക്തിക്കാവശ്യമായതെന്താണ് എന്ന ചോദ്യമാണ് ചികിത്സയിൽ ഉയരേണ്ടത്. എന്നാലിവിടെ ഏതു ചികിത്സയാണ് രോഗിയുടെ ധനസ്ഥിതിക്ക് ചേരുന്നതെന്ന ചോദ്യം ഒരു മര്യാദയായും നീതിയായും അംഗീകരിക്കപ്പെട്ടിരിക്കുകയാണ്.

ഏതെടുത്താലും പത്ത് രൂപയെന്നു തുടങ്ങി തർക്കിക്കുന്തോറും തുക കുറയുന്നതും, തർക്കത്തിനൊന്നും തോന്നാത്ത വിധത്തിൽ മാസ്മരികാന്തരീക്ഷമൊരുക്കിയ വമ്പൻ ഷോപ്പുകളിലെ ഉല്പന്നങ്ങളും എല്ലാമുള്ള ചന്തയിൽ പലപല ക്വാളിറ്റി ഉല്പന്നങ്ങളും വില്പനയുമെന്നത് മനസിലാക്കാനാകും. പക്ഷെ 'രോഗചികിത്സ' എന്നത് കാശിനനുസരിച്ചെന്നുള്ളതിന്റെ യുക്തിയും ശാസ്ത്രീയതയും ആശുപത്രികളുടെ പോസ്റ്റ്മോർട്ടത്തിനു പോലും പിടി കിട്ടാത്തതാണ്.

## കേസും ശിക്ഷയും വിനീത പ്രതിയും

കേസുകൾ പോലീസ് സ്റ്റേഷനുകളിലും കോടതികളിലും മാത്രമാണെന്നു കരുതിയെങ്കിൽ തെറ്റി. ശരിയായ കേസുകൾ ചാർജ്ജ് ചെയ്യുന്നതും ക്രൂരവും കഠിനവുമായ ശിക്ഷാമുറകൾ പ്രയോഗിക്കുന്നതും 'പുലിക്കോടന്മാരേക്കാൾ' ഭീകരമായി ഡോക്ടർമാരാണ്.

കാശുപത്രികളിലെത്തുന്ന ഓരോ രോഗിയും ഓരോരോ 'കേസാണ്. 'കേസ്ഷീറ്റുകൾ' പ്രത്യേകമായി തയ്യാറാക്കപ്പെടുന്നു. വിഷം ചീറ്റിക്കൽ, വിഷം കുടിപ്പിക്കൽ, വിഷം വിഴുങ്ങിക്കൽ, വിഷം പുരട്ടൽ, ജീവനോടെ ചുട്ടു കരിക്കൽ, പരാതിപ്പെടുന്ന അവയവങ്ങളെ കീറിമുറിക്കൽ (ഓരോരോ കാരണങ്ങൾ കൊണ്ട് തകരാറിലായ അവയവങ്ങൾക്കാണ് സർജറികൾ! കാരണങ്ങൾക്ക് ഒരു കുഴപ്പവുമില്ല; പരിഹാരവുമില്ല) തുടങ്ങിയ ശിക്ഷാമുറകളാണ് പിന്നീടരങ്ങേറുന്നത്.

## തട്ടിപ്പിന്റെ ലാബ് ടെസ്റ്റുകൾ

ലാബ് തന്നെ പലപ്പോഴും തട്ടിപ്പ്. ലാബ് ടെസ്റ്റുകൾ അതിലേറെ തട്ടിപ്പ്. അതിൻപ്രകാരമുള്ള ചികിത്സയാകട്ടെ അതിഭീകര തട്ടിപ്പ്.

"നിരവധി ലാബ് ടെസ്റ്റുകൾ അപകട സാധ്യതകൾക്ക് ഇടയാക്കുന്നവയാണ്. ഇതിൽ ഒരു ടെസ്റ്റിനെയും മുഴുവനായും വിശ്വസിക്കാനുമാകില്ല. ലാബ് ടെസ്റ്റുകളിൽ രോഗമില്ലാത്തവരെ രോഗികളാക്കുന്ന ഫാൾസ് പോസിറ്റീവ്; രോഗമുള്ളവരെ രോഗമില്ലാത്തവരാക്കുന്ന 'ഫാൾസ് നെഗറ്റീവ്' റിപ്പോർട്ടുകൾ ഉണ്ടാകാറുണ്ട്. (ഡേവിഡ്സൺസ് പ്രിൻസിപ്പിൾ ആന്റ് പ്രാക്ടീസ് ഓഫ് മെഡിസിൻ)

ആത്മാർത്ഥമായിത്തന്നെ ചെയ്യുന്ന ലാബ് ടെസ്റ്റുകൾ പോലും വിശ്വസിക്കാൻ കൊള്ളാത്തതായിരിക്കുമ്പോഴാണ് കൈപ്പിഴകളും, അശ്രദ്ധയും, സാമ്പിൾ മാറിപ്പോകലും, നിരന്തരമായി നടക്കുന്നത്. ലാബിനെ ലാഭകരമാക്കാനുള്ള ടെസ്റ്റെഴുതിക്കൂട്ടൽ സകല കാശുപത്രികളുടെയും പതിവു പരിപാടിയാണ്.

## ലാബ് റിപ്പോർട്ട് ശാസ്ത്രീയമോ?

ശാസ്ത്രീയമാണെങ്കിൽ ഒരാശുപത്രിയിലെ ടെസ്റ്റ് റിപ്പോർട്ട് മറ്റെല്ലാ കാശുപത്രികളും സ്വീകരിക്കുമായിരുന്നു! മറ്റൊരാശുപത്രിയിലെ ലാബ് റിപ്പോർട്ട് ലോകത്തെ ഒരു കാശുപത്രിയും സ്വീകരിക്കില്ല! എന്താണിതിന്റെ അർ

ത്ഥം? ഒക്കെ തട്ടിപ്പാണെന്ന് എല്ലാവർക്കുമറിയാവുന്നതു തന്നെ. അപ്പുറത്തെ കാശുപത്രിയുടെ തട്ടിപ്പ് ഏതാണെന്നും എന്താണെന്നും ഇപ്പുറത്തെ കാശുപത്രി എങ്ങനെ അറിയും?

മൂന്നും നാലും ടെസ്റ്റുകളെഴുതുമ്പോൾ ലാബ് ടെക്നിഷ്യന് പരിശോധിക്കേണ്ടത് ഒന്നു മാത്രമായിരിക്കും. ബാക്കിയുള്ളത് സിങ്കിൽ ഒഴിച്ചു കളയും. ഒരുവിധം ഒപ്പിച്ചൊരു ഫലം എഴുതുകയും ചെയ്യും. 'സിങ്ക്ടെസ്റ്റ്' എന്നാണിതിനെ മെഡിക്കൽ സാഹിത്യം വിളിക്കുന്നത്. ആശുപത്രിയുടെ പോസ്റ്റ്മോർട്ടത്തിൽ നിറയെ കാണാനാകുന്നത് സിങ്ക് ടെസ്റ്റുകളും അനാവശ്യ ടെസ്റ്റുകളുമൊക്കെയാണ്. അതുകൊണ്ടു കൂടെയാണ് മറ്റൊരാശുപത്രിയും ഈ ടെസ്റ്റുകളെ വിശ്വസിക്കാത്തതും വീണ്ടുമെടുക്കാൻ ആവശ്യപ്പെടുന്നതും.

## മരുന്നുകൾ 'ചാത്തൻസ്?'

നല്ലൊരു ശതമാനം കാശുപത്രികളിലെയും മരുന്നുകൾ 'ചാത്തൻസ്' ആണത്രെ! ട്രേയിലിട്ട് നേഴ്സുമാർ കൊണ്ടു വരുന്ന ഗുളികകൾ ആര്? എവിടെ എപ്പോൾ? ഉണ്ടാക്കിയെന്ന ചോദ്യമൊന്നും ചോദിക്കാനാകില്ലല്ലോ. വാ തുറക്കുക, വിഴുങ്ങുക. നല്ലൊരു ശതമാനവും ഡ്യൂപ്ലിക്കേറ്റ് മരുന്നുകളാകാം. ഡോക്ടർമാർ പോലും അറിയാത്ത കളികളാണ് വൻകിട കാശുപത്രികളിൽ!

## രോഗി എന്ന പരീക്ഷണ മൃഗം

നിലവിലുള്ള എല്ലാ മരുന്നുകളും അപകടകാരികളായതിനാലും നിരന്തരമായി പുതിയ മരുന്നുകൾക്കു വേണ്ടിയുള്ള പാഴ്പരിശ്രമത്തിലാണ് മരുന്നു കമ്പനിക്കാർ.

ലാബ് പരീക്ഷണങ്ങളും മൃഗപരീക്ഷണങ്ങളും കഴിഞ്ഞാൽ മനുഷ്യരിൽ പരീക്ഷിക്കണം. ആയിരക്കണക്കിന് മനുഷ്യരിൽ പരീക്ഷിച്ച ശേഷം കുഴപ്പങ്ങൾ പെട്ടെന്നൊന്നും ഉണ്ടാകുന്നില്ലെന്ന തെളിയിച്ചാൽ മാത്രമാണ് മനുഷ്യജീവന് അല്പമെങ്കിലും വിലയുള്ള രാജ്യങ്ങളിൽ മരുന്നിന നുമതി കിട്ടുക. ഇന്ത്യയിലല്ലാതെ മറ്റെവിടെയാണ് അത്തരം പരീക്ഷണങ്ങൾ സുരക്ഷിതമായി നടത്താനാകുക? ഇന്ത്യയിൽത്തന്നെ മരുന്നിൽ ശാസ്ത്രാന്ധവിശ്വാസമുള്ള കേരളത്തിലല്ലേ പരീക്ഷണം ഏറ്റവുമെളുപ്പം? കേരളത്തിലെ പ്രമുഖ ആശുപത്രികളിലെല്ലാം രോഗികളറിയാതെ ആശുപത്രിക്കാർ നടത്തിയ അനേകം മരുന്നു പരീക്ഷണങ്ങൾ വലിയ വാർത്തയായി. അതു തന്നെ വലിയ കാര്യമെന്ന മട്ടിൽ ബാക്കിയൊക്കെ പുക പോലെയായി.

ഞെട്ടിപ്പിക്കുന്ന ഭീകരതയാണ് മരുന്നു പരീക്ഷണങ്ങളിൽ. തൃക്കാക്കരയിലെ ശ്മശാനം സൂക്ഷിപ്പുകാരിയുടെ വാക്കുകൾ മാത്രം മതി അത് വ്യക്തമാക്കാൻ. "ഐ.സി.യുവിൽ കിടന്ന് മരിക്കുന്നവരുടെ മൃതദേഹങ്ങൾ അഴുകുന്നില്ല." വാരാണാസിയിലെ ശവദഹനക്കാരുടെ പരാതി മറ്റൊന്നാണ്; "ഐ.സി.യുവിൽ നിന്നുമെത്തുന്ന ശവങ്ങൾ ദഹിപ്പിക്കാൻ വിറക് കൂടുതൽ വേണം. നീല നിറത്തിലാണ് നാളങ്ങൾ" ഏതെല്ലാം വിഷങ്ങളാണ് മരുന്നു പരീക്ഷണങ്ങളിൽ കയറിയിട്ടുള്ളതെന്നറിയില്ലല്ലോ? ഗംഗയുടെ കരയിൽ കഴുകന്മാർ കൂട്ടത്തോടെ ചാകുന്നത് പഠിച്ചവർ കണ്ടെത്തിയത് പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. 'മരുന്നു പ്രയോഗങ്ങൾ നടത്തിയ ശവങ്ങൾ കൊത്തിത്തിന്നതാണ് കഴുകന്മാരുടെ കൂട്ട മരണങ്ങൾക്കു കാരണം.'

കാശുപത്രികൾ പച്ച മനുഷ്യരെ തിന്നുന്നു; കഴുകന്മാർ ചത്തവരെയും.

## ശവത്തിന് അടിയന്തിര സർജറി

കാശുപത്രികളുടെ പോസ്റ്റ്മോർട്ടത്തിൽ തെളിഞ്ഞു കാണുന്നത് ശവങ്ങളിലെ 'വിജയകരമായ ചികിത്സയാണ്.' ശവങ്ങളിൽ




കുത്തിക്കയറ്റുന്ന മരുന്നുകൾ കാരണം പോസ്റ്റ്മോർട്ടം ഫലപ്രദമായി നടത്താൻ കഴിയുന്നില്ലെന്ന് ഔദ്യോഗികമായി പരാതിപ്പെടുകയായിരുന്നു എറണാകുളം ജില്ലയിലെ പോലീസ് സർജന്മാർ!

ഇന്ത്യയിലെ ഡോക്ടർമാർ പണമുണ്ടാക്കുന്ന പത്തുവഴികൾ എന്ന ലേഖനത്തിൽ പ്രശസ്ത ഹൃദ്രോഗ വിദഗ്ധൻ ഡോ.ബി. എം. ഹെഗ്ഡേ എഴുതിയത് 'ശവത്തിന് അടിയന്തിര സർജറി' എന്നാണ്. ഹൈദ്രബാദിൽ ഒരു സംഘടന അത് തെളിയിക്കുകയും ചെയ്തു. ജനറൽ ആശുപത്രിയിൽ വെച്ച് മരിച്ചയാളുടെ ശവശരീരം അടുത്തുള്ള വമ്പൻ കാശുപത്രിയിലെത്തിച്ചത് മരണ സർട്ടിഫിക്കറ്റ് കൂടെ വാങ്ങിയ ശേഷമായിരുന്നു. അടിയന്തിര സർജറിക്കുള്ള പണമടക്കാനായിരുന്നു കല്പന!

## കള്ളുമുതലാളിയുടെ കാശുപത്രിയിൽ നിന്ന് നന്മയോ?

കള്ളുമുതലാളിയും കഴുത്തറപ്പൻ പലിശക്കാരനുമൊക്കെയാണ് പല കാശുപത്രികളുടെയും മുതൽമുടക്കുകാർ. പിന്നെ പണം കൊണ്ട് പണത്തെയെറിഞ്ഞ് വീഴ്ത്താനറിയാവുന്ന കച്ചവടക്കാർ. ഇവരൊക്കെ നടത്തുന്ന ആശുപത്രികൾ കാശുപത്രിയാകാതെയായിരിക്കുമോ?

ആശുപത്രികളുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് നൽകുന്ന താക്കീത് 'വല്ല നിവൃത്തിയുമുണ്ടെങ്കിൽ അങ്ങോട്ട് പോകരുത്' എന്നാണ്. ആരോഗ്യമുള്ള വരെ പോലും രോഗികളാക്കുന്ന 'ഹൈവോൾട്ടേജ്, റേഡിയേഷൻ, മരുന്നുകളുടെ വിഷഗന്ധം, ചികിത്സകളുടെ കെണികൾ ഒക്കെയാണവിടെയുള്ളത്.



ഗുരു പ്രപഞ്ചത്തിലൂടെ

# സായിപ്പിന്റെ രോഗമെന്ന ഉൽപ്പന്നം

**ലോ**കം മുഴുവൻ, കച്ചവടം ചെയ്യാനെന്ന വ്യാജേന വന്ന് കള്ളക്കച്ചവടം നടത്തി, കൊടിയ ചതികളിലൂടെയും വഞ്ചനകളിലൂടെയും ലോക ജനതകളെ ചൂഷണം ചെയ്ത്, ക്രൂരമായി അടിച്ചമർത്തി അതിഭീകരമായി കൊന്നൊടുക്കി അടിമത്തം സാർവത്രികമാക്കിയ ചരിത്രമാണ് വെള്ളക്കാർക്കുള്ളത് – കൊടും ചതികളുടെ, ക്രൂരതകളുടെ കോടിക്കണക്കിന് ആളുകളുടെ ഉന്മൂലനങ്ങളുടെ ചരിത്രം.

ഇവയെല്ലാം ആരംഭിക്കുന്നത് വെള്ളക്കാരുടെ 'കള്ളക്കച്ചവടം' എന്ന പദത്തിൽ നിന്നും 'കള്ള ഉൽപ്പന്നങ്ങൾ' എന്ന പദത്തിൽ നിന്നുമാണ്. കള്ള ഉൽപ്പന്നങ്ങളും കള്ളക്കച്ചവടവും കൂട്ടിച്ചേർത്താൽ, അവയ്ക്ക് മേമ്പൊടിയായി കടുത്ത ചതിയും വഞ്ചനയും തൂവിയാൽ വെള്ളക്കാരായി – വെള്ളക്കാരുടെ ചരിത്രമായി.

ആധുനിക ലോകത്തിലെ ഭൂരിഭാഗമെല്ലാം ഉൽപ്പന്നങ്ങളും വെള്ളക്കാരാൽ നിർമ്മിതമാണെന്നത് ഒരു ഞെട്ടിക്കുന്ന യാഥാർത്ഥ്യമാണ്. എല്ലാം അവരാൽ സൃഷ്ടിക്കപ്പെട്ട്, പ്രചരിപ്പിക്കപ്പെട്ട്, വളർത്തപ്പെട്ട് നിലനിർത്തപ്പെടുന്നു. അവരുടേതല്ലാത്തവ, അവർ സൃഷ്ടിക്കാത്തവ ഉൽപ്പന്നങ്ങളായി കാണപ്പെടുന്നുമില്ല. അതായത് ഉൽപ്പന്നമെന്നാൽ 'വെള്ളയാണ്,' വെള്ള ഉൽപ്പന്നമാണ്; മറ്റൊരു തരത്തിൽ പറഞ്ഞാൽ ഉൽപ്പന്നങ്ങൾ അവരുടേത് 'മാത്ര'മാകുന്നു. അവരല്ലാത്തവരെല്ലാം ഈ ഉൽപ്പന്നങ്ങളുടെ അടിമകളും!

എന്തും ഏതും ഉൽപ്പന്നമാക്കി മാറ്റി കള്ളക്കച്ചവടം ചെയ്യുന്ന ഇവർക്ക് വ്യക്തി–കുടുംബ–സാമൂഹ്യ–സാംസ്കാരികമായതടക്കമുള്ള എല്ലാം കച്ചവടത്തിനുള്ള വെറും ഉൽപ്പന്നങ്ങൾ മാത്രം. മാനുഷിക സംസ്കാരിക മൂല്യങ്ങൾ ഒരിക്കലും ഈ വെള്ള കള്ള കച്ചവടത്തിൽ വരുന്നില്ല.

വെള്ള ഉൽപ്പന്നങ്ങൾ ആളുകളിൽ എത്തിക്കുവാൻ ഒരു പ്രത്യേക 'വെള്ള സംവിധാനം' തന്നെ അവർ നടപ്പിൽ വരുത്തിയിട്ട് നൂറ്റാണ്ടുകളായിരിക്കുന്നു. കാലാനുഗതമായ ചതി പരിഷ്കാരങ്ങളിലൂടെ! നിർമ്മാണം, പ്രചാരണം, പാക്കേജിങ്ങ്, വിതരണം, മാർക്കറ്റ് വളർത്തിയെടുക്കൽ, കൂടുതൽ പ്രചാരണം എന്നിങ്ങനെ പോകുന്നു അത്. എല്ലാറ്റിലും ഇതേ രീതി തന്നെ; ഒരു മാറ്റവുമില്ല.

നമ്മളുടെ സമൂഹങ്ങളിലെ 'രോഗങ്ങളുടെ കാര്യത്തിലും ഇതു തന്നെ സത്യം.' വെള്ളകള്ളക്കച്ചവടത്തിന്റെ വെറും ഉൽപ്പന്നങ്ങളാണ് അവ–രോഗോൽപ്പന്നങ്ങൾ! ആദ്യം ഈ രോഗോൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നു. അഥവാ സൃഷ്ടിച്ചെടുക്കുന്നു, പലതരം മനസ്സിലാകാത്ത നിരർത്ഥകമായ പേരുകൾ ഇട്ടുകൊണ്ട്! സൃഷ്ടിയും പേരിടലും കഴിഞ്ഞാൽ പിന്നെ അവയുടെ പ്രചാരണമായി. അതിനുവേണ്ട എല്ലാ സംവിധാനങ്ങളും 'വെള്ളക്കച്ചവടക്കാരുടെ' കയ്യിൽ എപ്പോഴും തയ്യാർ! പരസ്യങ്ങളായും ശാസ്ത്രവാർത്താ ശകലങ്ങളായും കള്ളവെള്ള ശാസ്ത്രത്തിന്റെ പൃഷ്ടം താങ്ങികളുടെ അറിവു പകരുന്ന ഭാഷണങ്ങളായും വാമൊഴിയായും വരമൊഴിയായും ഊഹാപോഹങ്ങളായും സ്വപ്ന വിശദീകരണങ്ങളായും അവ ജനഹൃദയങ്ങളാകുന്ന മാർക്കറ്റുകളെ പിടിച്ചടക്കുന്നു; അടിമപ്പെടുത്തുന്നു!

ബ്രാൻഡും ബ്രാൻഡ് അമ്പാസിഡർമാരും ഈ രോഗോൽപ്പന്നങ്ങൾക്കുമുണ്ട്. സമൂഹങ്ങളിൽ ചലച്ചിത്രങ്ങളിലൂടെയും മറ്റും പ്രശസ്തരായവരെ, ഇവർ പടച്ചിറക്കുന്നു. രോഗോൽപ്പന്നങ്ങളുടെ ബ്രാൻഡ് അമ്പാസിഡർമാരായി (ഭ്രാന്ത് അമ്പാസിഡർമാരായി!) പ്രഖ്യാപിച്ച് വളർത്തിയെടുക്കുന്നു. ഈ 'ഭ്രാന്ത് അമ്പാസിഡർമാരുടെ' സ്വീകരണത്തിലൂടെ സമൂഹത്തിലേക്കും ജനമനസ്സുകളിലേക്കും ഈ വെള്ള ഉൽപ്പന്ന ഭ്രാന്ത് വ്യാപകമാക്കപ്പെടുന്നു. റോക്ക് വിഡ്സൺ എയ്ഡ്സിന്റെയും റൊണാൾഡ് റീഗൻ അൽഷെമേഴ്സിന്റെയും, ആഞ്ജലീന ജോളി– ബ്രെസ്റ്റ് കാൻസറിന്റെയും (അതിലൂടെ സ്ത്രീകളെ മുഴുവൻ ഭയപ്പെടുത്തി 'പ്രിവന്റീവ്' ആയി പ്രകൃതി നൽകിയ സ്തനങ്ങൾ ചുമ്മാ മുറിച്ചു കളയുന്ന ഫാഷൻ നടപ്പാക്കൽ), യുവരാജ് സിങ്, മനീഷ കൊയ്‌രാള, മംമ്ത മോഹൻദാസ്, ഇന്നസെന്റ് എന്നിവർ കാൻസറിന്റെയും ഭ്രാന്ത് അമ്പാസിഡർമാരാക്കപ്പെട്ടു. ഈ ഭ്രാന്ത് അമ്പാസിഡർമാർ പറയുന്നതെല്ലാം തൊണ്ട തൊടാതെ വിഴുങ്ങുന്ന ജനം ഈ വെള്ള രോഗോൽപ്പന്നങ്ങളെകൂടിയാണ് തൊണ്ട തൊടാതെ

വിഴുങ്ങുന്നതെന്നുള്ള 'തിരിച്ചറിവാണ്' നമ്മളുടെ സമൂഹത്തിന് ഏറ്റവും അത്യാവശ്യമായിട്ടുള്ളത്, അഥവാ എല്ലാവരും ഹൃദിസ്ഥമാക്കേണ്ടതായിട്ടുള്ളത്.

മറ്റെല്ലാ പരസ്യങ്ങളിലെയും പോലെത്തന്നെ ഈ രോഗോൽപ്പന്ന പരസ്യങ്ങളിലും പറയപ്പെടുന്നത് സത്യമല്ല എന്ന തിരിച്ചറിവാണ് ഇന്ന് ഏറ്റവും അത്യാവശ്യമായിട്ടുള്ളത്. ഇത്തരത്തിലുള്ള ഭ്രാന്ത് അമ്പാസിഡർമാരുടെയും രോഗം മോഹിപ്പിച്ച് വാങ്ങിപ്പിക്കുന്ന പരസ്യങ്ങളുടെയും, രോഗപ്രചാരണത്തിനായി ആളുകളെ ആകർഷിച്ച് പിടിക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകളുടെയും, ലോകാരോഗ്യ സംഘടനയുടെ '100 കൊല്ലം മുൻകൂട്ടിയുള്ള മുന്നറിയിപ്പ്' തുടങ്ങിയ മറ്റ് പരസ്യത്തട്ടിപ്പുകളുടെയും 'സമ്പൂർണമായ' തിരസ്കാരത്തിലൂടെ മനുഷ്യസമൂഹത്തിന് ഈ വെള്ള രോഗകച്ചവടക്കാരിൽ നിന്നും രോഗോൽപ്പന്നങ്ങളിൽ നിന്നും രക്ഷ നേടാൻ സാധിക്കും.

എന്തൊക്കെ പറഞ്ഞാലും, എത്രയൊക്കെ ആകർഷണീയമായി പറഞ്ഞാലും എത്ര വർണശബളമായ പൊതിക്കെട്ടുകൾക്കുള്ളിലാക്കിത്തന്നാലും, ഡിസ്കൗണ്ട് തന്നാലും, ഒന്നിന്റെയൊപ്പം വേറൊന്ന് ഫ്രീയായി തന്നാലും എന്തൊക്കെ ചെയ്താലും ഈ കള്ള വെള്ള രോഗോൽപ്പന്നങ്ങൾ 'വേണ്ട' എന്നു പറയുന്നിടത്തവസാനിക്കുന്നു ഇവയെല്ലാം. 'വേണ്ട' എന്ന് ശക്തിയായി പറയാനുള്ള സമ്പൂർണ്ണമായി ഈ രോഗോൽപ്പന്നങ്ങളെ തിരസ്കരിക്കാനുള്ള അറിവും ശക്തിയുമാണ് നാം ഇന്ന് ആർജ്ജിച്ചെടുക്കേണ്ടത്.

"എനിയ്ക്കു വേണ്ടെന്ന മൂലമന്ത്രം / ഒരായിരം വട്ടമുരുവിട്ടെന്നാൽ

നിശ്ചയമായെങ്ങോ മറഞ്ഞുപോകും / പാശ്ചാത്യരുയർത്തുമീ രോഗബാധ."

– ഗുരു ചൊല്ലി നിർത്തി




സെപ്തംബർ മാസത്തിലെ മരുന്നിന്റെ പോസ്റ്റ്മോർട്ടം ഗംഭീരമായി! ചരിത്രത്തിലാദ്യമായി മരുന്ന് പോസ്റ്റ്മോർട്ടം ചെയ്യപ്പെട്ടു. പോസ്റ്റ്മോർട്ടത്തിൽ മരുന്ന് വിഷമാണെന്ന് വ്യക്തമായി മനസ്സിലാക്കിയതോടു കൂടി പോസ്റ്റ്മോർട്ടം റിപ്പോർട്ടിനെ വിശ്വസിക്കുന്ന അഥവാ വിശ്വസിക്കുന്നതായി അഭിനയിക്കുന്ന 'ഇംഗ്ലീഷ് ഗുളിക വിഴുങ്ങികൾക്ക്' ഇനിയെങ്കിലും വിഷം കഴിക്കൽ നിർത്താം. ഇംഗ്ലീഷ് മരുന്നിന്റെ കള്ളത്തരത്തിലേക്കുള്ള തികച്ചും നൂതനമായ ഒരു ആക്രമണമായിരുന്നു അത്. വളരെ നന്നായിരുന്നു.

**സുസ്മ സോമൻ,** *മറ്റം, തൃശൂർ*

'ഗുരുപ്രപഞ്ചത്തിലൂടെ' എന്ന ലേഖനം വായിച്ചു. വ്യത്യസ്ത തലത്തിലുള്ള ഒരു സമീപനമായാണ് എനിക്ക് തോന്നിയത്. പത്രമാധ്യമങ്ങളാണ് യഥാർത്ഥത്തിൽ ഭീതിജനകവും മനുഷ്യ നാശകവുമായ ബഹുഭൂരിഭാഗം രോഗങ്ങളും സൃഷ്ടിച്ച് പ്രചരിപ്പിക്കുന്നതെന്ന ഞെട്ടിക്കുന്ന തിരിച്ചറിവാണ് ആ ലേഖനം തന്നത്. സത്യമേവ ജയതേ.

**വി. ഗോപാലകൃഷ്ണൻനായർ**
*ഗുരുവായൂർ*

'പ്രകൃതി പ്രഥമ ചികിത്സകൾ 100' എന്ന പുസ്തകത്തിൽ നിന്നുള്ള കുറിപ്പുകൾ ശ്രദ്ധേയമായി. പ്രഥമ ശുശ്രൂഷാ രംഗത്ത് ഓരോ വീട്ടിലും കരുതി വെക്കേണ്ട ഗ്രന്ഥമാണ് എന്നുള്ളതിന് സാക്ഷ്യം വഹിക്കുന്നതാണ് അതിലെ ഓരോ കുറിപ്പും. പുസ്തകത്തിന്റെ പൂർണ്ണ രൂപത്തിലുള്ള പ്രസിദ്ധീകരണത്തിന് കാത്തിരിക്കുന്നു.

**രഞ്ജിത്ത് രാമൻ,** *ബാംഗ്ലൂർ*


## പ്രകൃതി നേഴ്സിങ്ങ് കോഴ്സ്
### നേച്ചർ ലൈഫ് ശാഖകളിൽ

**2017 ഒക്ടോബർ മുതൽ 2018 മാർച്ച് വരെ**

അടിസ്ഥാന യോഗ്യത : 10-ാം ക്ലാസ്
(പ്രായപരിധി ഇല്ല)

ഫീസ് : 2000
(നേച്ചർ ലൈഫ് സ്കോളർഷിപ്പ് ലഭ്യമാണ്)

*ഇന്നു തന്നെ അപേക്ഷിക്കുക:*

**മാനേജർ**
**നേച്ചർ ലൈഫ് ഇന്റർനാഷണൽ**
**ചമ്പക്കര, വൈറ്റില, കൊച്ചി – 36**
**ഫോൺ : 9496044538**



കൽപറ്റ നാരായണൻ

# ബഷീറിന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

മങ്ങിയ വെളിച്ചത്തിൽ അർദ്ധനഗ്നനായ ബഷീറിന് ഗാന്ധിയാവാനുള്ള പ്രവണതയുണ്ട്. അവിദഗ്ധനായ ഒരു ചിത്രകാരൻ ഗാന്ധിയെ വരച്ചാൽ ഉണ്ടാകുന്ന ഒരു സാധ്യത ബഷീറാണ്. ഈ ഛായ മനഃപൂർവ്വമാണെന്ന് നടിക്കാൻ വേണ്ടുന്ന കാവ്യനീതി ബഷീർ സാഹിത്യത്തിലുമുണ്ട്. ബഷീറിൽ ഒരു ഗാന്ധിയൻ ടച്ച് ഉണ്ടെന്ന് 'അമ്മ' എന്ന കഥയിൽ ബഷീർ തന്നെ പറയുന്നു. "ഉമ്മാ ഞാൻ ഗാന്ധിയെ തൊട്ട്." മകൻ എന്ത് ഭയങ്കര ജീവിയെയാണ് തൊട്ടതെന്ന് ഉമ്മ അന്ധാളിക്കുന്നു. തൊട്ടവരുടെ തൊട്ടവരുടെ, പഠിപ്പ് നിലയ്ക്കുകയും തൊഴിൽ നഷ്ടപ്പെടുകയും പീഡനമേൽക്കുകയും ജയിലലടക്കപ്പെടുകയും ചെയ്തിരുന്ന കാലത്ത് ഗാന്ധി ഒരു ഭയങ്കര ജീവി തന്നെയായിരുന്നു. പ്രത്യേകിച്ച് കുടുംബത്തിൽ മുഴുകിക്കഴിഞ്ഞവരുടെ കണ്ണിൽ. (ഉദ്ദേശിച്ചതിലും വലിയ കാര്യങ്ങൾ പറയുന്നവരാണ് ബഷീറിന്റെ കഥാപാത്രങ്ങൾ) ഒരുപക്ഷെ ഒരിക്കൽ "ഭഗത് സിംഗ് മീശ" വെച്ചിരുന്ന ബഷീർ മനഃപൂർവ്വം വെച്ചതാവില്ല ഈ ഛായ. കാലം ബഷീറിൽ പ്രസാദിച്ച പലതിലൊന്നാവാം, മുഖ്യമായതാവാം, ഈ ഛായ. നല്ല എഴുത്തുകാരൻ എടുത്തു തരുന്നത് മാത്രമല്ല നമുക്ക് കിട്ടുക. ഒരു പക്ഷെ മങ്ങിയ വെളിച്ചത്തിലാവാം സൂക്ഷ്മമായി കാണുക. അവിദഗ്ധന്റേതാവാം ഉൾകാഴ്ചയുള്ള കല. ചിലപ്പോൾ ഒരെക്സ്ട്രീം ലോംഗ് ഷോട്ടാവും ക്ലോസപ്പിനേക്കാൾ അടുത്തറിയാൻ നല്ലത്. ഗാന്ധിയെ രചിച്ച കൈയാവാം ബഷീറിനെയും രചിച്ചത്.

ഒരു ഗാന്ധിയൻ സമസ്യയുണ്ട് 'മതിലുകളിൽ.' സ്വാതന്ത്ര്യം കിട്ടുന്നതിന് മുമ്പുള്ള ഭാരതത്തിന്റെ ഒരു പ്രതിരൂപമാണ് 'മതിലുകളി'ലെ ജയിൽ. "മനസ്സിനേയും ശരീരത്തേയും വീർപ്പുമുട്ടിക്കുന്ന ഉന്നത പ്രാകാരങ്ങളോട് കൂടിയ ഭയങ്കര കാരാഗാരമാണ് ഇന്ത്യ" എന്ന് ഗാന്ധി പറഞ്ഞതായി ബഷീർ 'അമ്മ' എന്ന കഥയിൽ ഓർക്കുന്നു. തീർത്തും അഭേദ്യമായ ഒരു വിധിയുടെ ചുവട്ടിൽ നിന്നു കൊണ്ടുള്ള, ഒരുന്നത പ്രാകാരത്തിന്റെ അപ്പുറത്തുമിപ്പുറത്തും നിന്നുകൊണ്ടുള്ള പരസ്പരം കാണാതുള്ള എന്നാൽ പരസ്പരം കാണുന്നതിലും ഏറെ കണ്ടുകൊണ്ടുള്ള ആ സല്ലാപം പോലെ ആ നാളുകളിലെ ജീവിതത്തെ പ്രതിപാദിക്കാൻ ഒരുപക്ഷേ മനുഷ്യജീവിതത്തെ പ്ര

തിപാദിക്കാൻ, പറ്റിയ പ്രതിരൂപമെന്ത്? കുറ്റവാളികൾ അനുവദനീയമായതിന്റെ പരിധി പിന്നിട്ടവരാണ്. സമൂഹത്തിലെ അയിത്തങ്ങൾക്കതീതമായ ഒരു സൗഹൃദം അവർക്കിടയിലുണ്ട്. അവർ കൂടുതൽ വ്യാപ്തിയുള്ളവരാണ്. സാമുവൽ ബെക്കറ്റിന്റെ 'വെയിറ്റിംങ്ങ് ഫോർ ഗോദോ' തടവറയിലെ അന്തേവാസികളുടെ ഒരു സദസ്സിന് മുന്നിലാണ് ആദ്യമായി ഫലിച്ചത് എന്ന് എവിടെയോ വായിച്ചിട്ടുണ്ട്. അവർ മനുഷ്യരുടെ പരിമിതികളുടെ ഫലമനുഭവിക്കുന്നവർ. (നാഗരികതയുടെ പരിമിതികളാണ് ജയിലുകൾ, ഭ്രാന്താശുപത്രികളും). പതിനാല് വർഷം കഠിന തടവ് അർഹിക്കുന്ന ഏതോ ക്രൂരകൃത്യം ചെയ്തവളാണ് 'മതിലു'കളിലെ നായിക. ആ കാരാഗാരത്തിലെ സവിശേഷമായ മൂല്യബോധത്തിനല്ലാതെ അവളെ നായികയാക്കുവാൻ കഴിയുകയില്ല. സുന്ദരിയല്ല അവൾ. ചെറുപ്പം വിട്ടു തുടങ്ങിയിരിക്കുന്നു. ജാതിയെന്തോ? ഭൂതകാലമെന്തോ? വികാരം പ്രകടിപ്പിക്കുന്നതിൽ അവൾക്കൊരു കൂസലുമില്ല. എന്നിട്ടും അവൾ അഭാവം കൊണ്ട് ലോകത്തെ ഒരുവൻ ജയിലാക്കി മാറ്റുന്നു. ഭുവനത്തിലെ പനിനീർ ചെടികളെല്ലാം അവളെ അർഹിക്കുന്നു. "ഈ ഭുവനത്തിലുള്ള എല്ലാ പനിനീർച്ചെടികളും ഞാൻ നാരായണിക്ക് തരും." അവൾ ഒന്ന് മിണ്ടിയതേയുള്ളൂ. അയാൾ മുറിയിലെത്തിയപാടെ നിലം വൃത്തിയാക്കി. "ലോക്കപ്പിനകം ആകെ ചിട്ടയും വെടിപ്പും വരുത്തി." ഒരു പുരുഷനെ ലോകത്തിനോടാകമാനം അനുരഞ്ജനത്തിലാക്കാൻ അവൾക്ക് കഴിയുന്നു. "ഇവിടെയൊക്കെ ഇറങ്ങി നടക്കെടോ" എന്നയാൾ മരക്കൊമ്പിലെ അണ്ണാർക്കണ്ണൻമാരോട് പറയുന്നു. അവളെപ്പോലൊരുവേള ഉൾക്കൊള്ളാൻ കഴിയാത്ത ലോകത്തിൽ എന്തു സ്വാതന്ത്ര്യമാണെന്നാണയാൾ ഒടുവിൽ നിരാശപ്പെടുന്നത്. ചെറിയ മതിലുകളൊക്കെ അസംഗതമാക്കിയ ആ വലിയ മതിലിന് കീഴിലെ ജീവിതം എത്ര സമ്പന്നമായിരുന്നു! ഫലത്തിൽ അസ്വതന്ത്രമായ ഒരു 'ഖണ്ഡ'ഭാരതത്തിൽ ജീവിക്കുന്ന ഒരാൾക്ക് തന്റെ പ്രതീക്ഷകൾക്കെല്ലാം പ്രവൃത്തികൾക്കെല്ലാം ആധാരമായി വർത്തിച്ച തന്നെ മഹത്വപ്പെടുത്തിയ, തന്റെ വാക്കുകളുടെ വ്യാപ്തി വർദ്ധിപ്പിച്ച, 'ചിറകുകൾ മുളപ്പിച്ച' ("അപ്പോൾ നിനക്ക് പക്ഷങ്ങൾ നവങ്ങളായുത്ഭവിച്ചീടുമതിനില്ല സംശയം" - എഴുത്തച്ഛൻ) ആ ഉന്നതമായ കാരാഗൃഹ ജീവിതം എങ്ങനെയായിരുന്നുവെന്നുമാണ് ബഷീർ 'മതിലു'കളിൽ വിവരിക്കുന്നത്.

ഞാൻ പ്രതീക്ഷിച്ചത്രയൊന്നും ഇല്ലല്ലോ ഈ ലോകം എന്ന് കാഴ്ച കിട്ടിയപ്പോൾ ഒരന്ധൻ അസുന്തുഷ്ടനായി എന്ന് കേട്ടിട്ടുണ്ട്. അധികാരക്കൈമാറ്റത്തിൽ കവിഞ്ഞ ചിലതെല്ലാം, കാഴ്ച ലഭിക്കുന്നതിന് മുമ്പ് ആ അന്ധനുണ്ടായിരുന്നത്ര അമൂർത്തവും അമിതവും ആയ പ്രതീക്ഷകൾ 'മതിലുകളി'ലെ നായകന്- ഒരു പക്ഷേ, ഗാന്ധിക്കും- സ്വാതന്ത്ര്യത്തെക്കുറിച്ച് ഉണ്ടായിരുന്നു. സ്വാതന്ത്ര്യ സമ്പാദനത്തിന് മുമ്പ് സ്വാതന്ത്ര്യം പല വിതാനങ്ങളുള്ള സ്വാതന്ത്ര്യത്തിന്റെ ഒരു പ്രതിരൂപമായിരുന്നു. ബഷീറിന്റെ സാഹിത്യത്തിലെന്നപോലെ വിശപ്പ് പല വിശപ്പുകളുടെ പ്രതിരൂപമായിരുന്നു. സ്വാതന്ത്ര്യ സമര കാലത്തെ പ്രണയം അർത്ഥം കൈവരിച്ചത് ശരീരത്തിന്റെ പ്രവണതകളിൽ നിന്ന് മാത്രമായിരുന്നില്ല. അസ്വതന്ത്ര ഭാരതത്തിലെ വിലക്കപ്പെട്ട എല്ലാ അഭിലാഷങ്ങളിൽ നിന്നുമായിരുന്നു. "ധ്രുവമിഹമാംസ നിബദ്ധമല്ല രാഗം" എന്നതിന് രാഗം രാഗത്തിൽ കവിഞ്ഞ ചിലതിന്റെ സാക്ഷാത്കാരവുമാണ് എന്ന് അന്നർത്ഥം കിട്ടി. 'നളിനി'യും 'ലീല'യും 'ബന്ധനസ്ഥനായ അനിരുദ്ധനും' 'രമണനു'മെല്ലാം "മനസ്സിനെയും ശരീരത്തേയും വീർപ്പു മുട്ടിക്കുന്ന ആ ഉന്നത പ്രകാരങ്ങളോട് കൂടിയ" ഭാരതത്തിലെ സ്വപ്നങ്ങളായിരുന്നു. എല്ലാ പ്രതിഷേധങ്ങളേയും അതിന്റെ അലകളാക്കിയ ഒരു മഹാപ്രക്ഷോഭം ആയിരുന്നു സ്വാതന്ത്ര്യ സമര പ്രസ്ഥാനം. സ്വാതന്ത്ര്യ സമരഭടൻമാരോടൊപ്പം ജയിലിൽ കഴിഞ്ഞ മോഷ്ടാക്കൾക്കും കൊലപാതകികൾക്കും പിൽക്കാലത്ത് സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുകയുണ്ടായി. ഫയലുകൾ ന



**ഗാന്ധിയെ അർഹിക്കുന്നൊരു സമ്പന്നത സ്വാതന്ത്ര്യ സമരകാലത്തെ ഭാരതത്തിനുണ്ടായിരുന്നു. ഗാന്ധിയെ രൂപപ്പെടുത്തിയ സർഗാത്മകതയും.**

ഷ്ടപ്പെട്ട് പോയതുകൊണ്ട് മാത്രമായിരുന്നില്ല ഇത്. ഭരണകൂടത്തെ അംഗീകരിക്കാത്തവരെന്ന സ്വാതന്ത്ര്യം അവർ പങ്കിട്ടിരുന്നു. കുറുക്കി എടുത്ത ഉപ്പ് തന്നെയായിരുന്നു, അറുത്തെടുത്ത മാലയും. അവർ സ്വൈര്യം കെടുത്തിയത് ഒരേ നീതിപീഠത്തെ. ഒന്നരക്കൊല്ലത്തെ ശിക്ഷയുമായി വന്ന് ക്രമേണ ശിക്ഷ കൂടെക്കൂടെ വർദ്ധിപ്പിച്ച ആ 'തേജോമയമായ' കണ്ണുകളുടെ ഉടമയെ ആലിംഗനം ചെയ്തുകൊണ്ട് രാഷ്ട്രീയത്തടവുകാരനായ ബഷീർ പറയുന്നു. "നിന്റെ സ്നേഹിതനാണെന്ന് പറയെടാ കള്ള ബട്ക്കൂസേ ഞാൻ." സ്വാതന്ത്ര്യ സമരകാലത്തെ പിടിച്ചു പറിക്കുപോലും മൂല്യമുണ്ടായിരുന്നെങ്കിൽ പിൽക്കാലത്തെ സക്കാത്ത് പോലും മൂല്യരഹിതമായി. സ്വാതന്ത്ര്യത്തിന് മുമ്പ് ചർക്കഒരു പ്രതീകമായിരുന്നെങ്കിൽ – അതിൽ സ്വതന്ത്രനുടുക്കാനുള്ള വസ്ത്രത്തിനുള്ള നൂലായിരുന്നു നൂറ്റത്– പിൽക്കാലത്തൊരു ചിഹ്നമായി. പലതിനേയും മരവിപ്പിച്ചൊരു പരിണാമം കൂടിയായിരുന്നു സ്വാതന്ത്ര്യ പ്രാപ്തി. പ്രതീകങ്ങൾ തിരികെ നിരർത്ഥക വസ്തുക്കളായി. ശിൽപം തിരികെ ശിലയായി. "ഭക്ഷണമല്ലാതൊന്നും ഭക്ഷിക്കാനില്ല" എന്നായി. രാഷ്ട്രീയ തടവുകാർ സ്വതന്ത്രരാവുകയും കൂടുതൽ വല്യ അസ്വാതന്ത്ര്യം കുറ്റവാളികളാക്കിത്തീർത്തവർ 'മതിലുകൾ'ക്കുള്ളിൽ തുടരുകയും ചെയ്തു. "ശോഭന കാലങ്ങളിൽ നീ ഗമ്യമായില്ലെനിക്ക് നിൻ സൗഭഗത്തിൽ മോഹമാർന്ന സുഹൃത്തല്ല ഞാൻ" എന്ന് പറഞ്ഞ ഉപഗുപ്തനെ അനുസ്മരിപ്പിക്കുന്നവരാരും സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ സാഹിത്യകൃതികളിൽ പ്രത്യക്ഷപ്പെട്ടില്ല. ഏറെ യാതനകളനുഭവിച്ച ആ ജനതയ്ക്ക് സ്വാതന്ത്ര്യത്തിന്റെ വിരൂപമായ ഒരസ്ഥിപഞ്ജരമാണ് കരക്കണക്കാൻ പയറ്റിയത്. വികലവും അസമ്പൂർണ്ണവുമായ ഒരു സ്വാതന്ത്ര്യപ്രാപ്തിയോടെ ദുഃഖിതനായ ഗാന്ധിയുടെ ആത്മഗതവും 'മതിലുകളി'ലെ നായകൻ ജയിൽ മുക്തനായപ്പോൾ പറഞ്ഞ അതേ വാക്യം കൊണ്ടാവാൻ വിരോധമില്ല. "ഹു വാൺസ് ഫ്രീഡം?"

മതിലിനപ്പുറത്തുള്ള അസ്വതന്ത്രയും ദാഹാർത്തയുമായ സ്ത്രീയുമായുള്ള ആ സംഭാഷണം പോലെ വ്യാപ്തിയേറിയ ഒരനുഭവം മലയാള നോവലിൽ മുമ്പും പിമ്പും ഉണ്ടായിട്ടില്ല. പരസ്പരം കാണാതുള്ള ആ സല്ലാപം പോലെ പ്രതീകാത്മകവും ദുഃഖാത്മകവും ആയ ഒന്ന് സങ്കൽപ്പിക്കുക എളുപ്പമല്ല. മനുഷ്യന്റെ കഠിനമായ അനാഥത്വത്തെ ഏതെല്ലാമോ വിധത്തിൽ അനുഗമിക്കുന്ന ഒരത്ഭുത സന്ദർഭം ആയി മാറുന്നു മതിലുകൾ. "ലോകാ ലോകങ്ങളുടെ സ്രഷ്ടാവേ എന്നെ രക്ഷിക്ക്. എനിക്കിതെന്നിൽ ഉൾക്കൊള്ളാൻ സാധ്യമല്ല. നിന്റെ ഈ മഹാപ്രഭാവം ഈ മഹാത്ഭുതം... ഞാൻ വളരെ ചെറിയ ഒരു ജീവിയാണ്. എനിക്ക് വയ്യ; എന്നെ രക്ഷിക്ക്" എന്ന് മോഹാലസ്യപ്പെടുന്ന ഒരു മിസ്റ്റിക് സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ഇച്ഛാഭംഗങ്ങളിൽ നിന്ന് നിർമ്മിച്ചെടുത്തപല വിതാനങ്ങളുള്ള ഒരു ശിൽപമത്രെ 'മതിലുകൾ.' രാഷ്ട്രീയ സ്വാതന്ത്ര്യത്തെകവിഞ്ഞുള്ള ഒരു സ്വാതന്ത്ര്യത്തിന്റെ ഭടൻ കൂടിയായിരുന്ന ഒരാളുടെ– ഭഗത്സിംഗിന് മുഴുവനായി മനസ്സിലാക്കാനാവാത്ത ഒരാളുടെ– പല വിതാനങ്ങളുള്ള നിരാശയുടെ കഥ കൂടിയാണ് ബഷീർ പറയുന്നത്. ജയിലനുഭവങ്ങളുടെ വിവരണമോ ഒരു വിചിത്ര പ്രണയമോ മാത്രമല്ല അവയെല്ലാം കൂടാതെ വ്യക്തമാക്കാനാവാത്ത, മനുഷ്യ നിർമ്മിതമോ ഈശ്വരനിർമ്മിതമോ ആയ അസ്വാതന്ത്ര്യങ്ങൾ കൂടാതെ പൊറുക്കാനാകാത്ത, അത്രമേൽ അഗതികളായ മനുഷ്യരുടെ ആത്മ നൊമ്പരമാണ് 'മതിലുകൾ.' ആൺ പെൺ ജയിലുകളെ മറച്ചത് ഒരു മതിലായിരുന്നെങ്കിലും കൃതിയുടെ ശീർഷകം 'മതിലുകൾ' ആണ്. നാരായണി, തന്നെ ഓർമിക്കുമോ എന്ന് ചോദിച്ചപ്പോൾ ലോകത്തെങ്ങും അവളുടെ അടയാളങ്ങളുണ്ടെന്ന് കഥാനായകൻ പറയുന്നു. മതിലുകൾക്കകത്ത് പനിനീർ ചെടികൾ വളർത്തി, തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ടവർക്ക് കട്ടൻകാപ്പി തയ്യാറാക്കി, പ്രണയത്തിനർഹയാകുമെന്ന് ഒരുനാളും പ്രതീക്ഷിക്കാതിരുന്നവളെ സൽക്കരിച്ച്, അംഗച്ഛേദം ചെയ്യപ്പെട്ട വാസവദത്തയെപ്പോലെ വിധിയാൽ ഉപേക്ഷിക്കപ്പെട്ടവളെ ആശ്വസിപ്പിച്ച്, അണ്ണാർകണ്ണൻമാരോട് കുശലം പറഞ്ഞ്, കൊലപാതകികളെയും മോഷ്ടാക്കളെയും ആലിംഗനം ചെയ്ത് വലിയ വാക്കുകൾ പറഞ്ഞ് നിരുപാധികം ജീവിച്ച ഒരു കഥാപാത്രത്തിന് സങ്കീർണ്ണമായ വിധത്തിൽ അനിവാര്യമായിരുന്ന ഒരു ലോകത്തിന്റെ നഷ്ടം കൂടി ആ കൃതി പറയുന്നു. ഗാന്ധിയെ അപ്രസക്തകനാക്കിയ ഒരു പിൽക്കാല ഭാരതത്തിൽ ഇരുന്നുകൊണ്ടുള്ള പശ്ചാത്താപവുമാണ് ഈ കൃതി. കൂടുതൽ വ്യാപ്തിയുള്ള ഒരു സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടമാണ് ഗാന്ധിക്ക് ശത്രുക്കളിൽ അമ്പരപ്പും നാട്ടുകാരിൽ അപരിചിതത്വവും ഉണ്ടാക്കിയത്. പ്രാകൃതങ്ങളായ ആയുധങ്ങൾ ഉപേക്ഷിച്ച് പ്രതീകങ്ങളുപയോഗിച്ച് യുദ്ധം ചെയ്യാൻ പറഞ്ഞ, പിൽക്കാലത്ത് സ്വന്തം നാട്ടിലന്യനായിത്തീർന്ന, ഗാന്ധിയുടെ മുഖച്ഛായ ബഷീറിൽ യാദൃശ്ചികമല്ല. ഗാന്ധിയെ അർഹിക്കുന്നൊരു സമ്പന്നത സ്വാതന്ത്ര്യ സമരകാലത്തെ ഭാരതത്തിനുണ്ടായിരുന്നു. ഗാന്ധിയെ രൂപപ്പെടുത്തിയ സർഗാത്മകതയും.




# ആശുപത്രികളിൽ പോകരുതേ, കാൻസർ പിടിക്കും!

ഡോ.ജേക്കബ്ബ് വടക്കൻചേരി

ആശുപത്രിയെന്ന ഭീകരരോഗകേന്ദ്രത്തെക്കുറിച്ച് കൃത്യമായറിയുന്നവരാരും അതിനടുത്തു കൂടെ പോലും പോവില്ല. അത്രമാത്രം ഭയങ്കരമായ അപകടമാണ് ഓരോ ആശുപത്രിയും പ്രസരിപ്പിക്കുന്നത്.

ആറ്റോമിക് എനർജി റെഗുലേറ്ററി ബോർഡ് തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ എക്സ്റേ-സ്കാനിങ്-മാമോഗ്രാഫി യന്ത്രങ്ങൾ പൂട്ടി മുദ്രവെച്ചു. ആശുപത്രികൾ ആരോഗ്യം നൽകുന്ന കേന്ദ്രങ്ങളാണെന്ന അബദ്ധചിന്തയുള്ളവർ ഞെട്ടിത്തരിക്കുന്ന സംഭവമാണിത്. റേഡിയേഷൻ വളരെ കൂടുതലുള്ള 21 ഉപകരണങ്ങൾ അടച്ചു പൂട്ടി സീൽ ചെയ്യുന്നതിനാണ് ആറ്റോമിക് എനർജിക്കാർ എത്തിയത്. ആശുപത്രി സൂപ്രണ്ട് 30 ദിവസത്തെ സമയം ചോദിച്ചതിനാൽ നാലെണ്ണം മാത്രം അടച്ചു പൂട്ടി സീൽ ചെയ്ത് മടങ്ങുകയായിരുന്നു. ആറ്റോമിക് എനർജിക്കാർ.

എക്സ്റേ, കാത്ത് ലാബ് മെഷീൻ, സ്കാനിങ് മെഷീൻ, മാമോഗ്രാഫി എന്നിവയെല്ലാം ആശുപത്രിയെയും ഒന്നു രണ്ടു കിലോമീറ്റർ പരിസരത്തെയും റേഡിയേഷന് വിധേയമാക്കുന്നുണ്ട്. മാരകമായ നിരവധി രോഗങ്ങൾക്കും കാൻസറിനും ഉറപ്പായ കാരണമാണ് റേഡിയേഷൻ. റേഡിയേഷൻ പുറപ്പെടുവിക്കുന്ന ആണവ ഭീകരത ഈ യന്ത്രങ്ങളിൽ നിന്നും ഒഴിവാക്കാനാവില്ല. കുറവാണെന്ന് ഉറപ്പാക്കുക മാത്രമെ ചെയ്യാനാകുകയുള്ളൂ. പണ്ട് റഷ്യയും അമേരിക്കയും തമ്മിൽ നടത്തിയിരുന്ന ആയുധം കുറയ്ക്കൽ ചർച്ച പോലെയാണ് കാര്യങ്ങൾ. മുപ്പതിനായിരം ടൺ ബോംബുകൊണ്ട് നമ്മെ കൊല്ലണമോ അതോ കൈയ്യിലുള്ള മുപ്പതുലക്ഷം ടണ്ണിട്ടു കൊല്ലണമോ എന്ന നീണ്ട ചർച്ചയ്ക്കൊടുവിൽ മുപ്പതിനായിരമായി കുറയ്ക്കുന്ന വിപ്ലവ തീരുമാനമെടുക്കുന്നു. അതുപോലെ തന്നെയാണിതും. കൂടുതൽ റേഡിയേഷൻ കൊണ്ടുള്ള കാൻസർ വേണോ കുറഞ്ഞ റേഡിയേഷന്റെ കാൻസർ മതിയോ എന്നതാണ് ആറ്റോമിക് എനർജി റെഗുലേറ്ററി പറയുമ്പോൾ വിശ്വസിക്കാത്തവർക്ക് 'ആശുപത്രി റേഡിയേഷൻ' തിരിച്ചറിവ് കണ്ണു തുറക്കാൻ നല്ലതാണ്.

ആരോഗ്യമുള്ളവരെ പോലും രോഗികളാക്കുന്ന ആശുപത്രികൾ രോഗികളെ സുഖപ്പെടുത്തുമെന്നു പറഞ്ഞാൽ ചിരിക്കാതെ എന്താണു ചെയ്യുക?

## രോഗം കണ്ടുപിടിക്കേണ്ടേ?

രോഗം കണ്ടുപിടിക്കാനാണ് ആണവ റേഡിയേഷനുള്ള എക്സറേ- സ്കാനിങ്-മാമോഗ്രാഫി - കാത്ത് ലാബ് മെഷീൻ എന്നാണു പറയുക. ചെറുരോഗം കണ്ടുപിടിക്കാൻ മാരകരോഗം ഉണ്ടാക്കുമെന്നുറപ്പുള്ള ഭീകരതകളോ?

റേഡിയേഷൻ ഭീകരതകളിൽ പ്രധാനമായും കണ്ടുപിടിക്കുന്ന രോഗം കാൻസറാണ്. സ്കാനിങ്-മാമോഗ്രാഫി ടെസ്റ്റ് കഴിഞ്ഞ് കാൻസർ ഇല്ലെന്ന റിസൽറ്റ് കിട്ടുന്നവർ ആശ്വാസപൂർവ്വം വീട്ടിലേയ്ക്ക് മടങ്ങുന്നു. മടങ്ങുന്ന വഴിക്ക് ടെസ്റ്റിൽ നിന്നും കിട്ടിയ റേഡിയേഷൻ രോഗിയുടെ ശരീരത്തിൽ കാൻസർ ഉണ്ടാക്കാൻ തുടങ്ങുന്നു.

എക്സ്റേ, സ്കാനിങ്, മാമോഗ്രാഫി കഴിയുന്നവരിൽ രണ്ട് കൊല്ലത്തിനും അഞ്ച് വർഷത്തിനും ഇടയിൽ കാൻസർ കണ്ടു വരാറുണ്ട്.

## ബോർഡിന്റെ ലൈസൻസിന്റെ അർത്ഥം

മനുഷ്യശരീരത്തിന്റെ ആരോഗ്യം നശിപ്പിക്കുന്ന ആണവ വികിരണങ്ങളുടെ ഭീകര കേന്ദ്രമാണ് ആശുപത്രി എന്നു പറഞ്ഞാൽ ഇനിയാർക്കും നിഷേധിക്കാനാവില്ലല്ലോ. ആശുപത്രികളുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ട് സുജീവിതം പ്രസിദ്ധീകരിക്കുമ്പോൾ തന്നെ ആണവഭീകരതയുടെ റിപ്പോർട്ടും പുറത്തു വന്നത് വളരെ നന്നായി.

# ഗോരെഖ്പൂർ ആശുപത്രിയിൽ വീണ്ടും കുരുന്നുകളുടെ കൂട്ടമരണം

ഉത്തർപ്രദേശിലെ ഗോരെഖ്പൂർ ആശുപത്രിയിൽ വീണ്ടും കുരുന്നുകളുടെ കൂട്ടമരണം. മസ്തിഷ്ക്കവീക്കം, ന്യുമോണിയ ഉൾപ്പെടെയുള്ള രോഗങ്ങൾ ബാധിച്ചാണ് മരണമെന്ന് ബി.ആർ.ഡി മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ പി.കെ. സിങ് പറഞ്ഞു.

വിവാദങ്ങളും വാർത്തകളും പുറത്തു വന്നിട്ടും രാഷ്ട്രീയനേതാക്കളുടെ സന്ദർശനങ്ങളും വാഗ്ദാനങ്ങളും ഉയർന്നിട്ടും ബി.ആർ.ഡി മെഡിക്കൽ കോളേജിൽ കുട്ടികളുടെ കൂട്ടമരണം തുടരുകയാണ്. മസ്തിഷ്കവീക്കം, സെപ്സിസ്, ന്യുമോണിയ എന്നീ രോഗങ്ങൾ ബാധിച്ച അഞ്ഞൂറോളം കുട്ടികൾ ആശുപത്രിയിൽ ചികിത്സയിലാണ്. നേപ്പാൾ, ബീഹാർ, രാജസ്ഥാൻ ഉൾപ്പെടെ സമീപ പ്രദേശങ്ങളിൽ നിന്നുള്ള കുട്ടികളും ഇവിടെയുണ്ട്. മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ തന്നെയാണ് മരണവിവരം സ്ഥിരീകരിച്ചത്.

ആശുപത്രിയിലെ സൗകര്യക്കുറവും മരണസംഖ്യ ഉയരാൻ കാരണമായി. ഒരു കിടക്കയിൽ മൂന്നും നാലും കുട്ടികളെയാണ് ചികിത്സിക്കുന്നത്. കുടിവെള്ളം ശുദ്ധീകരിക്കാത്തതും മാലിന്യങ്ങൾ കൂടിക്കിടക്കുന്നതും രോഗം കൂടുതൽ പകരാൻ കാരണമായി. കനത്ത മഴയും വെള്ളപ്പൊക്കവും തുടരുന്നതിനാൽ കൂടുതൽ കുട്ടികൾക്ക് രോഗം വരാനുള്ള സാധ്യതയുണ്ടെന്നാണ് ഡോക്ടർമാരുടെ വിലയിരുത്തൽ. ഈ മാസം പതിനൊന്നിന് ഓക്സിജൻ വിതരണത്തിലെ തകരാർ കാരണം എഴുപതോളം കുട്ടികൾ ഇതേ ആശുപത്രിയിൽ മരിച്ചത് വൻ വിവാദമായിരുന്നു തുടർന്ന് കൂടുതൽ ഡോക്ടർമാരേയും ജീവനക്കാരേയും നിയമിച്ചെങ്കിലും അടിസ്ഥാനസൗകര്യങ്ങളുടെ കുറവ് തുടരുന്നതാണ് കൂട്ടമരണത്തിന് കാരണമെന്നാണ് നാട്ടുകാരുടെ പരാതി. *(കടപ്പാട്: manoramanews.com)*

## രോഗം ഉണ്ടാക്കുന്ന റേഡിയേഷൻ ആശുപത്രികളിലോ?

മനുഷ്യ ശരീരത്തിന്റെ ആരോഗ്യം നശിപ്പിക്കുകയും കോശഘടനകളെ തകർക്കുകയും ജീവ പ്രവർത്തനത്തിൽ തകരാറുകളുണ്ടാക്കുകയുമൊക്കെ ചെയ്യുന്ന 'റേഡിയേഷൻ' എന്തിനാണ് ആശുപത്രികളിൽ എന്ന ചോദ്യം എല്ലാവരുടെയും മനസിൽ ഉയരുന്നതാണ്. റേഡിയേഷൻ, കീമോ ചികിത്സകൾ കഴിക്കുന്നവരിൽ 'സെക്കന്ററി കാൻസർ' എന്നു വിളിക്കപ്പെടുന്ന കാൻസർ അതിവ്യാപകമാണ്.

ജനങ്ങളെ രോഗികളാക്കാൻ എന്നതു തന്നെയാണ് ഉത്തരം. രോഗികളാക്കുക; ചികിത്സിക്കുക, ചികിത്സയിലൂടെ കൂടുതൽ രോഗികളാക്കുക, കൂടുതൽ കൂടുതൽ രോഗചികിത്സകൾ ചെയ്യുക എന്നതാണ് ആശുപത്രികളുടെ ആന്തര പ്രവർത്തന പരിപാടിയെന്ന് സുജീവിതം നിരവധി തവണ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്.

## പ്രകൃതി ജീവനാലയങ്ങളെ മാതൃകയാക്കൂ...

ഒരു യന്ത്രവും റേഡിയേഷൻ ഭീകരതയും പ്രകൃതി ജീവനാലയങ്ങളിലില്ല. വിഷമരുന്നുകളുമില്ല. അതുകൊണ്ട് തന്നെ വരുന്ന രോഗികൾ പ്രകൃതി ജീവനാലയങ്ങളിൽ പുതിയ രോഗങ്ങൾക്ക് അടിമപ്പെടുന്നില്ല. അലോപ്പതി ആശുപത്രികൾക്ക് സങ്കൽപിക്കാനാകുന്നതിലുമധികം രോഗികളും രോഗം സുഖപ്പെട്ട് മടങ്ങുന്നു; പിന്നീട് രോഗങ്ങൾ വരാതെ സുഖമായി ജീവിക്കുന്നു. എന്തുകൊണ്ട് അലോപ്പതി ആശുപത്രികൾക്കും പ്രകൃതി ജീവനാലയങ്ങളെ മാതൃകകളാക്കിക്കൂടാ? ഭക്ഷണം നന്നായി നൽകിയാൽ രോഗങ്ങൾ മാറുമെങ്കിൽ എന്തിന് മാരകമായ പരിശോധനകൾ; അതിമാരകമായ മരുന്നുകളും സർജറികളും?



# അവയവദാന കച്ചവടത്തിലെ ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുമായി ഡോ.ഗണപതി

ആർ.കണ്ണൻ

നമ്മുടെ ശരീരത്തിലെ പല അവയവങ്ങളെയും ബാധിക്കുന്ന ഗുരുതരമായ രോഗങ്ങൾ കാരണമുള്ള തകരാറുകൾ പലപ്പോഴും മരുന്നുകൊണ്ടോ ശസ്ത്രക്രിയ കൊണ്ടോ പൂർണമായി ചികിത്സിച്ചു ഭേദമാക്കാൻ ശരീരത്തിലെ പല അവയവങ്ങളും വൃക്ക, കരൾ, ശ്വാസകോശം, ഹൃദയം, ചെറുകുടൽ, ആഗ്നേയഗ്രന്ഥി (പാൻക്രിയാസ്) തുടങ്ങിയവ വിവിധ തരത്തിലുള്ള രോഗങ്ങളാൽ ഇപ്രകാരം തകരാർ സംഭവിക്കാൻ സാധ്യതയുള്ളതാണ്. ഇതിൽ മിക്ക അവയവങ്ങളും ശരീരത്തിലെ സുപ്രധാനമായ കർമങ്ങൾ നിർവഹിക്കുന്നതിനാൽ തക്ക സമയത്ത് ചികിത്സിച്ചില്ലെങ്കിൽ മരണകാരണമായിത്തീരാവുന്നതാണ്.

ഈ സാഹചര്യത്തിൽ അവയവം മാറ്റിവയ്ക്കുക എന്നതാണ് പലപ്പോഴും സാധ്യയമായ ഒരേ ഒരു വഴി. വൃക്ക, ഹൃദയം, ശ്വാസകോശം എന്നീ അവയവങ്ങളാണ് ഇപ്രകാരം മാറ്റിവയ്ക്കാൻ സാധ്യമായവ. സാഹചര്യങ്ങൾക്കനുകൂലമായി മാറ്റി വയ്ക്കാൻ സാധ്യമായ മറ്റു അവയവങ്ങൾ ഇവയാണ് കണ്ണുകൾ (കോർ എന്ന നേത്രപടലം), ത്വക്ക്, പാൻക്രിയാസ്, ചെറുകുടൽ, ഗർഭപാത്രം, കൈപ്പത്തി, ചില അസ്ഥികൾ, രക്തക്കുഴലുകൾ, ചെവിക്കുള്ളിലെ അസ്ഥികൾ, തരുണാസ്ഥി തുടങ്ങി ശരീരത്തിലെ 23-ഓളം അവയവങ്ങൾ ചെയ്യാൻ പറ്റുന്നതാണ്.

ഒരാളുടെ ശരീരത്തിലെ അവയവങ്ങൾ പ്രവർത്തന സജ്ജമായിരിക്കണമെങ്കിൽ അതിലൂടെയുള്ള രക്തയോട്ടം നടന്നുകൊണ്ടിരിക്കണം. രക്തയോട്ടം നിലച്ച അവസ്ഥയിൽ പുറത്തെടുക്കുന്ന അവയവങ്ങൾ പ്രയോജനരഹിതമാവാനാണ് സാധ്യത. കണ്ണുകൾ, ഹൃദയവാൽവുകൾ തുടങ്ങിയ അവയവങ്ങൾ മരണശേഷവും പരിമിതമായ മണിക്കൂറുകൾക്കുള്ളിൽ നീക്കം ചെയ്ത് ഉപയോഗിക്കാവുന്നതാണ്. നേത്രദാനം വീടുകളിൽ വച്ചു മരണം സംഭവിക്കുന്നവർക്ക് പോലും സാധ്യമാണ്. പക്ഷെ ആന്തരിക അവയവങ്ങൾ മാറ്റി വയ്ക്കണമെങ്കിൽ ജീവനോടെയുള്ള അവസ്ഥയിൽ ദാതാവിൽ നിന്നും അവ നീക്കം ചെയ്യേണ്ടതാണ്. ഈ സാഹചര്യത്തിലാണ് മസ്തിഷ്കമരണം എന്ന ആശയം തന്നെ പ്രചാരത്തിലായത്.



> മനുഷ്യശരീരത്തെ വെട്ടിനുറുക്കി കോടികൾ കൊയ്യുന്ന സ്വകാര്യ ആശുപത്രി ലോബികൾക്കെതിരെ നിയമപോരാട്ടങ്ങളുമായി സജീവമാണ് ഡോ.എസ്.ഗണപതി

വിവിധ കാരണങ്ങളാൽ (പരുക്ക്, രക്തസ്രാവം, ചില മസ്തിഷ്ക ട്യൂമർ) മസ്തിഷ്കത്തിന് ഏൽക്കുന്ന ഏറ്റവും ഗുരുതരമായ രോഗാവസ്ഥയാണ് മസ്തിഷ്കമരണം. 'കോമ'യും കടന്നുള്ള അവസ്ഥ, അതായത്, തിരിച്ചുവരവ് സാധിക്കാത്ത രീതിയിൽ മസ്തിഷ്കത്തിന് കേട് സംഭവിച്ച് നിർജീവമാകുന്ന അവസ്ഥയ്ക്കാണ് മസ്തിഷ്കമരണം എന്നു പറയുന്നത്. മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നതിന് വിവിധ തരത്തിലുള്ള ടെസ്റ്റുകൾ നിലവിലുണ്ട്. അപ്നിയ, സി.എൻ.എസ് എന്നിവ

യാണിത്. മസ്തിഷ്കമരണം സ്ഥിരീകരിച്ചതിനു ശേഷം ഇതുവരെ ആരും ജീവിതത്തിലേക്ക് തിരിച്ചു വന്നിട്ടില്ല. ശരീരത്തിന്റെ മറ്റവയവങ്ങളുടെ പ്രവർത്തനം യന്ത്രസഹായത്താലും, മരുന്നിന്റെ സഹായത്താലും വളരെ കുറച്ചു ദിവസങ്ങൾ കൂടി മാത്രമേ ഉണ്ടാവുകയുള്ളു എന്ന അവസ്ഥയിലാണ് അവയവദാനം സാധ്യമാകുന്നത്. ഹൃദയമിടിപ്പ് നിലച്ച് പൂർണ്ണമായി മരണം സംഭവിച്ചാൽ അവയവദാനം സാധ്യമാവുകയില്ല.

അവയവദാനത്തെ പറ്റിയുള്ള ബോധവത്ക്കരണം സജീവമായി നടക്കുന്നതിനാൽ കേരളത്തിൽ പലരും ഇപ്പോൾ ഇതിനായി സ്വമേധയാ മുന്നോട്ടു വരികയാണ്. ഇത് മുതലെടുക്കാനായി കേരളത്തിലെ അവയവദാന ലൈസൻസുള്ളതും മസ്തിഷ്ക മരണം സ്ഥിരീകരിക്കാൻ അനുമതിയുള്ളതുമായ സ്വകാര്യ ഹോസ്പ്പിറ്റലുകൾ മുൻപന്തിയിലാണ്. അവയവദാനത്തെ കോടികളുടെ കച്ചവടമാക്കി മാറ്റുകയാണ് ഇവർ. മനുഷ്യജീവന് പുല്ലുവില കൽപ്പിച്ച് പല ജീവനുകളും മസ്തിഷ്ക മരണമായി തള്ളി കൊന്നൊടുക്കുന്ന സ്വകാര്യ ആശുപത്രികളുടെ കിരാതമായ പ്രവൃത്തികൾക്കെതിരെ പോരാടാൻ മുന്നിട്ടു നിൽക്കുന്നതു കൊല്ലം മരുത്തടി സ്വദേശി ഡോ.എസ്.ഗണപതിയാണ്. 2016 ൽ തുടങ്ങിയ നിയമ പോരാട്ടങ്ങൾക്കിടയിൽ കേരളത്തിലെ മസ്തിഷ്ക മരണ നിരക്ക് കുത്തനെ കുറഞ്ഞു. ചട്ടങ്ങൾ ലംഘിച്ച് അവയവദാനം നടത്തിയ ഒരു ഹോസ്പിറ്റലിന്റെ അവയവദാനത്തിനുള്ള ലൈസൻസ് റദ്ദാക്കാനും അദ്ദേഹത്തിന് കഴിഞ്ഞു. ഡോ.എസ്.ഗണപതിയുമായി നടത്തിയ അഭിമുഖ സംഭാഷണം.

**അവയവദാനത്തിന് പിന്നിലുള്ള കള്ളക്കളികൾക്കെതിരെ പോരാടാനുണ്ടായ കാരണം?**

2016 ലാണ് അവയവദാനത്തിന്റെ മറവിൽ സ്വകാര്യ ആശുപത്രികൾ നടത്തുന്ന കൊള്ളയ്ക്കെതിരെ ഞാൻ നിയമപോരാട്ടം ആരംഭിക്കുന്നത്. അവയവം മാറ്റിവച്ചതിനെ പറ്റി നടത്തിയ അന്വേഷണത്തിലാണ് പല വിവരങ്ങളും കിട്ടിയത്. ട്രാൻസ്പ്ലാന്റേഷൻ നടത്തിയ ഭൂരിഭാഗം പേരും ജീവിച്ചിരിപ്പില്ല. ഇന്റർനാഷണൽ സൊസൈറ്റി ഓഫ് ഹാർട്ട് ആൻഡ് ലംഗ് ട്രാൻസ്പ്ലാന്റേഷന്റെ കണക്കനുസരിച്ച് ഹൃദയം മാറ്റിവെച്ചവരിൽ ഒരു വർഷത്തിലേറെ ജീവിച്ചവർ 84.5 ശതമാനമാണ്. അഞ്ച് വർഷത്തിലേറെ ജീവിച്ചവർ 72.5 ശതമാനവും 2 വർഷത്തിലേറെ ജീവിച്ചവർ 21 ശതമാനവും ആണ്. എന്നാൽ, കേരളത്തിൽ 2016 ഒക്ടോബർ വരെ നടന്ന 43 ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളിൽ ഒരു വർഷത്തിലേറെ കാലം ജീവിച്ചവർ വെറും രണ്ടുപേർ മാത്രമാണ്. ഈ സമയങ്ങളിൽ മസ്തിഷ്ക മരണങ്ങളുടെ എണ്ണവും കൂടുതലായിരുന്നു. ഇതോടെയാണ് നിയമപോരാട്ടങ്ങൾക്കായി ഇറങ്ങിത്തിരിച്ചത്.

**കോടികളുടെ കച്ചവടം എങ്ങനെ?**

ഓരോ ട്രാൻസ്പ്ലാന്റേഷനും സ്വകാര്യ ആശുപത്രികൾ വാങ്ങുന്നത് ലക്ഷങ്ങളാണ്. മരുന്നു കമ്പനികൾക്ക് വേണ്ട കിഡ്നി ഒന്നിന് 10 ലക്ഷം രൂപ മുതൽ 20 ലക്ഷം വരെയും പാൻക്രിയാസിന് 15 ലക്ഷം മുതൽ 30 ലക്ഷം രൂപ വരെയുമാണ് അവയവദാനത്തിന്റെ കേന്ദ്രങ്ങളായി അറിയപ്പെടുന്ന സ്വകാര്യ ആശുപത്രികൾ ഈടാക്കുന്നത്. തലച്ചോർ മാറ്റി വയ്ക്കലാണെങ്കിൽ 15-20 ലക്ഷം, കരൾ മാറ്റിവയ്ക്കലിന് 20 മുതൽ 40 ലക്ഷം. ഹൃദയമാണെങ്കിൽ 40-70 ലക്ഷം വരെയാണ് ഈ കച്ചവടത്തിൽ ഈടാക്കുന്ന അവയവങ്ങളുടെ വില. അങ്ങനെ ഒന്നര മുതൽ രണ്ടുകോടിയോളം രൂപ മസ്തിഷ്ക മരണം സംഭവിച്ച ഒരാളുടെ അവയവങ്ങൾ വഴി സ്വകാര്യ ആശുപത്രികൾ ഉണ്ടാകുന്നുണ്ട്. ഹർജിയിൽ ഇക്കാര്യം ചൂണ്ടിക്കാട്ടിയപ്പോൾ ഹൈക്കോടതി ജഡ്ജി വരെ അതിശയം പ്രകടിപ്പിച്ചു ഒരു മനുഷ്യ ശരീരത്തിന്റെ വില കേട്ട്.

**മസ്തിഷ്ക മരണത്തിന് പിന്നിലെ കഥ?**

ഏറ്റവും കൂടുതൽ രോഗികൾ വഞ്ചിക്കപ്പെടുന്നതിവിടെയാണ്. ചെറിയൊരപകടം സംഭവിച്ചെത്തിയാലും മസ്തിഷ്കമരണം സംഭവിച്ചു എന്ന് വരുത്തിത്തീർത്ത് അവയവങ്ങൾ കച്ചവടം ചെയ്യലാണ് ആശുപത്രികളുടെ പ്രധാന അജണ്ട. ഇതിൽ ഇരകളാകുന്നത് സാധാരണക്കാരാണ്. ചികിത്സയുടെ പേരിലുള്ള ബില്ലുകൾ കാട്ടിയാണ് ഇവരെ വീഴ്ത്തുന്നത്. ലക്ഷങ്ങളുടെ ബില്ല് കണ്ട് എന്തു ചെയ്യണമെന്നറിയാതെ നിൽക്കുമ്പോൾ ഇവരുടെ ഏജന്റുമാർ രോഗിയുടെ ബന്ധുക്കളുടെ അടുത്തു കൂടുകയും അവയവദാനം ചെയ്താൽ ബില്ല് അടക്കേണ്ട എന്നു പറഞ്ഞ് വശത്താക്കുകയും ചെയ്യും. ചട്ടം ലംഘിച്ച് മസ്തിഷ്ക്ക മരണം സ്ഥിരീകരിക്കുന്ന ഡോക്ടർക്ക് 25000 മുതൽ 1 ലക്ഷം രൂപ വരെയാണ് ആശുപത്രികൾ നൽകുന്നത്.

**കേരളത്തിൽ ഏതൊക്കെ ആശുപത്രികളാണ് അവയവ കൈമാറ്റവും മാറ്റിവയ്ക്കലും നടത്തുന്നത്?**

കിംസ് തിരുവനന്തപുരം, ട്രാവൻകൂർ മെഡിസിറ്റി കൊല്ലം, എറണാകുളം ലൂർദ്, ലിസി, ലേക് ഷോർ, മെഡിക്കൽ ട്രസ്റ്റ്, ആംസ്റ്റർ, അമൃത, കോഴിക്കോട് മിംസ്, ബേബി മെമ്മോറിയൽ, നാഷണൽ എന്നീ ഹോസ്പിറ്റലുകളാണ് അവയവ കൈമാറ്റത്തിനും ട്രാൻസ്പ്ലാന്റേഷനും മുന്നിട്ടു നിൽക്കുന്നത്.

**എറണാകുളം ലൂർദ്ദ് ഹോസ്പിറ്റലിന്റെ അവയവദാന ലൈസൻസ് റദ്ദാക്കാനുണ്ടായ കാരണം?**

2015 സെപ്തംബർ 15 നാണ് ആദ്യമായി സർ

ക്കാർ മെഡിക്കൽ കോളേജിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടന്നത്. എറണാകുളം ലൂർദ് ഹോസ്പിറ്റലിൽ മസ്തിഷ്ക മരണം സംഭവിച്ച ആലുവ കടുങ്ങല്ലൂർ തെക്കുംമുട്ടത്ത് വിനയകുമാറിന്റെ ഹൃദയമാണ് പത്തനംതിട്ട ചിറ്റാർ സ്വദേശി പൊടിമോന്റെ ശരീരത്തിൽ തുന്നിച്ചേർത്തത്. എന്നാൽ ആന്തരിക രക്തസ്രാവവും ന്യൂമോണിയയും ബാധിച്ചതു മൂലം 2015 ഒക്ടോബർ 4 ഞായറാഴ്ച രാത്രി 9.40 ന് പൊടിമോൻ മരണപ്പെടുകയുണ്ടായി. ഇതിനെ തുടർന്ന് നടത്തിയ അന്വേഷണം മസ്തിഷ്ക മരണം സ്ഥിരീകരിച്ചതിൽ അപാകത കണ്ടെത്തുകയുണ്ടായി.

നാലു ഡോക്ടർമാർ അടങ്ങുന്ന സംഘമാണ് മസ്തിഷ്ക മരണം സ്ഥിരീകരിക്കുന്നത്. നാലു ഡോക്ടർമാരുടെ ആറു മണിക്കൂർ ഇടവേളയിൽ രണ്ടുവട്ടം പരിശോധന നടത്തണമെന്നാണു ചട്ടം. പിന്നീട് നാലു ഡോക്ടർമാർ സർട്ടിഫൈ ചെയ്തെങ്കിൽ മാത്രമേ മരണം സ്ഥിരീകരിക്കാനാകൂ. ഇതിൽ ഒരു ഡോക്ടർ ഗവൺമെന്റ് പ്രതിനിധിയായിരിക്കണം.

എന്നാൽ ലൂർദ്ദ് ഹോസ്പിറ്റലിൽ മൂന്നു ഡോക്ടർമാർ മാത്രമേ സർട്ടിഫിക്കേറ്റുകളിൽ ഒപ്പുവെച്ചിട്ടുള്ളൂ. ഗവൺമെന്റ് ഡോക്ടറുടെ സാക്ഷ്യപത്രമില്ല. ഇത് ചൂണ്ടിക്കാട്ടി നൽകിയ പരാതിയിലാണ് സർക്കാർ നടപടി എടുത്തത്.

**അവയവം സ്വീകരിച്ചവർ എത്ര നാൾ ജീവിച്ചിരിക്കും?**

ഈ ചോദ്യത്തിന് മറുപടി നൽകാൻ ഞാൻ ആളല്ല. എങ്കിലും മരണനിരക്ക് നോക്കിയാൽ ട്രാൻസ്പ്ലാന്റേഷൻ കഴിഞ്ഞ 95 ശതമാനം പേരും രണ്ടുവർഷത്തിൽ കൂടുതൽ ജീവിച്ചിട്ടില്ല. അവയവം മാറ്റിവച്ചില്ല എങ്കിൽ അവരൊക്കെ കുറച്ചു നാൾ കൂടി ജീവിച്ചിരുന്നേനെ. ഏറ്റവും കൂടുതൽ ഹൃദയ ശസ്ത്രക്രിയ നടത്തിയിട്ടുള്ള ഹൃദ്രോഗവിദഗ്ധൻ ഡോ.ജോസ് ചാക്കോ പെരിയപുറത്തിന്റെ ചികിത്സയിൽ കഴിഞ്ഞിരുന്ന ഹൃദയം മാറ്റിവച്ചവർ എത്ര പേർ ജീവിച്ചിരിപ്പുണ്ട്. സ്വകാര്യ ഹോസ്പിറ്റലുകൾക്ക് പണമുണ്ടാക്കാനുള്ള ഒരു വഴി മാത്രമാണിത്. ലക്ഷങ്ങൾ മുടക്കിയിട്ടും ജീവിതത്തിലേക്ക് തിരികെ വരാത്തവർ എത്ര പേർ!

**ജീവിച്ചിരിക്കുന്നവർ അവയവദാനത്തിലൂടെ ചതിയിൽ വീഴുന്നതെങ്ങനെ?**

വൃക്കദാനം ചെയ്യുന്നവരാണ് ഏറെയും വഞ്ചിതരാവുന്നത്. പത്രങ്ങളിൽ കൂടി പരസ്യം നൽകുന്നതാണിവരുടെ രീതി. ഒരു വൃക്കയ്ക്ക് അഞ്ചു ലക്ഷം രൂപ തരാം എന്ന് വിശ്വസിപ്പിച്ചാണ് ഇവരെ വശത്താക്കുന്നത്. വൃക്കയെടുത്ത ശേഷം ഇടനിലക്കാരൻ ഒരു ലക്ഷം രൂപ മാത്രമേ ഇവർക്ക് നൽകൂ. ഇതിനെതിരെ പരാതി പറയാൻ ദാ

**ഇന്ത്യയിൽ അവയവം വിൽക്കാനായി നിയമം പ്രാബല്യത്തിൽ വന്നാൽ സ്വകാര്യ ആശുപത്രികളുടെ കൊള്ളയും കൊലപാതകവും നിൽക്കും.**

താവിന് കഴിയില്ല. കാരണം ഇന്ത്യയിൽ അവയവം വിൽക്കാൻ നിയമമില്ല. ദാനം ചെയ്യാനേ കഴിയൂ. ആദ്യമേ തന്നെ ദാനം ചെയ്യാൻ സന്നദ്ധനാണെന്ന് ഒപ്പിട്ടു വാങ്ങും. അടുത്ത സുഹൃത്തായതിനാലാണ് നൽകുന്നതെന്നാവും എല്ലാവരും സമ്മതപത്രത്തിൽ പറയുക. ഇതുമൂലം പരാതിയുമായി പോകാൻ കഴിയില്ല എന്ന അവസ്ഥയാണ് ഇടനിലക്കാർ ചൂഷണം ചെയ്യുന്നത്.

**ഇനിയുള്ള നീക്കം?**

കേരളത്തിൽ അവയവം വിൽപ്പന നടത്താൻ നിയമം കൊണ്ടുവരാനുള്ള ശ്രമത്തിലാണ്. കേരളത്തിൽ മാത്രമായല്ല ഇന്ത്യയിൽ. സാധാരണ ജനങ്ങൾ ഇത്തരം മാഫിയകളുടെ കൈകളിൽപ്പെട്ട് വഞ്ചിതരാകുന്നത് തടയുകയാണ് ലക്ഷ്യം. ഇതിൽ ഇടനിലക്കാരൻ സർക്കാർ ആയിരിക്കണം. നിലവിൽ സർക്കാരിന്റെ മൃതസഞ്ജീവനി വഴി രജിസ്റ്റർ ചെയ്തവർക്ക് മുൻഗണനാക്രമത്തിലാണ് അവയവം നൽകുന്നതെന്ന് പറയുന്നുണ്ടെങ്കിലും ശരിയായ ക്രമത്തിലല്ല. ഇതിനായി പ്രത്യേകം മോണിട്ടറിങ് സംവിധാനം ഒരുക്കണം. അവയവത്തിനും സർക്കാർ വില നിശ്ചയിക്കണം. കൂടാതെ ജീവിച്ചിരിക്കുന്ന ദാതാവിന്റെ ആരോഗ്യം സാധാരണ നിലയിലാകുന്നത് വരെ എല്ലാ ചെലവും സർക്കാർ വഹിക്കണം. എന്നിവയൊക്കെയാണ് ആവശ്യപ്പെടുന്നത്. ഇറാനിൽ മാത്രമേ അവയവം വിൽക്കാനായി നിലവിൽ നിയമമുള്ളൂ. ഇന്ത്യയിൽ ഈ നിയമം പ്രാബല്യത്തിൽ വന്നാൽ സ്വകാര്യ ആശുപത്രികളുടെ കൊള്ളയും കൊലപാതകവും നിൽക്കും.

മനുഷ്യശരീരത്തെ വെട്ടിനുറുക്കി കോടികൾ കൊയ്യുന്ന സ്വകാര്യ ആശുപത്രി ലോബികൾക്കെതിരെ നിയമപോരാട്ടങ്ങളുമായി സജീവമാണ് ഡോ.എസ്.ഗണപതി. മരുത്തടിയിലെ സ്വന്തം ക്ലിനിക്കിലെ ജോലി പൂർത്തിയാക്കി വീട്ടിലെത്തിയാൽ കൈലിമുണ്ടുടുത്ത് ഷർട്ട് പോലും ധരിക്കാതെ ഡോക്ടറുടെ പൊങ്ങച്ചമില്ലാത്ത ഒരു സാധാരണക്കാരനായി ടെറസിനു മുകളിലും പറമ്പിലുമായി കൃഷി ചെയ്യുന്നതിലാണ് ഡോ.ഗണപതിയുടെ താത്പര്യം. പച്ചക്കറികളും മുന്തിരി, പാഷൻ ഫ്രൂട്ട് തുടങ്ങി വിവിധ ഇനം പഴവർഗ്ഗങ്ങളും ഇവിടെയുണ്ട്. വളർത്തുനായ്ക്കളെ പരിപാലിച്ചും വിരുന്നുകാരായെത്തുന്ന മയിലുകൾക്കും മറ്റു പക്ഷികൾക്കും തീറ്റ നൽകിയും വറ്റാത്ത നല്ലൊരു പ്രകൃതി സ്നേഹിയായി ഡോ.എസ്.ഗണപതി കഴിയുന്നു.

*(കടപ്പാട് : മറുനാടൻ മലയാളി)*



# ആഗസ്റ്റ് അനുഭവങ്ങൾ

ഡോ.ജേക്കബ്ബ് വടക്കൻചേരി

കേരള സർക്കാരിന്റെ പ്രതിനിധി സംഘത്തിലെ ഒരാളായി വിയറ്റ്നാമിലേയ്ക്ക് പോയതാണ് ആഗസ്റ്റിലെ മുഖ്യ സംഭവം. ഇന്ത്യൻ എംബസിയുടെ സജീവമായ പിന്തുണയോടെ വിയറ്റ്നാമിൽ പ്രകൃതിചികിത്സാ കേന്ദ്രം സ്ഥാപിക്കുന്നതിനെകുറിച്ച് ചർച്ച നടത്താനും ഏതാണ്ട് തീരുമാനങ്ങളിലെത്താനും കഴിഞ്ഞു. വിയറ്റ്നാമിന്റെ പ്രതിനിധികൾ നേച്ചർ ലൈഫ് സന്ദർശനത്തിനെത്തുന്നത് സെപ്തംബറിലാണ്.

ആദ്യമായിട്ടാണ് ഇത്തരമൊരു സംരംഭത്തിൽ പങ്കെടുക്കുന്നത്. വിയറ്റ്നാമിലെ ഹോചിമിൻ സിറ്റിയിൽ നടന്ന അന്താരാഷ്ട്ര ഫുഡ് ആന്റ് ബീവറേജ് എക്സിബിഷനിൽ വിവിധ രാജ്യങ്ങളിൽ നിന്നായി നൂറോളം പവലിയനുകൾ ഉണ്ടായിരുന്നു. ചക്കയും തേങ്ങയും മറ്റു പഴവർഗ്ഗങ്ങളുമൊക്കെ മൂല്യവർദ്ധിത (ശോഷണ?) ഉല്പന്നങ്ങളായി മാറുന്നതിന്റെ വല്ലാത്ത കാഴ്ച തന്നെയായിരുന്നു. ഏതാനും വർഷങ്ങൾക്കുള്ളിൽ പഴങ്ങളും പച്ചക്കറികളും 'പ്രകൃതിഭാവത്തിൽ' കിട്ടുകയില്ലെന്ന് ഉറപ്പ്. പ്രകൃതി സൗജന്യമായി തരുന്നതിനെ എത്ര വില കൂട്ടി വിൽക്കാൻ കഴിയുമെന്ന പരിമിതിയെ മറികടക്കാൻ ഡീഹൈഡ്രേറ്റ് ചെയ്തും, ചായങ്ങൾ ചേർത്തും ഒക്കെയുള്ള വ്യാവസായിക കൃത്രിമങ്ങൾ നടത്തണം. അതോടെ അതിന്റെ പോഷക മൂല്യത്തെയല്ല 'മൂല്യവർദ്ധന' എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. പോഷണം നശിച്ചാലും 'വില വർദ്ധന' എന്ന മൂല്യ വർദ്ധനവിനെയാണ്.

ഇന്ത്യൻ ഫെഡറേഷൻ ഓഫ് ചേമ്പർ ഓഫ് കോമേഴ്സിന്റെ മുൻകൈയ്യിൽ കേരളത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട സംഘത്തിൽ ഇരുപതോളം പേരാണുണ്ടായിരുന്നത്. ഗൗരവകരമായ ചർച്ചകൾ പലതും നടത്താൻ കേരളസംഘത്തിനു കഴിഞ്ഞു.

വിയറ്റ്നാമിലെ 'ലൈ വാൻ പുക്' സ്ട്രീറ്റിലെ ഓർഗാനിക് റെസ്റ്റോറന്റിൽ എനിക്കൊരു ഡിന്നർ സമ്മേളനമുണ്ടായിരുന്നു. പ്രകൃതി കൃഷിയും ഡ്രഗ്ലെസ് തെറാപ്പിയും ചെയ്യുന്നവരാണതിലുണ്ടായിരുന്നത്. പ്രകൃതി ചികിത്സയുടെയും പ്രകൃതിജീവനത്തിന്റെയും രോഗമുക്തിയുടെ ചിന്തകൾ അവർക്ക് ആശ്ചര്യമായിരുന്നു. വളരെ സജീവമായ ചർച്ചകൾ ഞങ്ങൾക്ക് നടത്താനായി.



*വിയറ്റ്നാമിലെ 'ലൈ വാൻ പുക്' സ്ട്രീറ്റിലെ ഓർഗാനിക് റെസ്റ്റോറന്റിൽ ഡിന്നർ സമ്മേളനത്തിൽ*

## വീണ്ടും തായ്ലാന്റിൽ

വിയറ്റ്നാമിൽ നിന്നും മടങ്ങുന്ന വഴി വീണ്ടും തായ്ലാന്റിലെത്തി. കഴിഞ്ഞ ക്യാമ്പിൽ പങ്കെടുത്തിരുന്ന ചിലർക്ക് കൺസൽട്ടേഷനുണ്ടായിരുന്നു. ബാങ്കോക്കിൽ നിന്നും മൂന്നു മണിക്കൂറകലെ 'പക്ചോങ്ങിൽ' അന്താരാഷ്ട്ര നേച്ചർ ലൈഫ് കോൺഫറൻസിന്റെ' വിശദാംശങ്ങൾ തയ്യാറാക്കലായിരുന്നു മുഖ്യമായ മറ്റൊരു പരിപാടി. ഫെബ്രു: 16 മുതൽ 18 വരെ നടക്കുന്ന പരിപാടിയുടെ വിശദാംശങ്ങളും തുടർന്നുള്ള സന്ദർശനവും ചർച്ച ചെയ്തു. മൂന്നു ദിവസത്തെ സമ്മേളനവും മൂ

ന്നു ദിവസത്തെ ബാങ്കോക്ക് സന്ദർശനവുമാണ് പ്ലാൻ ചെയ്തിട്ടുള്ളത്.

പക്ചോങ്ങിലെ ബുദ്ധ സന്യാസിയും സുഹൃത്തുമായ അജാൻ സുമനോയെ കാണാൻ ആദ്യത്തെ ദിവസം കഴിഞ്ഞില്ല. 'മദേഴ്സ് ഡേ' പ്രമാണിച്ച് തായ്‌ലാന്റുകാർ വീടുകളിലേയ്ക്കെത്തുന്നതിന്റെ തിരക്കിൽ ഞങ്ങളും പെട്ടു. ബാങ്കോക്കിൽ നിന്നും കൊറാത്ത് എന്ന പട്ടണത്തിലേയ്ക്കുള്ള എക്സ്പ്രസ്‌ലൈൻ മൊത്തത്തിൽ വാഹനങ്ങളെ കൊണ്ട് തിങ്ങി നിറയുകയായിരുന്നു. പക്ചോങ്ങിലെ ടൊയോട്ട ഡീലറായ 'പോംപാറ്റ്' പാതി വഴിയിൽ യാത്ര അവസാനിപ്പിച്ചു. പിറ്റേന്ന് അജാൻ സുമനോയുടെ ആശ്രമത്തിലെത്തിയപ്പോൾ അനുഗ്രഹം വാങ്ങാനെത്തിയവരുടെ തിരക്ക്. അവരിൽ പലരും എന്നെ തിരിച്ചറിഞ്ഞു. തായ് പുസ്തകങ്ങളും സിഡിയും വഴിയായിരുന്നു അവരുടെ പരിചയം.

കാപ്പി ഒരു ദൗർബല്യമായ അജാൻ സുമനോയ്ക്ക് ബാക്കി പ്രകൃതികാര്യങ്ങളൊക്കെ സ്വീകാര്യമാണ്. പക്ഷെ ബുദ്ധഭിക്ഷു എന്ന നിലയിൽ ജനങ്ങൾ നൽകുന്നതെല്ലാം കഴിക്കാതെയും നിവൃത്തിയില്ല. അമേരിക്കൻ പട്ടാളക്കാരനെന്ന പൂർവ്വാശ്രമമുള്ള അജാൻ സുമനോ കേരളത്തിൽ വരികയും നേച്ചർ ലൈഫ് രീതികൾ പഠിക്കുകയും ചെയ്തിട്ടുണ്ട്. ഒന്നുകൂടെ വരാനുള്ള തീരുമാനത്തിലാണദ്ദേഹം. അന്താരാഷ്ട്ര പ്രകൃതി സമ്മേളനത്തിൽ പങ്കെടുക്കാനുള്ള ക്ഷണം അദ്ദേഹം സ്വീകരിച്ചിട്ടുമുണ്ട്.

തായ്‌ലാന്റിലെ പ്രശസ്തയായ ചിത്രകാരിയും നേച്ചർ ലൈഫ് രീതികളിൽ ത്വക്കിലെ കാൻസറിൽ നിന്നും രക്ഷപ്പെടുകയും ചെയ്ത 'ടോങ്' എയർപോർട്ടിൽ നിന്നും പക്ചോങ്ങിലേയ്ക്കും തിരിച്ചുമുള്ള യാത്രയ്ക്ക് സഹായമായി. വേവിക്കാത്ത ഭക്ഷണങ്ങളിൽ വിദഗ്ധയായ 'മാരിസെൽ' ഇത്തവണ അത്ഭുതമായി. 'ഹാഷ്പൂഷ്' വേഷവിധാനങ്ങളിൽ നടന്നിരുന്ന അവർ മുടിയൊക്കെ ജഡപിടിപ്പിച്ച് സന്യാസിനിയായിരിക്കുന്നു! 'മൈ വെജി' എന്ന ഓർഗാനിക് റെസ്റ്റോറന്റിൽ അവരുമായി ഉച്ചഭക്ഷണം കഴിച്ചു. 'സുകുംവിത് 59' ലെ റോജർ സായ്പിന്റെ കൂടെയാണ് ബാങ്കോക്കിലെത്തുമ്പോഴെല്ലാമെന്റെ താമസം. റോജർ സായ്പും സുഹൃത്ത് വില്യം എന്ന ബ്യൂഗിൾ കലാകാരനുമാണവിടെ താമസം. ഇപ്രാവശ്യം വില്യമിന്റെ തായ്‌ലാന്റ്കാരിയായ ഭാര്യയുമുണ്ടായിരുന്നു. അവർക്ക് യൂട്രസ് കാൻസർ. പ്രകൃതി രീതികൾ പറഞ്ഞു കൊടുത്തു. പോർക്കിലും ബീഫിലും അമിത താല്പര്യമുള്ള അവർക്ക് അതെത്ര പാലിക്കാനാകുമെന്ന് വില്യമിന് ആശങ്കയുണ്ട്. നേച്ചർ ലൈഫിലേയ്ക്ക് പറഞ്ഞയക്കാനാണ് ആലോചന. നവംബറിലെ നേച്ചർ ലൈഫ് നാഷണൽ ഫെസ്റ്റിൽ പങ്കെടുക്കാനും രണ്ടുപേർക്കും താല്പര്യമുണ്ട്. അമേരിക്കയിലെ പെൻഷൻ കാശുകൊണ്ട് തായ്‌ലാന്റിൽ കഴിയുന്ന രണ്ടുപേർക്കും സാമ്പത്തികം പ്രശ്നമാണ്. ഏതൊക്കെയോ ചില ഡെപ്പോസിറ്റുകളെ കുറിച്ച് റോജർ പറഞ്ഞു. ആ കണക്കുകൂട്ടലുകൾ ശരിയായാൽ എത്താൻ കഴിയുമെന്നും.

## ആഗസ്റ്റ് മാസയാത്ര

പതിവുപോലെ ഒന്നാം തിയതി ഗോവയിലെത്തി. കൺസൽട്ടേഷന് കൂടുതലാളുകളുണ്ടായിരുന്നു. പനാജിയിൽ പക്ഷെ ക്ലാസുണ്ടായിരുന്നില്ല. പലരും ക്ലാസുണ്ടാകുമെന്നു കരുതി നിരാശരായി. മഡ്ഗാവിലായിരുന്നു വൈകിയിട്ടുള്ള ക്ലാസ്. വളരെ ഗൗരവമുള്ള സദസായിരുന്നു എത്തിയത്. കഴിഞ്ഞ പ്രാവശ്യത്തെ കാൻസർ ക്ലാസിൽ അലോപ്പതി ഡോക്ടർ അസ്വസ്ഥനായതുകൊണ്ട് കൂടുതൽ ജാഗ്രതയോടെയാണ് ക്ലാസ് കൈകാര്യം ചെയ്തത്. ഓരോ വസ്തുതയ്ക്കും കൂടുതൽ തെളിവുകൾ നൽകി ചിട്ടയായിത്തന്നെ വിഷയം അവതരിപ്പിച്ചു. 'കാൻസറിനെ കുറിച്ചുള്ള പേടി മാറി' എന്നും 'കാര്യങ്ങൾ വളരെ വ്യക്തമായി' എന്നുമൊക്കെയുള്ള പ്രതികരണങ്ങളാണുണ്ടായതെന്ന്



*ബുദ്ധ സന്യാസി അജാൻ സുമനോടൊപ്പം ലേഖകൻ*



സംഘാടകനായ ഫാ. സാവിയോ പറഞ്ഞു.

## ആഗസ്റ്റ് ഉപവാസം 2017

ഗോവയ്ക്കുള്ള യാത്രയ്ക്ക് മുമ്പും അതിനു ശേഷവും കാഞ്ഞങ്ങാട് ആഗസ്റ്റ് മൗന ഉപവാസ യജ്ഞത്തിന്റെ ഒരുക്കങ്ങളിലായിരുന്നു. കാഞ്ഞങ്ങാട് നഗരത്തിനു ചുറ്റുമുള്ള നിരവധി സ്കൂളുകളിൽ ക്ലാസുകളെടുത്തു. കേന്ദ്രീയ വിദ്യാലയത്തിലെ അഞ്ഞൂറിലധികം കുട്ടികളെ കൈകാര്യം ചെയ്യാൻ പ്രസംഗരീതിയിലെ അടവുകൾ പലതും പ്രയോഗിക്കേണ്ടതായി വന്നു. കഥകളും നർമ്മ ശകലങ്ങളുമൊക്കെ ചേർത്തായിരുന്നു കീടനാശിനികളുടെ വിപത്തിനെക്കുറിച്ച് സംസാരിച്ചത്. ഒടുവിൽ 'വരിക വരിക സഹജരെ' എന്ന വിപ്ലവഗാനം കൂടെയായപ്പോൾ ക്ലാസ് അതിഗംഭീരമായി. കുട്ടികൾ പാടിയും കൈകൊട്ടിയും തകർക്കുകയായിരുന്നു.

രാവണീശ്വരത്തും അമ്പലത്തറയിലും കാഞ്ഞങ്ങാട് ടൗണിലും നടത്തിയ പൊതുയോഗങ്ങളും ഗംഭീരമായി. രാത്രി എട്ടിനാരംഭിച്ച് പത്തിന് സമാപിച്ച രാവണീശ്വരം അച്യുതമേനോൻ സ്മാരക ഗ്രന്ഥാലയത്തിലെ പൊതുയോഗം സ്ത്രീകളും കുട്ടികളുമടങ്ങിയ നാട്ടുകാരുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായിരുന്നു.

ആഗസ്റ്റ് നാലിന് കോഴിക്കോട് നേച്ചർലൈഫിലെ ഏകദിന സെമിനാറിനു ശേഷം അഞ്ചിന് രാവിലെ തന്നെ കാഞ്ഞങ്ങാടെത്തി. രമേഷും കരുണാകരൻമാഷും സുരേന്ദ്രൻ മാഷും എല്ലാം ഉഷാറായിരുന്നു. ഉപവാസ ഹാളിനു ചുറ്റുമുള്ള പോസ്റ്റർ പതിക്കലുകളും ഒരുക്കങ്ങളുടെ വിലയിരുത്തലുകളുമൊക്കെയായി നല്ല തിരക്കുകൾ. ഉച്ച കഴിഞ്ഞതോടെ സത്യാഗ്രഹികൾ വന്നെത്താൻ തുടങ്ങി. തിരുവനന്തപുരത്തു നിന്നും പ്രഭാകരനും തൃശൂരിൽ നിന്നും ജോസ് ചാലക്കുടിയുടെ നേതൃത്വത്തിലുള്ള സംഘവും ആദ്യമേയെത്തി. ജ്ഞാനദേവൻ മാഷും സുഗതൻ മാഷും വർഗീസ് കൈമാപറമ്പിലും കുമാരൻ മാഷും അവരെ സ്വീകരിച്ചു. വൈകിട്ട് കാഞ്ഞങ്ങാട് ടൗണിലെ പൊതുയോഗം കഴിഞ്ഞ് ഉപവാസ സ്ഥാനമായ വ്യാപാരഭവനിലെത്തി. ജനാരോഗ്യ പ്രസ്ഥാനത്തിന്റെ സംസ്ഥാന സമിതി യോഗം നടന്നു. തുടർന്ന് പ്രകൃതി കൃഷി ചെയ്തെടുത്ത വാഴക്കുലകൾക്കും തേങ്ങാപ്പൂളിനും ചുറ്റും സത്യാഗ്രഹികൾ അത്താഴത്തിനിരുന്നു.

ആഗസ്റ്റ് 6 ന് രാവിലെ 8 മണിക്ക് തന്നെ സത്യാഗ്രഹികൾ സത്യാഗ്രഹ ചുമതല ഏറ്റെടുത്തു. പത്തരയ്ക്കായിരുന്നു ഔദ്യോഗിക ഉദ്ഘാടനം. അതിനു മുന്നേ എനിക്ക് വിയറ്റ്നാം യാത്രയ്ക്ക് ഇറങ്ങണമായിരുന്നു. സത്യാഗ്രഹ ആമുഖവും ഉപവാസ ജാഗ്രതയുടെ നിർദേശങ്ങളും നൽകി ഞാനിറങ്ങി.

പത്തുമണിക്ക് എറണാകുളത്തേയ്ക്ക് കാറോടിക്കാൻ തുടങ്ങി. കാഞ്ഞങ്ങാട്ടു നിന്നും മാഹി കഴിയുന്നതുവരെ റോഡ് ദുർഘടമായിരുന്നു. കോഴിക്കോട് നേച്ചർ ലൈഫിൽ രണ്ടു മണിയോടെയെത്തി. ഉച്ചഭക്ഷണം കഴിച്ച് എറണാകുളത്തേയ്ക്ക് പുറപ്പെട്ടു. കൂടുതൽ ദുർഘടമായിരുന്നു ട്രാഫിക്. രാത്രി പതിനൊന്നരയ്ക്കാണ് ഫ്ളൈറ്റ്. എറണാകുളത്തെത്തി വസ്ത്രങ്ങളെടുക്കാൻ കഴിയാത്ത അവസ്ഥ. അത്യാവശ്യ സാധനങ്ങൾ എയർപോർട്ടിലേയ്ക്കെത്തിക്കാൻ ഏർപ്പാട് ചെയ്ത് ഒൻപതര മണിയ്ക്ക് നേരെ നെടുമ്പാശ്ശേരിയിലെത്തി. പത്തര മണിക്കൂറിലെ കാറോടിക്കലിന്റെ ക്ഷീണം കാണാനില്ലെന്ന് 'ഫിക്കി' യുടെപ്രീതിമേനോന്റെയും മാതൃഭൂമിയിലെ ഫോട്ടോഗ്രാഫർ ഷൈനിന്റെയും കമന്റുകൾ. പ്രകൃതിയായാൽ ഇങ്ങനെയൊക്കെയിരിക്കാമെന്ന് എന്റെ വീമ്പു പറച്ചിലും.

## സ്വാതന്ത്ര്യ ദിന പരിപാടികൾ

ജസ്റ്റിസ് പി.കെ.ഷംസുദ്ദീനുമൊത്തായിരുന്നു സ്വാതന്ത്ര്യദിന പരിപാടികൾ. വൈപ്പിൻ കരയിലെ കുഴുപ്പള്ളി ഗ്രേഡ് സ്കൂളിൽ രാവിലെ പതാകയുയർത്തലും മാവിൻ തൈ വിതരണവും. അദ്ധ്യാപകരിലും രക്ഷാകർത്താക്കളിലും നിരവധി പഴയ സുഹൃത്തുക്കൾ. യത്തീംഖാനയിലെ കുട്ടികളോടുള്ള സംഭാഷണം. അസീസ് ഭായിയുടെ വീട്ടിലെ പ്രകൃതി കൃഷികാഴ്ചകൾ. തിരികെ പോരുന്ന വഴിക്ക് നേച്ചർ ലൈഫ് പുതുതായി തുടങ്ങിയ ഞാറക്കലെ ഉല്പന്ന കേന്ദ്രത്തിൽ ഒന്നു കയറി. ജസ്റ്റിസിനെ കേന്ദ്രം കാണിച്ചു. തുടർന്ന് പുതുവൈപ്പിലെ ഐ.ഒ.സി സമര കേന്ദ്രത്തിലെത്തി. സമരത്തിന് അഭിവാദ്യങ്ങളർപ്പിച്ച ശേഷം എറണാകുളത്തെ ഗാന്ധി പീസ് ഫൗണ്ടേഷന്റെ പരിപാടിക്കെത്തി.

ഇസ്ലാമിക് ഫൈനാൻസ് കേന്ദ്രത്തിന്റെ ജനറൽ സെക്രട്ടറി അബ്ദുൽ റഹീസ് ഭായിയും യശഃശരീരനായ മദ്യനിരോധന പ്രവർത്തകൻ ഫ്രാൻസിസ് പെരുമനയുടെ സഹോദരൻ പീറ്റർ ചക്കാലക്കലുമൊന്നിച്ചായിരുന്നു വളരെ ധന്യമാ

യിരുന്ന ഞങ്ങളുടെ സ്വാതന്ത്ര്യദിന യാത്ര.

തുടർന്ന് കോഴിക്കോട്ടേയ്ക്ക്. പിറ്റേന്ന് ചങ്ങരംകുളത്ത് ജനാരോഗ്യ പ്രസ്ഥാനം സംസ്ഥാന സമ്മേളനത്തിന്റെ സംഘാടക സമിതി യോഗം. സെപ്തം.22-24 സമ്മേളനത്തിന് വളരെ വിപുലമായ ഒരുക്കങ്ങളാണ് യൂസഫ് അലിയും മുജീബ് കോക്കൂരിന്റെയും നേതൃത്വത്തിൽ നടക്കുന്നത്. മുന്നൂറു പേർ പുറത്തുനിന്നും ഇരുന്നൂറു പേർ ചങ്ങരംകുളം, എടപ്പാൾ ഭാഗത്തുനിന്നും എന്നതായിരുന്നു ധാരണ. ഇപ്പോൾ അത് മറിച്ചിടണമെന്നാണവരുടെ ആവശ്യം. നാട്ടിൽ നിന്നു തന്നെ മുന്നൂറു പേരുണ്ടാകുമത്രെ! ജനാരോഗ്യ പ്രസ്ഥാനത്തിന്റെ പ്രതിനിധികളെ ഇരുന്നൂറായി കുറയ്ക്കണം.

## വേദനിപ്പിക്കുന്ന ചില മരണങ്ങൾ

സൗമ്യയുടെ അമ്മാമ ഒരു സ്ട്രോക്കിനെ തുടർന്നാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലായത്. ഒന്നും ചെയ്യാനില്ലെന്ന വിധിയുമായി ഓക്സിജന്റെ സഹായത്താൽ ജീവൻ തുടരുകയായിരുന്നു. ഒടുവിൽ സിവിൽ സ്റ്റേഷനിലെ നേച്ചർ ലൈഫിലെത്തി. മരുന്നുകളെല്ലാം നിർത്തിയതോടെ അല്പം ആശ്വാസമായെന്ന് ബന്ധുക്കൾ പലരും പറഞ്ഞു. ഒടുവിൽ അവർ ശാന്തമായി മരണത്തിനു കീഴടങ്ങി.

തൊട്ടുപിന്നാലെ തന്നെ ഒരമ്മാവനും കാലയവനികയ്ക്കുള്ളിൽ മറയുകയായിരുന്നു. ഹാർട്ടിന്റെ തകരാറിനുള്ള ചികിത്സകൾ കിഡ്നിയുടെ നാശമാകുകയായിരുന്നു. ആധുനിക ചികിത്സകൾ ഫലം നൽകില്ലെന്ന് ബോധ്യമായതോടെ നേച്ചർ ലൈഫിലെത്താനുള്ള ചിന്തയ്ക്കിടയിലാണ് അന്ത്യമുണ്ടായത്.

ഏറെ സങ്കടകരമായിട്ടാണ് കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ ഹിന്ദി വിഭാഗത്തിലെ ഡോ.ഷൺമുഖൻ പുലാപ്പറ്റയുടെ മരണമുണ്ടായത്. എന്റെ രണ്ട് പുസ്തകങ്ങൾ ഹിന്ദിയിലേയ്ക്ക് തർജ്ജമ ചെയ്ത അദ്ദേഹം വലിയ പിന്തുണയാണ് മാനസികമായി നൽകിയിരുന്നത്.

ആലുവയിൽ നവജീവന കേന്ദ്രം ആരംഭിച്ച കാലത്ത് തുടങ്ങിയതാണ് ആലുവ റെയിൽവേ സ്റ്റേഷനിലെ സ്റ്റേഷൻ മാസ്റ്ററായിരുന്ന മോഹനൻ മാഷുമായുള്ള ബന്ധം. അവിടത്തെ രണ്ട് ജീവനക്കാരുടെ കാൻസറാണ് എന്റെ ചികിത്സയിൽ സുഖപ്പെട്ടത്. രതിയും ഗോപാലകൃഷ്ണനും. കാൻസറിന്റെ രണ്ടാം വ്യാപനമുണ്ടായ അലോപ്പതി ഡോ. അജയ്ഘോഷ് എന്ന ബന്ധുവിനെ നേച്ചർലൈഫിലേയ്ക്ക് നിർബന്ധപൂർവ്വം വരുത്താൻ മോഹനൻ മാഷിനെ പ്രേരിപ്പിച്ചത് ആ അനുഭവങ്ങളാണ്. ഡോ.അജയ്ഘോഷ് കാൻസറിൽ നിന്നും രക്ഷപ്പെടുകയും അലോപ്പതി ചികിത്സ ഉപേക്ഷിക്കുകയും ചെയ്തു. തുടർന്ന് നിരവധി രോഗികളെ അദ്ദേഹവും സുഹൃത്തായ റഹിം മാഷും കൂടെ നേച്ചർ ലൈഫിലയച്ചു.



പക്ഷെ സ്വന്തം ആരോഗ്യത്തെ വേണ്ട വിധത്തിൽ പരിചരിക്കാൻ അദ്ദേഹത്തിനായില്ല. സ്റ്റേഷൻ മാസ്റ്ററുടെ ഉറക്കമൊഴിച്ചുള്ള ജോലിയും സഹായമായി കണ്ട തുടർച്ചയായ ചായകുടിയും ടാനിൻ വിഷബാധയിലേയ്ക്കദ്ദേഹത്തെയെത്തിച്ചു എന്നാണെന്റെ നിഗമനം. രക്തചംക്രമണത്തിന് പ്രയാസമായിരുന്നു റിട്ടയർ ചെയ്ത ശേഷം അദ്ദേഹം നേരിട്ട കുഴപ്പം. കാലിൽ പലഭാഗത്തും മാറി മാറി വന്ന പഴുപ്പുകൾ ചമ്പക്കര നേച്ചർ ലൈഫിലെ താമസം കൊണ്ട് അദ്ദേഹം മാറ്റിയെടുത്തിരുന്നു. കുറേ നാളുകളായി പിന്നെ വിവരങ്ങൾ അറിയാറില്ലായിരുന്നു. പെട്ടെന്നുണ്ടായ ഹൃദയാഘാതം അദ്ദേഹത്തെയും യാത്രയാക്കുകയായിരുന്നു.

എറണാകുളത്തെ പരിസ്ഥിതി പ്രവർത്തകനായിരുന്ന വിജയചന്ദ്രൻ ഹൃദയാഘാതത്തിൽ തന്നെയാണ് യാത്രയായത്. ഹൃദയത്തിലെ ബ്ലോക്കിന് സർജറി കഴിഞ്ഞിട്ട് ആരോഗ്യം വീണ്ടെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. തികഞ്ഞ സൗമ്യനായിരുന്ന അദ്ദേഹത്തിന്റെ വിയോഗം പരിസ്ഥിതി പ്രവർത്തകരുടെയും സുഹൃത്തുക്കളുടെയുമൊക്കെ നൊമ്പരമാണ്.

## ആഗസ്റ്റിന്റെ സമാപനം

ബാംഗ്ലൂരിലേക്കൊരു യാത്ര. അവിടെ നേച്ചർ ലൈഫ് കേന്ദ്രം തുടങ്ങാൻ സ്ഥലവും സൗകര്യങ്ങളും കോഴിക്കോട് നേച്ചർ ലൈഫിൽ എത്തിയ ഒരാൾ ഒരുക്കിയിരിക്കുന്നു. 23 നു പോയി മടങ്ങണം. 27 ന് ഡോ.മേരി ഷൈനിന്റെ മകൻ റോണിയുടെ കല്യാണം. 28 ന് ഡൽഹിയിലേക്ക്. 30 ന് രാജ്ഘട്ടിൽ ഗാന്ധി സ്മാരക പ്രകൃതിചികിത്സാ സമിതിയുടെ എക്സിക്യൂട്ടീവ് യോഗം. നാഷണൽ, ഇന്റർനാഷണൽ കോൺഫറൻസുകളുടെ അവസാനവട്ട ചർച്ചകൾ. സെപ്തം. 1 ന് നേരെ ഗോവയ്ക്ക് 2 ന് ചെങ്ങന്നൂരിലും. സെപ്തംബർ കഠിനയാത്രകളുടെതാകുമെന്നതാണവസ്ഥ.

# ആഗസ്റ്റ് മൗന ഉപവാസം 2017

കെ.വി.സുഗതൻ

ആഗസ്റ്റ് മൗന ഉപവാസം പത്തുവർഷം പിന്നിടുമ്പോൾ അതിനു വേദിയായത് കാഞ്ഞങ്ങാട് ടൗണിലെ വ്യാപാരഭവൻ ഹാൾ. പ്രധാന പ്രവർത്തകരൊക്കെത്തന്നെ തലേദിവസമായ 2017 ആഗസ്റ്റ് അഞ്ച് വൈകീട്ട് തന്നെ എത്തിച്ചേർന്നു. ഡോ.ജേക്കബ്ബ് വടക്കൻചേരിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ഒരുക്കങ്ങൾ വിലയിരുത്തി. 500 രൂപ ഫീസടച്ച് പൂർണ്ണമായ മൗന ഉപവാസമനുഷ്ഠിക്കാൻ ഇത്തവണ 40 പേരേ എത്തിയുള്ളൂ. ആഗസ്റ്റ് ആറിനു രാവിലെ എട്ടുമണിക്കു തന്നെ സർവ്വമത പ്രാർത്ഥനയോടെ പരിപാടികൾക്കു തുടക്കം കുറിച്ചു. കൃത്യം എട്ടേകാലിനു തന്നെ സത്യാഗ്രഹഹാരമണിഞ്ഞ് സത്യാഗ്രഹികൾ മൗനഉപവാസത്തിലേക്ക് പ്രവേശിച്ചു. തുടർന്ന് മൗന ഉപവാസയജ്ഞത്തിന്റെ താത്വികവും പ്രായോഗികവുമായ വിവിധ വശങ്ങളെക്കുറിച്ച് ഡോ.ജേക്കബ് വടക്കൻചേരി വിശദീകരിച്ചു. ഉപവാസികൾ അനുഷ്ഠിക്കേണ്ടതും ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങളും വിശദീകരിച്ചു.

തുടർന്നു നടന്ന സമ്മേളനം കെ.കുഞ്ഞിരാമൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. അഡ്വ. സുധാകരൻ (സ്വാഗത സംഘം ചെയർമാൻ) അദ്ധ്യക്ഷത വഹിച്ചു. എ.ജി.സി ബഷീർ (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്) വി.വി.രമേശൻ (മുൻസിപ്പൽ ചെയർമാൻ) എം.ഗൗരി (ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്) കരുണാകരൻ കുന്നത്ത് സ്വാഗതമാശംസിച്ചു. തുടർന്ന് വിവിധ വിഷയങ്ങളെ ആസ്പദമാക്കി സുധാകരൻ വക്കീൽ, കെ.വി.സുഗതൻ എന്നിവർ പ്രഭാഷണം നടത്തി. വൈകീട്ടു നടന്ന പൊതു സമ്മേളനത്തെ ഡോ. ടി.എം.സുരേന്ദ്രനാഥ്, എഞ്ചിനീയർ ദാമോദരൻ എന്നിവർ അഭിസംബോധന ചെയ്തു. ഇതിലെ ഏറ്റവും ആകർഷണീയമായ പ്രഭാഷണം ആനന്ദാശ്രമം മഠാധിപതി സ്വാമിജി മുക്താനന്ദയുടേതായിരുന്നു. തികഞ്ഞ ഒരു അനുഗ്രഹ പ്രഭാഷണം തന്നെ ആയിരുന്നു അത്. ഉപവാസത്തിലൂടെ നടത്തുന്നത് ആത്മായനമാണെന്നും അവനവന്റെ സ്വത്വത്തെ അടുത്തറിയുന്നവനേ അപരനെ മനസ്സിലാക്കാനാവൂ എന്നും സ്വാമിമുക്താനന്ദ തുടർന്നു പറഞ്ഞു. രണ്ടാം ദിനം ജൈവകൃഷി സംബന്ധിച്ച ക്ലാസ് നയിച്ചത് പി.വി.അമീർ അലി. പൊതു സമ്മേളനത്തിൽ അഡ്വ.ടി.വി.രാജേന്ദ്രൻ, നാരായണൻ പള്ളിക്കാപ്പിൽ, പി.മുരളീധരൻ മാസ്റ്റർ, പ്രൊഫ.എം. ഗോപാലൻ, അമ്പലത്തറ കുഞ്ഞികൃഷ്ണൻ എന്നിവർ സംസാരിച്ചു. സത്യാഗ്രഹത്തിന്റെയും ഉപവാസത്തിന്റെയും ആത്മീയതലങ്ങളെക്കുറിച്ച് സ്വാമി പ്രേമാനന്ദജിയുടെ പ്രഭാഷണവും ശ്രദ്ധേയമായി. സത്യാഗ്രഹികളിൽ രണ്ടു പേർക്ക് ചെറിയ അസ്വസ്ഥത അനുഭവപ്പെട്ടെങ്കിലും ജ്ഞാനദേവൻ മാഷിന്റെ പ്രഥമ ശുശ്രൂഷ ആശ്വാസം നൽകി. മൂന്നാം ദിനത്തിൽ രാവണീശ്വരം ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും സത്യാഗ്രഹികളെ സന്ദർശിച്ച് അഭിവാദ്യമർപ്പിച്ചു. ഉച്ചയ്ക്കു ശേഷം ഹോസ് ദുർഗ് ഗവ: ഹയർസെക്കന്ററി സ്കൂൾ വിദ്യാർത്ഥികളും അധ്യാപകരും അഭിവാദ്യമർപ്പിക്കാനെത്തി. കുട്ടികൾ ആലപിച്ച പരിസ്ഥിതി ഗാനം ഏവർക്കും ഇഷ്ടമായി. അവരുടെ ആരോഗ്യസംബന്ധിയായ സംശയങ്ങൾക്ക് കെ.വി.സുഗതൻ മറുപടി പറഞ്ഞു. വൈകിട്ട് സ്വാഗതസംഘം ചെയർമാൻ സുധാകരൻ വക്കീൽ നടത്തിയ പ്രഭാഷണവും അത്യന്തം ഹൃദയാവർജ്ജകവും വിജ്ഞാനപ്രദവുമായി. കാഞ്ഞങ്ങാട് മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് യൂസഫ് ഹാജിയുടെ സാന്നിദ്ധ്യവും സംഭാഷണവും സഹായവാഗ്ദാനവും കരഘോഷത്തോടെ സ്വീകരിച്ചു. തുടർന്ന് ഖദീജ നർഗ്ഗീസിന്റെ പ്രഭാഷണം സ്ത്രീകൾ അടങ്ങുന്ന ശ്രോതാക്കൾ സശ്രദ്ധം ശ്രവിച്ചു.







മൗന ഉപവാസ ക്യാപ്റ്റൻ സജീവ് കൈലാസിക്ക് ഇളനീർ നൽകി നാലാം ദിനം ഉച്ചയോടെ മൗന ഉപവാസ യജ്ഞത്തിന് സ്വാമി പ്രേമാനന്ദ സമാപനം കുറിച്ചു. ഉപക്യാപ്റ്റൻ വിമല പരമന് സുധാകരൻ വക്കീൽ ഇളനീർ നൽകി. നാലാംദിനമെത്തിയ സന്തോഷ് അറക്കലിന്റെ ഭക്ഷ്യ സുരക്ഷയെക്കുറിച്ചുള്ള പ്രഭാഷണവും ആകർഷമായി. അത്യന്തം ആനന്ദകരമായ മനസ്സും ആരോഗ്യകരമായ ശരീരവുമായാണ് 'സത്യാഗ്രഹ വേദിയോട് വിട പറയുന്നതെന്ന് സജീവ കൈലാസി പറഞ്ഞു.

സമാപന സമ്മേളനത്തിൽ സുധാകരൻ വക്കീൽ മുഖ്യപ്രഭാഷണം നടത്തി. എഞ്ചിനീയർ ദാമോദരൻ, ജ്ഞാനദേവൻ, പി.എൻ. ബാലകൃഷ്ണൻ, തോമസ് രാജപുരം, കരുണാകരൻ കുന്നത്ത്, പി.കുമാരൻ, വർഗ്ഗീസ് കൈമാപറമ്പൻ, ലത്തീഫ് പകര, കെ.വി. സുഗതൻ എന്നിവർ സംസാരിച്ചു. കരുണാകരൻ കരുവാക്കോട് നന്ദി പ്രകാശിപ്പിച്ചു.

സത്യാഗ്രഹ വേദി സംഗീത സാന്ദ്രമാക്കിയ ജ്യോതിക്കും മക്കൾക്കും ഏവരും കൃതജ്ഞത അറിയിച്ചു.

## 'ആരോഗ്യമുള്ള കുടുംബം' ജനാരോഗ്യ സംഗമം 2017

## ജനാരോഗ്യ പ്രസ്ഥാനം സംസ്ഥാന സമ്മേളനം

**എസ്.എം. ഇ.എച്ച്.എസ്**
**(പോലീസ് സ്റ്റേഷനു സമീപം)**
**ചങ്ങരംകുളം, എടപ്പാൾ**
**മലപ്പുറം ജില്ല**

*പ്രധാന ക്ലാസുകൾ*
**നോർമ അൽവാരീസ് (ഗോവ)**
**ഡോ.പുകഴേന്തി (ചെന്നൈ)**
**ജി.ജയഗോപാൽ**
**അശോക കുമാർ വി**
**എൽദോ പച്ചിലക്കാടൻ**
**ഡോ.ജേക്കബ്ബ് വടക്കൻചേരി**

**കുടുംബസമേതം ഉടൻ രജിസ്റ്റർ ചെയ്യുക. ഭക്ഷണവും ലളിതമായ താമസവും സഹിതം ഒരാൾക്ക് ഫീസ് 500 രൂപ മാത്രം.**

ഇന്നു തന്നെ രജിസ്റ്റർ ചെയ്യുക. രജിസ്ട്രേഷൻ തുക ബാങ്ക് വഴി അയക്കുക.

ബാങ്ക് : കനറ ബാങ്ക്
ബാനർജിറോഡ് ശാഖ
എറണാകുളം
അക്കൗണ്ട് നമ്പർ :
0805201002935
IFSC CNRB 0000805
അക്കൗണ്ട് പേര് :
വർഗീസ് കൈമാപറമ്പിൽ
(ട്രഷറർ)

മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നത് സമ്മേളനത്തിന്റെ ഒരുക്കങ്ങൾക്ക് സഹായകമാകും.

*കൂടുതൽ അറിയാൻ :*
**മുജീബ് കോക്കൂർ**
**– 9037748005**
**വർഗീസ് കൈമാപറമ്പിൽ**
**– 9895033171**



**വിഷാംശത്തെ കരളിനു സംഭരിക്കാവുന്നതിന്റെ പരമാവധി എത്തുമ്പോൾ മറ്റു ജോലികളെല്ലാം നിർത്തി വച്ച് കരൾ ഒരു സ്വയം ശുദ്ധീകരണം ആരംഭിക്കുന്നു. ഇതാണ് പനിയുടെ രൂപത്തിൽ പ്രകടമാവുന്നത്. ഈ അവസ്ഥയിൽ കൊടുക്കുന്ന തെറ്റായ ഭക്ഷണവും വിഷമരുന്നുകളുമാണ് രോഗലക്ഷണങ്ങളെ കഠിനാവസ്ഥയിൽ നിന്നും മന്ദാവസ്ഥയിലേക്കും അവിടെ നിന്ന് മാരകാവസ്ഥയിലേക്കും കൊണ്ടെത്തിക്കുന്നത്. ഇതാണ് ഇന്നത്തെ അലോപ്പതി ചികിത്സകൊണ്ടു രോഗികൾക്കുണ്ടാവുന്ന രോഗത്തിന്റെ പുരോഗതി.**

# പനി മരണങ്ങൾ എന്തുകൊണ്ട്?

എൻ.ശിവശങ്കരൻ

പനി ഒരു രോഗമേയല്ല, അനുഗ്രഹമാണ്. പനി മൂലം ശരീരത്തിൽ നിന്ന് നിർവീര്യമാക്കപ്പെടുന്ന വിഷാംശത്തെ തടഞ്ഞു വച്ചാൽ അത് ക്യാൻസർ പോലെയുള്ള മാരക രോഗങ്ങളായി പരിണമിക്കും. അതിനാൽ പനിയെ വിഷമരുന്നുകളുപയോഗിച്ചു തടയരുത്. എന്തിനാണോ പനി വന്നത് ആ ജോലി പൂർത്തിയാക്കിയ ശേഷം പനി തനിയേ മാറിക്കൊള്ളും. ഇന്നു നാട്ടിൽ നടക്കുന്ന പനി മരണങ്ങൾ മുഴുവനും തെറ്റായ ചികിത്സയുടെ ഫലമായി സംഭവിക്കുന്നതാണ്. പനിയുള്ളപ്പോൾ പട്ടിണി എന്നാണ് നാട്ടാചാരം പോലും. ആയുർവേദം പോലും പറയുന്നത് ഉപവാസം പനിയുള്ളപ്പോൾ അനുഷ്ഠിക്കണമെന്നാണ്. യാതൊരു വിധ വിഷമരുന്നുകളും പനിയെ തടയാനായി കൊടുത്തു പോവരുത്.

നമ്മുടെ ശരീരത്തിൽ എത്തിച്ചേരുന്ന വിഷാംശങ്ങൾ രക്തചംക്രമണത്തിലൂടെ ശരീരം മുഴുവൻ വ്യാപിച്ചാൽ അവ ശരീരത്തിലെ മർമ്മസ്ഥാനങ്ങളിൽ ചെന്നു തറയ്ക്കുകയും ഗുരുതരമായ രോഗങ്ങൾക്കു കാരണമായിത്തീരുകയും ചെയ്യും. നമ്മുടെ ശരീരത്തിലെ കരൾ എന്ന അവയവം വിഷത്തെ മുഴുവൻ വലിച്ചെടുത്ത് ഉള്ളിൽ സൂക്ഷിക്കുകയും അവസരം കിട്ടുമ്പോൾ അവയെ നിർവീര്യമാക്കുകയും ചെയ്യും. ഈ ജോലി കരളിനു മാത്രമേ ചെയ്യാൻ കഴിയൂ. അറിയപ്പെടാവുന്ന ആയിരത്തി അഞ്ഞൂറിലധികം ജോലികൾ കരൾ ചെയ്യുന്നു എന്നാണ് കണ്ടെത്തിയിട്ടുള്ളത്. വിഷാംശത്തെ കരളിനു സംഭരിക്കാവുന്നതിന്റെ പരമാവധി എത്തുമ്പോൾ മറ്റു ജോലികളെല്ലാം നിർത്തിവെച്ചിട്ട് കരൾ ഒരു സ്വയം ശുദ്ധീകരണം ആരംഭിക്കുന്നു. ഇതാണ് പനിയുടെ രൂപത്തിൽ പ്രകടമാവുന്നത്. വിഷാംശത്തെ കത്തിച്ചു കളയാൻ വേണ്ടിയാണ് പനിയുടെ രൂപത്തിൽ ശരീരത്തിൽ ചൂടു വർദ്ധിപ്പിക്കുന്നത്. എത്രത്തോളം വിഷമുണ്ടോ അത്രത്തോളം ചൂടു വർദ്ധിപ്പിച്ചാണ് കരൾ വിഷത്തെ നിർവീര്യമാക്കുന്നത്. വിഷ നിർമ്മാർജ്ജനം പൂർത്തിയായിക്കഴിഞ്ഞാൽ പനി തനിയേ മാറിക്കൊള്ളും. ചിക്കൻപോക്സ് പോലെയുള്ള രോഗാവസ്ഥയിലും ഇതു തന്നെയാണ് സംഭവിക്കുന്നത്. രക്തത്തിൽ അടിഞ്ഞു കൂടിയിരിക്കുന്ന വിഷാംശത്തെ ത്വക്ക് വഴി പുറംതള്ളുന്നതാണ് ചിക്കൻ പോക്സ്. പനിയിലൂടെ വിഷാംശത്തെ ഉള്ളിൽവച്ചു തന്നെ നിർവീര്യമാക്കുന്നു. ചിക്കൻ പോക്സിൽ അവ ത്വക്കിലൂടെ പുറത്തു കളഞ്ഞു ശരീരത്തെ ശുദ്ധീകരിക്കുന്നു. ആ സമയം ഏതെങ്കിലും തരത്തിലുള്ള വിഷമരുന്നുകളോ ഭക്ഷണമോ കഴിച്ചാൽ മരണം പോലും സംഭവിക്കും.

പനി വരുമ്പോൾ ആദ്യമായി വിശപ്പില്ലാതാവുന്നു. ആ സമയം ഭക്ഷണം കഴിക്കരുതെന്ന് പ്രാണശക്തി ആവശ്യപ്പെടുകയാണ്. ദഹനം, ആഗിരണം, വിസർജ്ജനം എന്നീ പ്രവർത്തികളൊന്നും പനിയുള്ളപ്പോൾ നടക്കില്ല. ആ സമയം ഭക്ഷണം കഴിക്കുന്നത് പ്രാണശക്തിയുടെ മേൽ പ്രയോഗിക്കുന്ന ഹിംസയാണ്. ആയുർവേദമെന്ന പൗരാണിക ഗ്രന്ഥം ഈ ലേഖകൻ തർജ്ജിമ ചെയ്തു കൊണ്ടിരിക്കുന്നതിൽ ദഹനക്കേടാണ് (ആമം)സർവ്വരോഗങ്ങളുടേയും മൂലകാരണമെന്നു പറഞ്ഞുകൊണ്ടാണ് ഗ്രന്ഥം ആരംഭിക്കുന്നതു തന്നെ. എല്ലാവിധ രോഗങ്ങളും വിശേഷിച്ച് പനിയും ആരംഭിക്കുന്നത് ദഹനക്കേടിൽ നിന്നു തന്നെയാണ്. സംസ്കൃതത്തിൽ ആമയം എന്നാൽ രോഗമെന്നാണർത്ഥം. അതായത് ആമയമാണ് സർവ്വരോഗങ്ങളും.

ദഹനക്രിയ താൽക്കാലിക

മായി സ്തംഭിച്ചിരിക്കുന്ന അവസ്ഥയിൽ ഭക്ഷണം അകത്താക്കുന്നത് തനി താന്തോന്നിത്തമാണെന്നാണ് അമേരിക്കയിൽ പ്രസിദ്ധീകരിച്ച 'വിവേകത്തിലൂടെ ആരോഗ്യത്തിലേക്ക്' എന്ന പുസ്തകത്തിൽ ഫെലിക്സ് ഒസ്ട്രീറ്റ് എന്ന ഡോക്ടർ പ്രസ്താവിച്ചിരിക്കുന്നത്. അലോപ്പതി ഡോക്ടറായിരുന്ന അദ്ദേഹം പിന്നീട് എട്ടുവർഷമായി പ്രകൃതി ജീവനസമ്പ്രദായം പഠിച്ച് എഴുതി സംഗ്രഹിച്ചിട്ടുള്ളതാണ് 'വിവേകത്തിലൂടെ ആരോഗ്യത്തിലേക്ക്' എന്ന പ്രശസ്തമായ ഗ്രന്ഥം. അത് തൃശൂരിൽ പ്രവർത്തിക്കുന്ന ആൾട്ടർമീഡിയ എന്ന സ്ഥാപനം മലയാളഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിറച്ചുണ്ണുന്നവരെങ്കിലും പോഷക ദാരിദ്ര്യം കൊണ്ടു കഷ്ടപ്പെടുന്ന അമേരിക്കക്കാർക്ക് വേണ്ടി എഴുതിയ സുവിശേഷമെന്നാണ് ആ പുസ്തകത്തിൽ ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നത്. രോഗം വന്നാൽ എന്തു ചെയ്യണമെന്ന ചോദ്യത്തിന് അതുവരെ എന്തൊക്കെയാണോ ചെയ്തുകൊണ്ടിരുന്നത് അവയെല്ലാം നിറുത്തി പോയികിടക്കുക. ശ്വാസോച്ഛ്വാസമൊഴികെ മറ്റെല്ലാം നിറുത്തി വയ്ക്കുക. രോഗം മാറ്റാനുള്ള എല്ലാ പ്രവർത്തികളും പ്രാണശക്തി നടത്തിക്കൊള്ളും. രോഗം മാറി കഴിയുമ്പോൾ എഴുന്നേറ്റു പോരുക. രോഗം വരുത്തുന്നതും രോഗം മാറ്റുന്നതുമെല്ലാം പ്രാണശക്തിയാണ് ചെയ്യുന്നതെന്ന് സുവ്യക്തമായി ആ ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. ഒരു തരത്തിലുള്ള ഭക്ഷണമോ ഔഷധമോ ശരീരത്തിലേക്കു കടത്തി വിടരുതെന്നും പൂർണ്ണ വിശ്രമമാണ് പ്രാണശക്തി ആവശ്യപ്പെടുന്നതെന്നും ഗ്രന്ഥകാരൻ പ്രസ്താവിച്ചിരിക്കുന്നു.

അമേരിക്കയിൽ ഉപവാസം മാത്രമുപയോഗിച്ച് എല്ലാ രോഗങ്ങളേയും ചികിത്സിച്ചു മാറ്റുന്ന ഒരു സമ്പ്രദായം പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വരുന്നുണ്ട്. Fasting can save your life എന്ന ഒരു ഗ്രന്ഥവും അവർ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതേപോലെ പ്രഭാത ഭക്ഷണം (breakfast) മാത്രം ഒഴിവാക്കിയുള്ള മറ്റൊരു സമ്പ്രദായവും പരീക്ഷണാടിസ്ഥാനത്തിൽ നടത്തി വരുന്നുണ്ട്.



**നമ്മുടെ ശരീരത്തിലെ ഏതൊരു പ്രവർത്തിയും നാസികകളിലൂടെ പ്രവഹിക്കുന്ന പ്രാണശക്തിയാലാണു സംഭവിക്കുന്നത്. പ്രാണശക്തി എന്നത് ജനനത്തോടൊപ്പം ലഭിക്കുന്ന പ്രപഞ്ചശക്തിയായ പരാശക്തിയുടെ അംശമായ റേഷൻ ആണ്. ഇതുമുഴുവനും ചെലവായി പോവുമ്പോഴാണ് പ്രാണൻ പോയി എന്നു പറയുന്നത്.**

നമ്മുടെ ശരീരത്തിലെ ഏതൊരു പ്രവർത്തിയും നാസികകളിലൂടെ പ്രവഹിക്കുന്ന പ്രാണശക്തിയാലാണു സംഭവിക്കുന്നത്. പ്രാണശക്തി എന്നത് ജനനത്തോടൊപ്പം ലഭിക്കുന്ന പ്രപഞ്ചശക്തിയായ പരാശക്തിയുടെ അംശമായ റേഷൻ ആണ്. ഇതിനെ ശരീരത്തിൽ നടക്കുന്ന കർമ്മങ്ങളിലൂടെ ചെലവാക്കിക്കളയാനല്ലാതെ കൂട്ടാൻ യാതൊരു വിധത്തിലും സാദ്ധ്യമല്ല. ഇതുമുഴുവനും ചെലവായി പോവുമ്പോഴാണ് മരണം സംഭവിക്കുന്നത്. പ്രാണൻ പോയി എന്നു പറയുന്നത് മുഴുവനും ചെലവായി പോയി എന്നാണ്. നാഡികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കാതെ വരുമ്പോൾ വിഷമാലിന്യങ്ങളുടെ ശരീരത്തിൽ നിന്നുള്ള വിസർജ്ജനവും മന്ദഗതിയിലാവുന്നു. ആ അവസ്ഥയിൽ വിഷമാലിന്യങ്ങൾ ശരീരത്തിൽ കെട്ടിക്കിടക്കാനിടയാവുന്നു. നാഡികൾക്കുണ്ടാവുന്ന ക്ഷീണത്തെ enervation എന്നാണ് ഇംഗ്ലീഷിൽ പറയുന്നത്. അങ്ങനെ ശരീരത്തിൽ കെട്ടിക്കിടക്കുന്ന വിഷമാലിന്യങ്ങളെ പുറത്തു കളഞ്ഞു ശരീരത്തെ ശുദ്ധീകരിക്കുന്ന പ്രക്രിയയെയാണ് സാധാരണയായി രോഗങ്ങളെന്ന് മനുഷ്യർ ധരിക്കുന്നത്. എന്നാൽ അവ രോഗലക്ഷണങ്ങൾ മാത്രമാണ്. വിസർജ്ജന പ്രക്രിയ പൂർത്തിയാവുന്നതോടെ പ്രകടമായിക്കണ്ട രോഗലക്ഷണങ്ങൾ തനിയേ മാറിക്കൊള്ളും.

(തുടരും)

*(പാലക്കാട് എൻ.എസ്.എസ് എഞ്ചിനീയറിംഗ് കോളേജിലെ റിട്ടയേർഡ് സിവിൽ എഞ്ചിനീയറിംഗ് പ്രൊഫസറാണ് ലേഖകൻ)*


## ജനാരോഗ്യ സംഗമം

**2018 സെപ്തം. 22–24**

**എസ്.എം.ഇ.എച്ച്.എസ്, ചങ്ങരംകുളം**

**പ്രദർശന നഗരിയിലേയ്ക്ക്**
**സ്റ്റാളുകൾ ക്ഷണിക്കുന്നു.**
വിളിക്കുക :
**9946903535**: പ്രണവം പ്രസാദ് (കൺവീനർ)



# സൗന്ദര്യത്തിന്റെ പ്രകൃതി ചിന്തകൾ

സൗന്ദര്യ വർദ്ധനവിന് ഞങ്ങൾ ഉപയോഗിക്കുന്ന പൗഡറും ക്രീമുകളും ലിപ്സ്റ്റിക്കും നെയിൽ പോളീഷും ഡേഞ്ചറസാണ് എന്നാണ് സാറ് പറയുന്നത്. അത് പറ്റില്ല– എന്നാണെങ്കിൽ പിന്നെ എന്താണ് പകരം ഉപയോഗിക്കാൻ നിർദ്ദേശിക്കുന്നത്?

**സുഷമ, ജെൻസി, പ്രിയാരാജ്**
കോട്ടുവള്ളി, എറണാകുളം

സൗന്ദര്യവർദ്ധനവിനു വേണ്ടി ഉപയോഗിക്കുന്നവയ്ക്കെതിരായ താക്കീതുകൾ ശരീരത്തിന്റെയും മനസിന്റെയും സമൂഹത്തിന്റെയും ആരോഗ്യത്തെ പരിഗണിച്ചാണ് നേച്ചർ ലൈഫ് നൽകുന്നത്.

ജോൺസൻ ആന്റ് ജോൺസന്റെ ബേബി പൗഡർ കാൻസറുണ്ടാക്കുന്നു എന്ന് തെളിഞ്ഞതിനെ തുടർന്ന് നൂറു കണക്കിന് കോടികളുടെ നഷ്ടപരിഹാരം അമേരിക്കൻ കോടതികൾ വിധിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. സൗന്ദര്യ സംവർദ്ധക വസ്തുക്കളിൽ ഒരു പക്ഷെ, ഏറ്റവും കുറഞ്ഞ അപകടമുള്ളതാണ് ടാൽകം പൗഡർ. അതാണ് ശ്വാസകോശങ്ങളിലും ഓവറികളിലും കാൻസർ ഉണ്ടാക്കുന്നതായി തെളിഞ്ഞിരിക്കുന്നത്.

ലോകാരോഗ്യ സംഘടനയുടെ കാൻസർ ഗവേഷണ സ്ഥാപനമാണ് ഇന്റർനാഷണൽ ഏജൻസി ഫോർ റിസർച്ച് ഓൺ കാൻസർ – (ഐ.എ.ആർ.സി) ഇവരുടെ കാൻസർകാരി പട്ടികയിൽ നെയിൽപോളീഷ്, ലിപ്സ്റ്റിക്, ക്രീം, ഷാമ്പു, സോപ്പ്, ഹാൻഡ്‌വാഷ്, ഹെയർ ഡൈ എന്നിവയിലെ നിരവധി ഘടകങ്ങളാണുള്ളത്.

ട്രൈക്ലോസാൻ, മെർക്കുറി, ലെഡ്, ടിൻ, ഫോർമലിൻ, ഫോർമൽ ഡീഹൈഡ്, അലൂമിനിയം എന്നു തുടങ്ങി കാൻസർ ഉണ്ടാക്കുമെന്നുറപ്പുള്ള നിരവധി ഘടകങ്ങളാണ് ഞെട്ടിപ്പിക്കുന്ന വിധത്തിൽ സൗന്ദര്യ നിഗ്രഹ ഉല്പന്നങ്ങളിലുള്ളത്.

ഹെയർ സ്ട്രെയിറ്റനിങ് എന്ന പേരിലും ഗോൾഡൻ കളറിങ്ങിന്റെ പേരിലുമൊക്കെ പ്രയോഗിക്കപ്പെടുന്ന രാസവസ്തുക്കൾ കാൻസർ കാരികൾ തന്നെയാണ്.

## ഇവയ്ക്ക് പകരം എന്ത്?

മരണത്തിനു പകരമെന്ത്? ആത്മഹത്യയാണോ? കൊലപാതകമാണോ? പകരം എന്നത് ഇവിടെ തികച്ചും അപ്രസക്തമായ ഒരു ചോദ്യമാണ്. പകരം മറ്റൊന്നുമില്ലാത്തതിനാൽ കാൻസർ വന്നാലും സാരമില്ല എന്ന നിലപാട് വിവേകബുദ്ധിയുള്ള ആരെങ്കിലും സ്വീകരിക്കുമോ? എട്ടും പൊട്ടും തിരിയാത്തവർ സ്വീകരിച്ചാലും കച്ചവട താല്പര്യമില്ലാത്തവർ ആരെങ്കിലും പിന്തുണയ്ക്കുമോ?

അപകടകാരികളായവ അരുതെന്നു പറയുമ്പോൾ ഉടനടി അതിനെ അവസാനിപ്പിക്കുക. അവസാനിപ്പിക്കാൻ മാർഗ്ഗമൊന്നുമില്ലാത്ത വിധത്തിൽ പ്രാധാന്യമുള്ളതാണെങ്കിൽ മാത്രം ഏറ്റവും കുറഞ്ഞ വിധത്തിൽ ജാഗ്രതയോടെ ഉപയോഗിക്കുക.

ആധുനിക ജീവിതത്തിൽ അപകടകാരികളായ മൊബൈൽ ഫോണും, കമ്പ്യൂട്ടറുകളും, വാഹനങ്ങളും ഉപയോഗിക്കുന്നുണ്ട്. ഒട്ടും ഉപ

യോഗിക്കാതിരിക്കാൻ കഴിയാത്ത വിധത്തിൽ ഗതികേടുള്ളവരാണ് നമ്മളെല്ലാവരും. മൊബൈൽ ഫോൺ സ്പീക്കറിലിട്ട് കൈകൾ കൊണ്ട് തൊടാതെയും ചെവിയിൽ വെയ്ക്കാതെയും, മറ്റുള്ളവയുടെ ഉപയോഗം പരമാവധി കുറച്ചും ജാഗ്രത പാലിക്കാം അവയ്ക്കുള്ളതുപോലൊരു ഞായീകരണം സൗന്ദര്യ സംവർദ്ധകങ്ങൾ എന്നു പറയുന്നവയ്ക്കില്ല.

## എന്താണു സൗന്ദര്യം? എന്താണതിന്റെ വർദ്ധന?

ലാഭം ലക്ഷ്യമാക്കി കമ്പോളത്തിലെത്തുന്ന സാധനങ്ങൾ സൗന്ദര്യം ലക്ഷ്യമാക്കിയുള്ളതാണെന്ന് കരുതുന്നതു തന്നെ വൈരൂപ്യമാണ്. സൗന്ദര്യം എന്നത് സ്വാഭാവികവും മാനസികവുമാണ്. ശരീരത്തിന്റെ രൂപങ്ങളിൽ സ്വഭാവത്തിന്റെയും സംസാരത്തിന്റെയും പെരുമാറ്റത്തിന്റെയും സൗന്ദര്യങ്ങൾ മാത്രമാണുള്ളത്.

മെലിഞ്ഞിരിക്കുന്നവർക്ക് വണ്ണം വെയ്ക്കുന്ന സൗന്ദര്യ സങ്കല്പമെങ്കിൽ വണ്ണമുള്ളവർക്കത് മെലിഞ്ഞു കാണുന്നതിലാണത്രെ! മുഖത്ത് കാക്കപ്പുള്ളിയുള്ളത് വൈരൂപ്യമാണെങ്കിൽ മേയ്ക്കപ്പിന്റെ പുറത്ത് ഒരു കാക്കപ്പുള്ളി കുത്തുന്നത് സൗന്ദര്യമായി കാണുന്നവരുണ്ട്.

വാലിട്ട് കണ്ണെഴുതുന്നതിൽ കേരളീയ സ്ത്രീകൾ സൗന്ദര്യം കണ്ടെത്തുമ്പോൾ വിദേശസ്ത്രീകൾക്ക് അത്തരമൊന്ന് സൗന്ദര്യമല്ല.

തലമുടി അല്പം നീട്ടി വളർത്തി നെറ്റിക്കു മുകളിൽ ഒരു കിളിക്കൂടുണ്ടാക്കി സുന്ദരന്മാർ വിലസിയ ഒരു കാലഘട്ടം കേരളത്തിനുണ്ടായിരുന്നു. എഴുപതുകളിലെയും എൺപതുകളിലെയും അത്തരം സൗന്ദര്യസങ്കല്പങ്ങൾ ഇന്ന് വിരൂപങ്ങളായി മാറിയിരിക്കുന്നു.

ശരീരത്തിന്റെ ഘടനയോ, ദൃശ്യങ്ങളോ ആണ് സൗന്ദര്യമെന്ന ചിന്ത വളർത്തിയത് കച്ചവടക്കാരാണ്, കമ്പോളമാണ്. പത്രങ്ങളും ചാനലുകളും സിനിമയുമൊക്കെ ഏറ്റവും കൂടുതൽ അധ്വാനിച്ചിട്ടുള്ളത് വൈരൂപ്യത്തെ സൗന്ദര്യമായി തെറ്റിദ്ധരിപ്പിക്കാനാണ്.

## സൗന്ദര്യം വിൽക്കാനാവില്ല

സൗന്ദര്യം ഒരിക്കലും വിൽക്കാനും വാങ്ങാനും കഴിയുന്നതല്ല. ആരോഗ്യം പോലെ തന്നെയാണത്. ആരോഗ്യം വിൽക്കാനും ലാഭമുണ്ടാക്കാനും കഴിയാത്തതിനാൽ അനാരോഗ്യമുണ്ടാക്കുന്നു; അനാരോഗ്യ വസ്തുക്കളും രോഗങ്ങളും വിൽപന നടത്തുന്നു. അതുപോലെ തന്നെയാണ് വൈരൂപ്യ വസ്തുക്കളെ സൗന്ദര്യ മുഖംമൂടികളിലാക്കി കച്ചവടം കൊഴുപ്പിക്കുന്നത്.

വ്യക്തിയുടെ സ്വഭാവം നന്നാകുന്നതും സംഭാഷണം ഹൃദ്യമാകുന്നതും പെരുമാറ്റം ആകർഷണീയമാകുന്നതും പുറത്തു നിന്നും ചെന്നെത്തുന്നതായിരുന്നെങ്കിൽ കമ്പോളത്തിന് താല്പര്യമുണ്ടാകുമായിരുന്നു. അതിനു പറ്റിയ സാമഗ്രികൾ പലതും മാർക്കറ്റിലിറക്കാനും വിറ്റ് കാശുണ്ടാക്കാനും മത്സരിക്കാമായിരുന്നു. പക്ഷെ അവ ആന്തരികമാണെന്നതിനാൽ കച്ചവട സാധ്യത പൂജ്യമാണ്.

## ലാഭം കൊണ്ട് കൂടുതൽ ലാഭം

യഥാർത്ഥ സൗന്ദര്യത്തെ തകിടം മറിച്ച വൈരൂപ്യ ലാഭങ്ങൾ കാൻസർ എന്ന കൂടുതൽ ലാഭമുണ്ടാക്കുന്നു. സൗന്ദര്യ സാമഗ്രികൾ പലതുമുണ്ടാക്കുന്ന ജോൺസൻ ആന്റ് ജോൺസൻ, കാൻസർ ആന്റ് കാൻസറായിരിക്കുന്നത് വെറുതെയല്ല. ബേബി ഓയിലും ബേബി പൗഡറുമെല്ലാം നൽകി കാൻസറുണ്ടാക്കി അതിനുള്ള മരുന്നുകൾ കൂടെ നൽകുകയാണവർ.

മുപ്പതും മുപ്പത്തഞ്ചും ലക്ഷത്തിന്റെ കാൻസർ ചികിത്സയിലേയ്ക്ക് കസ്റ്റമേഴ്സിനെ 'പുരോഗമിപ്പിക്കാൻ' സൗന്ദര്യ നിഗ്രഹ വൈരൂപ്യ സാധനങ്ങൾക്ക് സൗന്ദര്യഭാവം നൽകുകയല്ലാതെ മറ്റെന്താണു ചെയ്യുക?

## സൗന്ദര്യ വിപണിയുടെ രാഷ്ട്രീയം

വിപണിയുടെ സൗന്ദര്യ കെണിയിൽ അകപ്പെടുന്നതോടെ നിങ്ങൾ ഒരു രാഷ്ട്രീയ കെണിയിൽ കൂടെ അകപ്പെടുന്നുണ്ട്. അടിമകളുടെ നിറം കറുപ്പും യജമാനന്റെ നിറം വെളുപ്പുമാണ്! വെളുപ്പാണ് സൗന്ദര്യമെന്നും കറുപ്പ് വൈരൂപ്യമാണെന്നുമുള്ള ചിന്തകൾ അധിനിവേശം അടിച്ചേൽപ്പിച്ച അടിമത്തച്ചിന്തകളാണ്.

സായ്പിനു പകരം കറുത്ത വർഗക്കാർ ലോക മേധാവിത്തം നേടിയിരുന്നെങ്കിൽ വെളുത്തവരെല്ലാം അധമവ്യാധിയോടെ കറുക്കാനുള്ള വഴികൾ തേടുമായിരുന്നു. കറുപ്പിക്കുന്ന ക്രീമുകളും, കറുത്ത പൗഡറും പുരട്ടിയും പൂശിയും ലോകമാസകലം 'കറുക്കാൻ തേച്ച് പാണ്ടായി' നടക്കുമായിരുന്നു.

അതിനു പകരമിന്ന് 'വെളുക്കാൻ തേച്ച് പാണ്ടായി' നടക്കുന്നവർ സായിപ്പാണ് കേമൻ, വെളുപ്പാണ് ഭംഗി എന്ന അന്ധവിശ്വാസത്തിൽ കുടുങ്ങിയവരാണ്. ചുരുക്കത്തിൽ ലോകത്തെ മുഴുവൻ ജനങ്ങളെയും അടിമകളാക്കി ഭരിക്കുന്നത് സൗന്ദര്യ കമ്പനികളും മരുന്നു കമ്പനികളും ആയുധ വ്യാപാരികളുമാണ്. അവരുടെ കുതന്ത്ര കെണിയിൽ വീണവരെല്ലാം അടിമകളാണ്; അവരാൽ നയിക്കപ്പെടുന്നവരും നശിപ്പിക്കപ്പെടുന്നവരുമാണ്. ദൃശ്യമായ അടിമത്തത്തിനു പകരം അദൃശ്യമായതെന്നു മാത്രം.

തികച്ചും സ്വതന്ത്രരാണെന്നും സ്വതന്ത്രമായാണ് തീരുമാനങ്ങളെടുക്കുന്നതെന്നും നിങ്ങൾ

ക്കൊരു മായാഭ്രമമുണ്ടാക്കിയിട്ടാണ് അവർ അവരുടെ ലാഭക്കൊതിയുടെ ഇരകളാക്കി നിങ്ങളെ മാറ്റിയെടുക്കുന്നത്.

### പകരമെന്ത്?

പകരം ഏറ്റവും നന്നായിട്ടുള്ളത് ഇത്തരം വൈരൂപ്യ ചിന്തകളിൽ നിന്നും രക്ഷപെടുക എന്നതാണ്. അനാവശ്യമായി ഒരു പൈസ പോലും കച്ചവടക്കാർക്ക് നൽകരുത്. അപകടകാരികളായവയെ വാങ്ങരുത്, അവയുമായി ബന്ധം പുലർത്തരുത്.

ആരോഗ്യത്തെയും ധനത്തെയും അപകടത്തിലാക്കാത്ത പ്രകൃതിദത്തമായ സാമഗ്രികളെ അത്യാവശ്യത്തിനാകാം അതു പ്രകൃതിയെ നശിപ്പിക്കരുതെന്ന ജാഗ്രതയോടെ.

സോപ്പിനു പകരം പയറുപൊടിയും കടലമാവും ചീനിക്കായ പൊടിയും ഷാമ്പവിനു പകരം താളിയും തിരിച്ചു വരട്ടെ.

എള്ളെണ്ണയും പൂവാങ്കുരുന്നിലയുമൊക്കെ കണ്ണെഴുതാൻ ഉപയോഗിച്ചിരുന്ന 'ഉണ്ണിയാർച്ചമാർ' നമുക്കുണ്ടായിരുന്നല്ലോ.

രാമച്ചം ഇട്ടു വെച്ച് രാത്രി കഴിഞ്ഞ വെള്ളത്തിൽ രാവിലെ കുളിക്കാം. ദേഹത്തിന് ആരോഗ്യകരമായ സുഗന്ധം കിട്ടും. ത്വക്കിനും സുഖമാകും.

കൈയ്യിലും നഖങ്ങളിലും മൈലാഞ്ചി നിർബന്ധമാണെങ്കിലാകാം. ആവശ്യത്തിന് വെള്ളവും ധാരാളം പഴങ്ങളും പച്ചയായ പച്ചക്കറികളും കഴിച്ചാൽ മുഖ തേജസും പ്രസന്നതയും ഉറപ്പായി.

ആപത്തും അടിമത്തവുമില്ലാത്ത സന്തുഷ്ട ജീവിതത്തിന് ഇത്രയൊക്കെ മതി എന്നു കരുതുകയാണ് നല്ലത്. സ്വഭാവ ഗുണത്തിലും സംഭാഷണ ചാതുര്യത്തിലും പെരുമാറ്റ ഹൃദ്യതയിലും കൂടുതൽ ശ്രദ്ധയുമെത്തട്ടെ.

# മുടിയും മരുന്നും

മുടിയും മരുന്നും തമ്മിൽ എന്താണു ബന്ധമെന്ന് ചോദിക്കുമ്പോൾ മരുന്നു കഴിക്കുന്നവർ മുടിഞ്ഞു പോകും എന്ന മറുപടിയാണ് മനസിൽ വരിക. എന്നാൽ തലമുടിയും മരുന്നും എന്നാണ് ചോദ്യമെങ്കിലോ? തലമുടി വളരാനും കറുക്കാനും കഷണ്ടിത്തലയിൽ മുടി കിളർക്കാനും നാടുനീളെ പരസ്യപലകകൾ വെച്ചുള്ള മരുന്നു പ്രചരണത്തിൽ കുടുങ്ങിയാലും മുടിയും എന്നാവും മറുപടി.

എന്നാൽ അതിനപ്പുറത്തേയ്ക്കും ചില കാര്യങ്ങളുണ്ട്. തലമുടി പരിശോധിച്ചാൽ ഒരാൾ ഏതൊക്കെ മരുന്നുകൾ കഴിച്ചിട്ടുണ്ട് എന്നറിയാൻ കഴിയും! മരുന്നിലെ രാസവിഷങ്ങൾ തലമുടിയിൽ തനിനിറം കാട്ടുക തന്നെ ചെയ്യും. ദേഹമാസകലം വിഷം പടർത്തുന്ന മരുന്നുകൾ തലമുടിയിലും അടിഞ്ഞു കൂടും. തലമുടി കൊഴിയാനും, നിറം മാറാനും, മുടിയുടെ മേന്മ കുറയാനും പല മരുന്നുകളും ഇടയാക്കും. മരുന്നു കഴിച്ച് രണ്ടു മാസങ്ങളെങ്കിലും കഴിയുമ്പോഴാണ് മുടികൊഴിച്ചിൽ തുടങ്ങുന്നത്. സാധാരണ ഗതിയിൽ ഒരു ദിവസം കൊഴിയേണ്ടത് മുപ്പതു മുതൽ നാല്പതു വരെ മുടികളാണ്. എന്നാൽ പല മരുന്നുകളും നൂറു മുതൽ 150 വരെ മുടികളെ ഓരോ ദിവസവും പൊഴിയിക്കുന്നു.

കീമോ തെറാപ്പി മരുന്നുകൾ പോലെ ഉഗ്രവിഷമുള്ള മരുന്നുകൾ തലമുടി മാത്രമല്ല പുരികങ്ങളും കൺപീലികളും എന്നു വേണ്ട ശരീരത്തിലെ രോമങ്ങൾ വരെ ഉടനടി കൊഴിഞ്ഞു പോകാനിടയാക്കുന്നവയാണ്.

### മുടി കൊഴിക്കുന്ന മരുന്നുകൾ

1. മുഖക്കുരുവിന് കഴിക്കുന്ന വൈറ്റമിൻ എ ചേർന്നത്
2. ആന്റിബയോട്ടിക്കുകളും ആന്റി ഫംഗലുകളും
3. വിഷാദ മരുന്നുകൾ
4. ഗർഭ നിരോധന ഗുളികകൾ
5. ആസ്പിരിൻ പോലെ രക്തം നേർപ്പിക്കാനുള്ളവ
6. കൊളസ്റ്ററോൾ മരുന്നുകൾ
7. രോഗപ്രതിരോധ ശേഷിയെ കുറയ്ക്കാനുള്ള ഇമ്യൂണോ സപ്രസ്സന്റ്സ് മരുന്നുകൾ
8. കാൻസർ മരുന്നുകൾ
9. അപസ്മാര മരുന്നുകൾ
10. ബ്ലഡ് പ്രഷർ മരുന്നുകൾ
11. മൂത്രമൊഴിക്കാൻ സഹായിക്കുന്ന മരുന്നുകൾ
12. ആർത്തവം നിലച്ച സ്ത്രീകൾക്ക് നൽകുന്ന ഹോർമോൺ റീപ്ലെയ്സ്മെന്റ് തെറാപ്പി (എച്ച്ആർടി)
13. മൂഡ് സ്റ്റെബിലൈസേഴ്സ്
14. പാരാസെറ്റമോൾ, ബ്രൂഫെൻ തുടങ്ങിയ പനി-അലർജി-അസിഡിറ്റി മരുന്നുകൾ (നോൺ സ്റ്റിറോയ്ഡൽ ആന്റ് ആന്റി ഇൻഫ്ളമേറ്ററി ഡ്രഗ്സ്-എൻ.എസ്.ഐസി)
15. പാർക്കിൻസൺസ് മരുന്നുകൾ
16. സ്റ്റിറോയ്ഡ്സ്
17. തൈറോയ്ഡ് മരുന്നുകൾ
18. വണ്ണം കുറയാനുള്ള മരുന്നുകൾ

മരുന്നുകൾ കൊണ്ടുള്ള മുടികൊഴിച്ചിൽ മരുന്നു നിർത്തുന്നതോടെ പലപ്പോഴും മാറാറുണ്ട്. പക്ഷെ മുടിയുടെ സ്വഭാവത്തിന് തകരാറുണ്ടാക്കുന്നത് തുടരാറുമുണ്ട്.




## തീറ്റബന്ധം

**എന്റെ മകളുടെ കുട്ടിക്ക് 4 മാസമാണ് പ്രായം. വയറ്റിൽ നിന്നും പോകുന്നതിനുള്ള പ്രയാസമാണ് കുട്ടിക്കുള്ളത്. പ്രകൃതി ചികിത്സയിൽ വയറൊഴിഞ്ഞു പോകാൻ എന്താണു ചെയ്യേണ്ടത്.**

**റഹ്മത്ത് ബീവി, കാസർകോട്**

എന്തിനാണ് കുട്ടിക്ക് ചികിത്സ? കുട്ടിയുടെ ശരീരത്തിനു ചേരുന്ന ഭക്ഷണം തന്നെയല്ലേ കുട്ടിക്കുള്ള ചികിത്സ? ഒരു പ്രകൃതി ചികിത്സയും വികൃതി ചികിത്സയും നാലുമാസം പ്രായമായ കുട്ടിയിൽ വേണ്ട. അതെല്ലാം അക്രമങ്ങളാണ്.

കുട്ടിയോട് അല്പം ദയ മാത്രമാണ് ആവശ്യമായിട്ടുള്ളത്. അതാകട്ടെ കുട്ടിയുടെ അമ്മയിൽ നിന്നും ഉണ്ടാകേണ്ടതുമാണ്.

മലബന്ധം ഭക്ഷണത്തിന്റെ ബന്ധമാണ്. ശരിക്കു പറഞ്ഞാൽ 'തീറ്റബന്ധം' തന്നെ. മലം ബന്ധിപ്പിക്കുന്ന തരത്തിലുള്ള ഭക്ഷണ പാനീയങ്ങൾ കഴിച്ചാൽ മലബന്ധമുണ്ടായല്ലേ തീരൂ? മലം ഇളക്കുന്ന ഭക്ഷണം കഴിച്ചാൽ 'മലമിളക്കവും' ഉണ്ടാകും. കഴിക്കുന്ന ഭക്ഷണത്തിന്റെ 'സ്വ'ഭാവം അനുസരിച്ചാണ് മലത്തിന്റെ സ്വഭാവവും.

പക്ഷെ ഭക്ഷണമൊന്നും കഴിക്കാത്ത നാലുമാസമായ കുഞ്ഞാണല്ലോ ഇവിടെ പ്രതിയായിട്ടുള്ളത്? മുലപ്പാൽ മാത്രം കുടിക്കുന്ന കുഞ്ഞിന്റെ മലബന്ധത്തിന്റെ 'കേസാണല്ലോ' നാമിവിടെ 'കുറ്റവിചാരണ' നടത്തുന്നത്.

മലബന്ധമുണ്ടാക്കുന്നതൊന്നും കുഞ്ഞ് തിന്നിട്ടേയില്ലല്ലോ?

വളരെ കൃത്യമായ ചോദ്യമാണ്. പക്ഷെ കുഞ്ഞിന്റെ ഭക്ഷണം 'മുലപ്പാൽ' മാത്രമാണ്. പിന്നെങ്ങനെയാണ് മലബന്ധത്തിന്റെ കാരണം ഭക്ഷണത്തിന്റെ തകരാറാകുക?

തകരാറ് ഭക്ഷണത്തിന്റേതു തന്നെയാണെന്ന് 'സുജീവിതം' ആവർത്തിക്കും. കുഞ്ഞിന്റെ ഭക്ഷണത്തിന്റേതല്ല; അമ്മയുടെതാണെന്നു മാത്രം.

'മുലപ്പാൽ' എന്നു പറഞ്ഞാൽ നമുക്കെല്ലാം അതൊന്നു മാത്രമാണ്. പക്ഷെ അച്ചാറു തീനിയുടെ മുല ഉല്പാദിപ്പിക്കുന്ന മുലപ്പാൽ ചക്കപ്പഴം തിന്നുവരുടെ മുലപ്പാൽ പോലെയാണോ പ്രവർത്തിക്കുക? വറുത്തതും മൊരിച്ചതും 'ഹോം മോർച്ചറി'യിൽ നാലഞ്ചു ദിവസം ചീഞ്ഞിരുന്നതും. ഹോർമോണുകളും സ്റ്റിറോയ്ഡുകളും വിഷം കലർത്തിയതുമായ ഭക്ഷണസാധനങ്ങൾ കഴിക്കുന്ന അമ്മമാർ ഉല്പാദിപ്പിക്കുന്ന മുലപ്പാൽ കുഞ്ഞിന് സ്വസ്ഥതയോ ആരോഗ്യമോ നൽകുന്ന ഒന്നല്ല. അത് 'പൂതനപ്പാലാണ്.'

എറണാകുളത്ത് ഏലൂരിലെ അമ്മമാരുടെ മുലപ്പാലിൽ 'ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സ് കമ്പനി ഉല്പാദിപ്പിക്കുന്ന ഡി.ഡി.റ്റി കണ്ടെത്തുകയുണ്ടായി.' ഈ മുലപ്പാൽ കുടിക്കുന്ന കുട്ടിയും, വയനാട്ടിലെ തിരുനെല്ലിയിലെ പരിശുദ്ധമായ വായുവും വെള്ളവും മണ്ണും നൽകുന്ന ഭക്ഷണപാനീയങ്ങൾ ഉല്പാദിപ്പിക്കുന്ന മുലപ്പാൽ കുടിക്കുന്ന കുട്ടിയും തമ്മിൽ വ്യത്യാസങ്ങൾ ഉണ്ടാകില്ലേ?

ഏലൂരിലെ പൂതനയമ്മ വികൃതിഭക്ഷണം കൂടെ കഴിച്ചാലോ? 'മർക്കടസ്യ സുരാപാനം...' സ്വതവേ കുരങ്ങൻ, കള്ളും കൂടെ കുടിച്ചു; കള്ളു കുടിച്ച കുരങ്ങനെ തേള് കുത്തുക കൂടെ ചെയ്ത അതേ അവസ്ഥിലാണ് ഇന്നത്തെ ഹൈപ്പൂതനയമ്മമാരുള്ളത്. അവരുടെ മുലപ്പാൽ കുടിക്കാൻ വിധിക്കപ്പെടുന്ന കുഞ്ഞുങ്ങളാണ് 'എൻഡോസൾഫാൻ' കുഞ്ഞുങ്ങളായി മാറുന്നത്.

കാസർകോട്ടെ റഹ്മത്തുള്ള ബീവിയുടെ മകൾക്ക് ഇത്രയും കുഴപ്പങ്ങൾ കാണില്ലെന്നു കരുതട്ടെ. ഇറച്ചിയും മീനും മുട്ടയും പാലും, പഞ്ചസാര, മൈദ, വനസ്പതി, വറുത്തതും പൊരിച്ചതുമൊക്കെ കഴിക്കാതെ പ്രകൃതി ആഹാര രീതികൾ പിന്തുടരട്ടെ.

ഒരു ദിവസം ഒരു കിലോ പഴങ്ങൾ അമ്മ കഴിക്കണം.

വേവിച്ചതും വേവിക്കാത്തതുമായ പച്ചക്കറികൾ ആഹാരത്തിൽ മുഖ്യമാക്കണം.

തവിട് കളയാത്ത അരിയുടെ ചോറ് തന്നെ കഴിക്കണം. പച്ചയരിയും ആവാം. പുഴുക്കലരി ഒരിക്കലും കഴിക്കരുത്.

ദിവസേന അഞ്ച് ജ്യൂസുകൾ കഴിക്കണം.

പച്ചവെള്ളവും ആവശ്യത്തിന് കുടിക്കണം.

വെറും മൂന്നു ദിവസങ്ങൾ കൊണ്ട് കുഞ്ഞിന് സൗഖ്യമുണ്ടാകും. കുഞ്ഞിന്റെ ശോധന ശരിയാകും. ഇല്ലെങ്കിൽ മാത്രം നേച്ചർ ലൈഫിലേയ്ക്ക് അമ്മയും കുഞ്ഞും എത്തിച്ചേർന്നാൽ മതി.

## താരനും മുടികൊഴിച്ചിലും

**താരനും മുടികൊഴിച്ചിലുമാണ് എന്നെ അലട്ടുന്ന പ്രയാസങ്ങൾ. പല ആയുർവേദ എണ്ണകളും മാറി മാറി തേച്ചു നോക്കി. പക്ഷെ ഗുണമൊന്നും കിട്ടുന്നില്ല. എനിക്ക് പ്രകൃതി ചികിത്സ ഒന്നും അറിയില്ല. ഒരു കൂട്ടുകാരിയുടെ വീട്ടിൽ വെച്ച് സുജീവിതം മാസിക കണ്ടു. വളരെ ഇഷ്ടപ്പെട്ടു. മാസികയ്ക്ക് വരിസംഖ്യ അഞ്ഞൂറ് രൂപ അയയ്ക്കുകയും ചെയ്തു. എന്റെ പ്രയാസത്തിനുള്ള പരിഹാരം നിർദ്ദേശിക്കാമോ?**

**ജോർജ്ജ്കുട്ടി, പരിപ്പ്, കോട്ടയം**

താരനും മുടികൊഴിച്ചിലിനും പല ആയുർവേദ എണ്ണകളും തേച്ചിട്ടും ഗുണമൊന്നുമുണ്ടായില്ല എന്ന ജോർജ്ജുകുട്ടിയുടെ പ്രസ്താവനയോട് യോജിക്കുന്നില്ല. നല്ല ഗുണം ഉണ്ടായിട്ടുണ്ട്. സംശയമുണ്ടെങ്കിൽ എണ്ണകൾ വിറ്റവരോട് ചോദിച്ചു നോക്കുക.

മരുന്നുകൾ കൊണ്ടുള്ള മെച്ചം അത് വിൽക്കുന്നവർക്കാണ്. വാങ്ങി ഉപയോഗിക്കുന്നവർ വീണ്ടും വീണ്ടും വാങ്ങി ഉപയോഗിച്ചു കൊണ്ടേയിരിക്കേണ്ട നിർഭാഗ്യരാണ്. ഒരിക്കൽ മരുന്നു വാങ്ങി ഉപയോഗിച്ചപ്പോൾ തന്നെ രോഗങ്ങൾ മാറില്ല പോയാൽ ചികിത്സാ സംവിധാനങ്ങൾ മുരടിച്ചു പോകില്ലേ? ചികിത്സകർ പട്ടിണിയിലാക്കില്ലേ? മരുന്നുകൾ ഉപയോഗിച്ചുള്ള ചികിത്സകൾ ഒരിക്കലും ഗുണമില്ലാത്തതാകുന്നില്ല. പരാജയപ്പെടുന്നുമില്ല. പകുതി ഗുണവും വിജയവും ഉറപ്പാണ്. പക്ഷെ അത് ഡോക്ടറുടെ പകുതിക്കായിരിക്കും; രോഗിയുടെ പകുതിക്കായിരിക്കില്ല; ആവാനും പാടില്ലാത്തതാണ്.

ശരീരത്തിന്റെ പി.എച്ച്. 7.4 ആയിരിക്കേണ്ടതിനു പകരം കുറഞ്ഞ് 'അസിഡിക്' ആയിരിക്കാനോ എട്ടിനു മുകളിലേയ്ക്ക് കടന്ന് 'ആൽക്കലൈനായി' തീരുകയോ ചെയ്താൽ ആരോഗ്യകരമായ പ്രവർത്തനം കോശങ്ങൾക്ക് സാധ്യമാകില്ല.

വായുവിലും, വെള്ളത്തിലും ഭക്ഷണത്തിലും ഉണ്ടാകേണ്ട ഓക്സിജൻ ഇല്ലാതെ വരിക

ഹോർമോൺ ഗ്രന്ഥികളുടെ പ്രവർത്തനം തകരാറിലാകുന്ന വിധത്തിൽ ഭയം, വെറുപ്പ്, കോപം, ഭീതി പക എന്നിവയിൽ പെട്ട് ഉഴലുക.

ഇംഗ്ലീഷ് മരുന്നുകൾ കഴിക്കുക, റേഡിയേഷൻ കീമോ ചെയ്യുക എന്നിങ്ങനെയുള്ള നിരവധി കാരണങ്ങൾ താരനും മുടികൊഴിച്ചിലും ഉണ്ടാക്കാം. ടെൻഷനും മരുന്നുകളും മുടിയെ ബാധിക്കുന്നത് നാലഞ്ചു മാസങ്ങൾ കഴിഞ്ഞായിരിക്കുമെന്നതിനാൽ അവ തമ്മിലുള്ള ബന്ധം തിരിച്ചറിയുക പ്രയാസമാണ്.

### എന്താണ് പരിഹാരങ്ങൾ?

എന്തു കാരണം കൊണ്ടാണോ പ്രയാസങ്ങൾ ഉണ്ടാകുന്നത് ആ കാരണങ്ങളെ മാറ്റുക തന്നെയാണ് വേണ്ടത്. കാരണങ്ങൾ പലതായാലും അവ കോശങ്ങളിൽ പോഷകലഭ്യതയുടെ കുറവായും വിഷബാധയായും പ്രതിസന്ധികൾ ഉണ്ടാക്കുമെന്ന നിഗമനത്തിൽ ചില പരിഹാര ശ്രമങ്ങൾ നിർദ്ദേശിക്കാം.

കോശങ്ങളിലെ മാലിന്യങ്ങളെ കളയാനും ഓക്സിജൻ കൂടുതൽ നൽകാനും പ്രാണായാമം, ശ്വസന ക്രിയകൾ, യോഗ, കൃഷിപ്പണി, നീന്തൽ തുടങ്ങിയവയിലേർപ്പെടുക.

കോശപ്രവർത്തനത്തെ ഉദ്ദീപിപ്പിക്കുന്ന വെയിൽ നന്നായി ശരീരത്തിലേയ്ക്കുക.

കോശമാലിന്യങ്ങളെ കഴുകികളയാൻ പച്ചവെള്ളം, പഴച്ചാറുകൾ, പച്ചക്കറി നീരുകൾ, കരിക്കിൻ വെള്ളം, നാരങ്ങാവെള്ളം (ഉപ്പും മധുരവുമില്ലാതെ, രണ്ടും അസിഡിറ്റി കൂട്ടുന്നവയാണ്) തുടങ്ങിയവ ധാരാളം കഴിക്കുക.

ക്ലോറിൻ വെള്ളം കുടിയും ക്ലോറിൻ കുളിയും ഒഴിവാക്കുക

ഓക്സിജനും ജീവതേജസുമുള്ള ഭക്ഷണം കൂടുതൽ കഴിക്കുക. പഴങ്ങളും പച്ചക്കറികളും തേങ്ങയും വേവിക്കാതെ ഫ്രഷായിത്തന്നെ കഴിക്കുക. മൊത്തം ഭക്ഷണത്തിന്റെ 60–70 ശതമാനം വേവിക്കാത്തതാകണം.

കൃത്രിമത്തങ്ങൾ വരുത്തിയ ഭക്ഷണ സാധനങ്ങൾ പ്രത്യേകിച്ച് കച്ചവട ഭക്ഷണ സാധനങ്ങൾ, പാനീയങ്ങൾ ഒഴിവാക്കണം.

ചായ, കാപ്പി, മദ്യം, കോള, എനർജിഡ്രിങ്കുകൾ, വറുത്തത്, പൊരിച്ചത്, ബേക്കറി സാധനങ്ങൾ, പഞ്ചസാര, മൈദ, വനസ്പതി, റീഫൈൻ എണ്ണകൾ, എല്ലാം കർശനമായി ഒഴിവാക്കണം.

ഉപ്പ് ഏറ്റവും കുറയ്ക്കണം.

പിടിച്ചു നിൽക്കാൻ പ്രയാസമാകുമ്പോൾ മരങ്ങൾ ഇല പൊഴിക്കുന്നതു പോലെയാണ് ശരീരം മുടി പൊഴിക്കുന്നത് എന്ന് തിരിച്ചറിഞ്ഞാൽ ഭാവിയിലെ അപകടങ്ങളെ മനസിലാക്കാനും ചിട്ടകൾ പാലിക്കാനും സഹായകമാകും. ശരീരം വിഷലിപ്തമാകുന്നതിന്റെ ഇത്തരം സൂചനകളെ തിരിച്ചറിഞ്ഞ് പ്രകൃതിജീവനം പാലിക്കുന്നവർ ഭാഗ്യവാന്മാരാണ്.

## ഇളകിയ പല്ലുകൾ ഉറയ്ക്കാൻ

**ഞാൻ 55 വയസ്സുള്ള ഒരധ്യാപകനാണ്. എന്റെ കീഴ്‌വരിയിലുള്ള പല്ലുകൾ ഇളകിത്തുടങ്ങിയിരിക്കുന്നു. മോണയിൽ നിന്നും ചോര വരുന്നതും ഒരു പ്രശ്നമാണ്. പല്ലുകൾ റൂട്ട് കനാൽ ചെയ്യണമെന്നും അല്ലെങ്കിൽ പ**

**റിച്ചു കളഞ്ഞ് വേറെ വെയ്ക്കാമെന്നും ദന്ത ഡോക്ടർ പറയുന്നു. എന്താണ് ഞാൻ ചെയ്യേണ്ടത്?**

**ശശിശേഖർ പി.എസ്,**
**വടക്കേ കോട്ടവാതിൽ, തൃപ്പൂണിത്തുറ**

പല്ലിന്റെയും മോണയുടെയും തകരാറുകൾ എല്ലാം വയറിന്റെ ദുഃസ്ഥിതിയിൽ നിന്നും ഉണ്ടാകുന്നവയാണ്. ദന്ത ഡോക്ടർ നിർദ്ദേശിച്ചിട്ടുള്ള വയെല്ലാം തന്നെ തലവേദനയ്ക്ക് തലവെട്ടിക്കളയുന്ന തരത്തിലുള്ള പരിഹാരങ്ങളാണ്. ആഹാരപാനീയങ്ങൾ പ്രകൃതിരീതികളിലാക്കിയതിനു ശേഷം താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കുക. പല്ലുകൾ വീണ്ടും ഉറച്ചു കിട്ടാൻ ഏറെ സാധ്യതയുണ്ട്. ഇല്ലെങ്കിൽ മാത്രം അറ്റകൈ പ്രയോഗങ്ങൾ ചെയ്യുക. റൂട്ട് കനാൽ, ഇംപ്ലാന്റ്, സിൽവർ അമാൽഗ പ്രയോഗങ്ങൾ ചെയ്യിക്കരുത്.

ടൂത്ത്പേസ്റ്റുകൾ നിർത്തി ആയുർവേദ പൽപൊടികൾ, ഉമിക്കരി, മാവില തുടങ്ങിയവയാക്കുക.

ഉപ്പിട്ട ചെറുചൂടുവെള്ളം വായിൽ നിർത്തുക. രാവിലെയും രാത്രിയിലും.

രണ്ടുനേരവും മോണകൾ 12 ഭാഗങ്ങളിലും കൈവിരലുകൾ കൊണ്ട് 20 പ്രാവശ്യം വീതം മസാജ് ചെയ്യുക. ഇടതു മോണയുടെ അകവും പുറവുമായി നാല്, മുൻവരിയിൽ നാല്, വലതുഭാഗത്ത് മുകളിലും താഴെയുമായി നാല് വീതമായാണ് മോണയ്ക്ക് 12 ഭാഗങ്ങൾ പറഞ്ഞത്.

മുകളിലെ മോണകളുടെ ഉൾഭാഗങ്ങളിൽ തള്ളവിരൽ ഉപയോഗിച്ച് മസാജ് ചെയ്യാം.

നല്ല വെളിച്ചെണ്ണ വായിൽ നിർത്തിയ ശേഷം അത് കളയാതെ സൂക്ഷിച്ച് മസാജ് ചെയ്യുന്നത് മോണയിലെ ചോരയ്ക്കും പല്ലിളക്കതിതനും നല്ലപരിഹാരമാണ്. മുടങ്ങാതെ നിത്യവും രണ്ടുനേരം ചെയ്യണം.

തലേന്ന് വൈകീട്ട് വെള്ളത്തിലിട്ട എള്ള് രാവിലെയും ഉച്ചയ്ക്കും ഭക്ഷണത്തോടൊപ്പം ഒരു പിടി കഴിക്കുന്നത് പല്ലിനും എല്ലിനുമൊക്കെ നല്ല ബലം നൽകും.

വാ തുറന്നു പിടിച്ച് പല്ലിലും മോണയിലും കഴിയുന്നത്ര വെയിൽ കൊള്ളുന്നതും നല്ലതാണ്.

ആഹാരം ചവയ്ക്കാനല്ലാതെ നൂല് മുറിക്കാനും, ഇലക്ട്രിക് വയറിന്റെ ഇൻസുലേഷൻ കളയാനുമൊന്നും പല്ലിനെ ഉപയോഗിക്കരുത്.

നന്നായി കടിച്ചു തിന്നാവുന്ന ആഹാരസാധനങ്ങളാണ് പല്ലിനെ രക്ഷിക്കുക. ചവയ്ക്കേണ്ടതില്ലാതാക്കുന്ന ആധുനിക ഭക്ഷണ സാധനങ്ങൾ പല്ലിന്റെ നാശത്തിനുള്ള പ്രധാന കാരണങ്ങളാണ്.

പഞ്ചസാര, മൈദ, വനസ്പതി, ബേക്കറി സാധനങ്ങൾ, മിഠായി, ചോക്കലേറ്റ്, ഐസ്ക്രീം തുടങ്ങിയവ പല്ലിന്റെ അന്തകസാധനങ്ങളാണ്.

# തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ടെക്നോളജിസ്റ്റിന് അമിത റേഡിയേഷനേറ്റു

തിരുവനന്തപുരം മെഡിക്കൽ കോളേജ് റേഡിയോതെറപ്പി വിഭാഗത്തിലെ ടെക്നോളജിസ്റ്റിന് അമിത റേഡിയേഷൻ ഏറ്റതായി കണ്ടെത്തൽ. സംഭവത്തെക്കുറിച്ച് ആറ്റമിക് എനർജി റെഗുലേറ്ററി ബോർഡ് അന്വേഷണമാരംഭിച്ചു. തിരുവനന്തപുരം ജനറൽ ആശുപത്രിയിലും നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലും എക്സ്റേ ഉപകരണങ്ങൾക്ക് ലൈസൻസില്ലെന്ന് എഇആർബി പരിശോധനയിൽ കണ്ടെത്തി.

മെഡിക്കൽ കോളജ് ആശുപത്രി റേഡിയോതെറപ്പി വിഭാഗത്തിലെ ടെക്നോളജിസ്റ്റിന് അമിത റേഡിയേഷൻ ഉണ്ടായെന്നാണ് കണ്ടെത്തൽ. ചെന്നൈയിലെ അവാന്റെ ലാബിൽ നടത്തിയ പരിശോധനാ ഫലം ആണവോർജ നിയന്ത്രണ ബോർഡിനു കൈമാറിയിട്ടുണ്ട്. സംഭവത്തെ അതീവ ഗൗരവത്തോടെ കാണുന്ന ബോർഡ് അന്വേഷണമാരംഭിച്ചു. റേഡിയോ തെറപ്പി വിഭാഗത്തിൽ ജോലി ചെയ്യുന്നവർ റേഡിയേഷൻ അടയാളപ്പെടുത്തുന്ന പ്രത്യേക ബാഡ്ജ് ധരിക്കണം. ഈ ബാഡ്ജ് മൂന്നു മാസത്തിലൊരിക്കൽ ചെന്നൈയിലെ ലാബിൽ പരിശോധിക്കും. ഈ പരിശോധനയിലാണ് അമിത റേഡിയേഷൻ ഏറ്റതായി കണ്ടെത്തിയത്.

ബാഡ്ജ് ഉപകരണങ്ങളുടെ അടുത്ത് മറന്നുവച്ചാലും ഉയർന്ന റേഡിയേഷൻ രേഖപ്പെടുത്താം. ആണവോർജ നിയന്ത്രണ ബോർഡിന്റെ പരിശോധനയിൽ മെഡിക്കൽ കോളേജിൽ ഉയർന്ന റേഡിയേഷൻ പ്രസരിപ്പിക്കുന്ന 21 ഉപകരണങ്ങൾക്ക് ലൈസൻസില്ലെന്ന് കണ്ടെത്തിയിരുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ 11 – ഉം നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ നാലും ഉപകരണങ്ങൾക്കും ലൈസൻസില്ലെന്ന് കണ്ടെത്തി. ഉപകരണങ്ങൾ മുദ്രവച്ചാൽ പാവപ്പെട്ട രോഗികൾ ദുരിതത്തിലാകുമെന്നതിനാൽ ലൈസൻസ് നേടാൻ മുപ്പതു ദിവസത്തെ സാവകാശം അനുവദിച്ചു. ലൈസൻസില്ലാത്തതിനാൽ മുത്തൂറ്റ് ഡയഗ്നോസ്റ്റിക്സിലെ ഒരു സിടി സ്കാൻ മെഷീനും നെയ്യാറ്റിൻകര അനുപമ സ്കാൻസിലെ രണ്ട് ഉപകരണങ്ങളും അനൂപ് സ്കാനിങ് സെന്ററിലെ ഒരു എക്സ്റേ മെഷീനും എഇആർബി പരിശോധനാ സംഘം മുദ്രവച്ചു.

*കടപ്പാട്: manoramanews.com*

# മെഡിസിറ്റി ആശുപത്രിയിൽ മൃതദേഹത്തിനും വിദഗ്ദ്ധ ചികിത്സ!

**അർജുൻ സി വനജ്**

മരിച്ച് മണിക്കൂറുകൾ പിന്നിട്ടതിന് ശേഷം ആശുപത്രിയിൽ എത്തിച്ച മൃതദേഹത്തിൽ പാലാരിവട്ടത്തെ റിനൈ മെഡിസിറ്റി ആശുപത്രി അധികൃതർ ചികിത്സ നടത്തിയതായി വെളിപ്പെടുത്തൽ. ആഗസ്ത് ഇരുപത്തിയെട്ടിന് മരിച്ച മുപ്പത്തിമൂന്നുകാരനായ പാലാരിവട്ടം സ്വദേശി ചമ്മിണിക്കോടത്ത് ജോബിയുടെ മൃതദേഹത്തിലാണ് ആശുപത്രി അധികൃതർ ചികിത്സ നടത്തിയത്.

രാവിലെ ആശുപത്രിയിലെത്തിച്ച മൃതദേഹത്തിൽ സിപിആർ അടക്കമുള്ള അടിയന്തിര ചികിത്സ നൽകിയതായി ആശുപത്രി രേഖകളിൽ വ്യക്തമാക്കുന്നു. എന്നാൽ നാല് മണിയോടെ പോസ്റ്റ്മോർട്ടം ടേബിളിൽ എത്തിച്ച മൃതദേഹത്തിന് ജീവൻ നഷ്ടപ്പെട്ടിട്ട് 12 മുതൽ 18 മണിക്കൂർ വരെ പിന്നിട്ടെന്നാണ് കളമശ്ശേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലെ അസോസിയേറ്റ് ഫോറൻസിക് സർജ്ജനും പോലീസ് സർജ്ജനുമായ ഡോ.ഹിതേഷ് ശങ്കർ വെളിപ്പെടുത്തുന്നത്.

മരിച്ച് രണ്ട് മുതൽ നാല് മണിക്കൂറിന് ശേഷം മൃതദേഹത്തിന്റെ പേശികൾ ദൃഢമാകുന്ന മൃത്യുജഡ കാഠിന്യം (റിഗർ മോട്ടീസ്) എന്ന അവസ്ഥയിലെത്തിയ ശേഷമാണ് റിനൈ മെഡിസിറ്റിയിൽ എത്തിച്ചത്. എന്നാൽ മരിച്ചിട്ടില്ലെന്ന വ്യാജേന റിനൈ മെഡിസിറ്റി അധികൃതർ മൃതദേഹത്തിന്റെ കൈയിൽ നീഡിൽ ഇട്ടു, സിപിആർ നൽകി: ഡോ.ഹിതേഷ് ശങ്കർ മറുനാടൻ മലയാളിയോട് പറഞ്ഞു.

പൾസ് ചെക്ക് ചെയ്താലോ, ഇസിജി എടുക്കേണ്ട പോലും ആവശ്യമില്ലാത്ത അവസ്ഥയിലായിരുന്നു മൃതദേഹം ആശുപത്രിയിൽ എത്തിക്കുമ്പോൾ. പിന്നെയെന്തിനാണ് റിനൈ മെഡിസിറ്റി ബന്ധുക്കളെ കബളിപ്പിച്ചതെന്നും ഫോറൻസിക് സർജ്ജർ ചോദിക്കുന്നു. തിങ്കളാഴ്ച രാവിലെ എട്ടരയോടെയാണ് ജോബിയെ ബെഡിൽ മരിച്ച് കിടക്കുന്നതായി വീട്ടുകാർ കാണുന്നത്. വളരെപ്പെട്ടന്ന് തന്നെ ഏറ്റവും അടുത്തുള്ള പാലാരിവട്ടത്തെ റിനൈ മെഡിസിറ്റിയിൽ എത്തിച്ചു.

എന്നാൽ മണിക്കൂർ രണ്ട് കഴിഞ്ഞാണ് ജോബിയുടെ മരണവിവരം ബന്ധുക്കളോട് ആശുപത്രി അധികൃതർ പറയുന്നത്. എന്നാൽ ഇതിനിടയിൽ 1121 രൂപയുടെ സാധനങ്ങൾ ഫാർമസിയിൽ നിന്ന് വാങ്ങിപ്പിച്ചു. 12.15 നാണ് ഫാർമസിയിൽ നിന്ന് സാധനങ്ങൾ വാങ്ങിപ്പിച്ചതെന്ന് ഫാർമസി ബില്ലിലെ സമയം വ്യക്തമാക്കുന്നു. രോഗി റിഗർ മോർട്ടിസ് അവസ്ഥയിലായിരുന്നുവെന്നും അതിനാൽ സിപിആർ നൽകിയെന്നും റിനൈ മെഡിസിറ്റിയുടെ ഡെത്ത് സമ്മറിയിൽ വ്യക്തമാക്കുന്നു. 9.25 ന് ക്ലിനിക്കലി മരണം സംഭവിച്ചെന്നും ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു. എന്നാൽ രോഗി മരിച്ച് മണിക്കൂറുകൾ പിന്നിട്ട ശേഷം എന്തിനാണ് എമർജൻസി മെഡിസിൻ വിഭാഗം സിപിആർ നൽകിയതെന്നാണ് ഡോ.ഹിതേഷ് ശങ്കറിന്റെ ചോദ്യം.

ഇത്തരം സംഭവം കൊച്ചിയിൽ സാധാരണമാണ്. കഴിഞ്ഞ നാലുമാസത്തിനിടെ മൂന്നാമത്തെ സംഭവമാണ്. ഇടപ്പള്ളി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിലും മറ്റൊരു വൻകിട ആശുപത്രിയിലും (ചികിത്സിച്ചതിന്റെ തെളിവുകൾ ഇല്ലാത്തതിനാൽ പേര് നൽകുന്നില്ല.) സമാനമായ സംഭവം ഉണ്ടായിട്ടുണ്ട്. ആത്മഹത്യ ചെയ്ത യുവതിയുടെ ബന്ധുക്കളിൽനിന്നും മൃതദേഹ ചികിത്സ നടത്തി പതിനായിരങ്ങൾ ആശുപത്രി അധികൃതർ കൊള്ളയടിക്കുന്ന സംഭവങ്ങൾ കൊച്ചിയിലും ഇപ്പോൾ വർദ്ധിച്ച് വരുകയാണ്. സാധാരണയായി പോസ്റ്റ്മോർട്ടം ടേബിളിൽ എത്തിക്കുന്ന മൃതദേഹ പരിശോധനയിൽ, വെന്റിലേറ്റർ നീക്കം ചെയ്ത് മരണം നടന്നതായി രേഖപ്പെടുത്തിയ സമയത്തിന് മണിക്കൂറുകൾ മുമ്പ് തന്നെ മരണം സംഭവിച്ചതായി വെളിവാക്കുന്ന ധാരാളം സന്ദർഭങ്ങൾ അടുത്തകാലത്തായി വർദ്ധിക്കുകയാണ്.

ആസ്റ്റർ മെഡിസിറ്റിയിൽ നിന്ന് പോസ്റ്റ്മോർട്ടത്തിനായി എത്തിച്ച മൃതദേഹത്തിന്റെ വലത് വശത്തെ അഞ്ചാമത്തേയും ആറാമത്തേയും വാരിയെല്ലുകൾ ഒടിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ്, എറണാകുളം ജില്ലാ ആശുപത്രിയിലെ സർജ്ജൻ കളമശ്ശേരി ഗവൺമെന്റ് മെഡിക്കൽ കോളേജിലേക്ക് തൂങ്ങി മരിച്ചയാളുടെ മൃതദേഹം കൈമാറുന്നത്. മർദ്ദനത്തെത്തുടർന്നാണോ വാരിയെല്ലുകൾ ഒടിഞ്ഞതെന്ന സംശയത്തെ തുടർന്നാണ് കളമശ്ശേരിയിലേക്ക് മാറ്റിയത്. വലത് ഭാഗത്തെ വാരിയെല്ലുകൾ ഒടിയുന്നത് അസാധാരണമാണ്. എന്നാൽ മരിച്ച ശേഷം ആശുപത്രിയിൽ എത്തിച്ചയാളെ സിപിആറിന് വിധേയമാക്കിയപ്പോളാണ് വാരിയെല്ലുകൾ ഒടിഞ്ഞതെന്നാണ് പിന്നീട് പോസ്റ്റ്മോർട്ടത്തിൽ വ്യക്തമായത് – ഡോക്ടർ പറയുന്നു. ഇത്തരം വിവരങ്ങൾ ഫോറൻസിക് വകുപ്പ്, ആർഡിഒ, പോലീസ് അധികൃതർ എന്നിവർക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. എന്നാൽ മരണത്തിൽ പലപ്പോഴും ബന്ധുക്കൾക്ക് സംശയം ഇല്ലാത്തതിനാൽ തുടർനടപടികൾ ഉണ്ടാകാറില്ലെന്നാണ് പോലീസ് അധികാരികളിൽ നിന്ന് അറിയാൻ കഴിഞ്ഞത്. എലിജിബിലിറ്റി ടെസ്റ്റ് പാസാകാത്തവർ പോലും എറണാകുളത്തെ വൻകിട ആശുപത്രിയിൽ ജോലി ചെയ്യുന്നുണ്ട്. മെഡിക്കൽ കൗൺസിലിന്റേയും സംസ്ഥാന ആരോഗ്യ വകുപ്പിന്റേയും ജാഗ്രതയോടുള്ള നിരീക്ഷണം കൊണ്ടു മാത്രമേ ഇതിന് തടയിടാൻ കഴിയൂവെന്നാണ് അസോസിയേറ്റ് ഫോറൻസിക് സർജ്ജൻ ഹിതേഷ് ശങ്കർ പറയുന്നത്.

*(manoramanews.com)*

# വെടിക്കോപ്പിന്റെ രാസവള ചരിത്രം

അശോകകുമാർ വി.

**മണ്ണിന്റെ ഫലഭൂയിഷ്ഠതയാകെ കൊള്ളയടിക്കുന്ന ആധുനിക വൻകിട ഏകവിളത്തോട്ടങ്ങളുടെ സംസ്ഥാപനമാണ് കൃത്രിമവളപ്രയോഗത്തെ ആവശ്യമാക്കിത്തീർത്തത്. പ്രാദേശിക സസ്യവൈവിധ്യങ്ങളെ തകർത്തുകൊണ്ട് ഏതെങ്കിലും ഒരുവിള തന്നെ ഒരേയിടത്തിൽ നിരന്തരം കൃഷിചെയ്തതോടെ മണ്ണും സസ്യജന്തുജാലങ്ങളും തമ്മിലുള്ള പരസ്പരാശ്രിതത്വം വിച്ഛേദിക്കപ്പെട്ടു. ദശകങ്ങൾകൊണ്ടു തന്നെ മണ്ണും വിളയും ക്ഷയിച്ചു.**




'എങ്ങാണ്ടെന്നു കുറേ വളം വാങ്ങിക്കൊണ്ടുവരും; നോക്കിക്കോ നാളെ ഈ പാടത്ത് പുല്ലു മുളയ്ക്കത്തില്ല, മണ്ണ് നശിച്ചുപോകും,' എന്ന് 'കൃഷിക്കാരൻ' എന്ന തന്റെ കുട്ടനാടൻ കഥയിൽ തകഴി ശിവശങ്കരപ്പിള്ള, രാസവളം വന്നുതുടങ്ങിയ അന്നേ മുന്നറിയിപ്പു തന്നത് വെറുതെയല്ല.

ഔതക്കുട്ടി എന്ന രാസവളകൃഷി മുതലാളി കുട്ടനാട്ടിലേയ്ക്കു വന്ന് ചെറുപാടങ്ങൾ ഓരോന്നും വാങ്ങിക്കൂട്ടി, വൻതോതിൽ നെൽകൃഷി ചെയ്ത് ലാഭം കൊയ്തെടുത്തപ്പോൾ, കേശവൻ നായർ എന്ന പരമ്പരാഗത ചെറുകിട പാട്ടം കർഷകൻ ഭൂരഹിതനും തൊഴിൽ പോയവനും നിത്യദരിദ്രനുമായിത്തീർന്നതാണ് കൃഷിക്കാരൻ എന്ന കഥയിലെ പ്രമേയം. അച്ഛനപ്പൂപ്പന്മാരായി കൃഷിയിറക്കിവന്ന മണ്ണിനോട് ഒരു വൈകാരിക ബന്ധമുണ്ട് കേശവൻ നായർക്ക്. അയാളെയും കുടുംബത്തെയും പോറ്റുന്നത് ആ മണ്ണാണ്. അയാളതിനെ സ്നേഹിക്കുകയും ബഹുമാനിക്കുകയും സംരക്ഷിക്കുകയും പോഷിപ്പിക്കുകയും ചെയ്യുന്നു. ചോറുണ്ണുന്നതും ജീവിതച്ചെലവുകൾ നിർവ്വഹിക്കുന്നതുമൊക്കെ നെൽകൃഷി ചെയ്തിട്ടാണ്. അയാൾക്കതൊരു ഉപജീവനമാർഗ്ഗമാണ്.

ഔതക്കുട്ടി പുതുപണക്കാരനാണ്. അയാൾ വയലുകൾ വാങ്ങിക്കൂട്ടുന്നതും രാസവളമിട്ട് കൃഷി ചെയ്യുന്നതും അയാൾക്കു അതിന്റെ കഞ്ഞികുടിക്കാനല്ല. ആ നെല്ലെല്ലാം ഒരു മണിയെടുക്കാതെ നല്ല ലാഭത്തിന് വിൽക്കാനുള്ളതാണ്. നെൽകൃഷി ആദായകരമായതുകൊണ്ട് അതിലേയ്ക്കിറങ്ങി, പണം പെട്ടെന്നുണ്ടാക്കാൻ വന്നതാണയാൾ. മണ്ണെന്താണെന്നറിയേണ്ട കാര്യമയാൾക്കില്ല. മണ്ണിനോടയാൾക്ക് മമതയുമില്ല. കൂടുതൽ വിളവു കിട്ടാൻ ആരെന്തു പറഞ്ഞാലും അയാൾ ചെയ്യും.

## കയറ്റുമതിക്കൃഷി

വിദേശഭരണകാലത്താണ് ഇന്ത്യയിൽ, വ്യവസായത്തെ പോലെ ലാഭം മാത്രം നേടുന്നതിനുള്ള ഒരു സംരംഭമായി കൃഷി രൂപപ്പെടുന്നത്. വിദേശവിപണിക്കാവശ്യമായ വിഭവങ്ങൾ ഉൽപ്പാദിപ്പിച്ച് കയറ്റുമതി ചെയ്യുന്ന ഏർപ്പാടാക്കി, കൃഷിയിൽ ബ്രിട്ടീഷ് ഭരണം മാറ്റങ്ങൾ വരുത്തി. പണമുണ്ടാക്കാനറിയാത്തവനും മണ്ണിനെ കെട്ടിപ്പിടിച്ചു കിടക്കുന്നവനുമായ ഒരു പമ്പരവിഡ്ഢിയായി കേശവൻ നായരെ ഔതക്കുട്ടി പരിഹസിക്കുന്നതുപോലെ ആദായകരമായ പുതിയ കാർഷിക സംരംഭങ്ങളിലേക്കുയരാൻ വിസമ്മതിക്കുന്ന പാരമ്പര്യ പ്രണയികളായി ബ്രിട്ടീഷ്- ഈസ്റ്റ് ഇന്ത്യാ കമ്പനിയും അതിന്റെ ശാസ്ത്ര ഉദ്യോഗസ്ഥരും ഇന്ത്യൻ കൃഷിക്കാരെ പരിഹസിക്കുന്നുണ്ട്. ബ്രിട്ടീഷ് ഇന്ത്യയിലെ കാർഷിക ഗവേഷണം, മാറാൻ കൂട്ടാക്കാതെ സ്വയം നശിക്കുന്നവർ എന്ന് കൃഷിക്കാരെ കുറ്റപ്പെടുത്തി.

ബ്രിട്ടീഷ് ഭരണക്കാർക്ക് ഇന്ത്യയിലെ മണ്ണ് നാടിനാവശ്യമായ ഭക്ഷ്യവിഭവങ്ങൾ ഉണ്ടാക്കാനുള്ള അക്ഷയഖനി ആയിരുന്നില്ല. അവരെ സംബന്ധിച്ച് ഭൂമി, കൂടുതൽ പണമുണ്ടാക്കാൻ മുതൽ മുടക്കുന്നതിനുള്ള ഉപാധിയായിരുന്നു. മണ്ണുകൊണ്ട് എങ്ങനെ ലാഭമുണ്ടാക്കാം, കച്ചവടത്തിന് പറ്റിയവ എവിടെയൊക്കെ, എങ്ങനെയൊക്കെ കൃഷി ചെയ്യാം എന്നാണ് അവർ അന്വേഷിച്ചത്. യൂറോപ്യൻ വിപണിക്കാവശ്യമായ നാണ്യവിളകൾ ഉൽപ്പാദിപ്പിക്കുന്ന പുതിയൊരു കാർഷികരംഗമാണ് കോളനിവാഴ്ച ഇവിടെ ഉദ്ഘാടനം ചെയ്തത്.

ബ്രിട്ടീഷുകാർ കുടിയേറി സ്ഥിരവാസമുറപ്പിച്ച അമേരിക്കയിലും പരമ്പരാഗത നാട്ടുകൃഷികളെയും വനപ്രദേശത്തെയും കൈയേറി തള്ളി മാറ്റി, യൂറോപ്പിലെ വിപണിക്കു പറ്റിയ പുതിയ വിളകൾ വ്യാപകമാക്കപ്പെടുന്നുണ്ട്. മണ്ണിന്റെ ഫലഭൂയിഷ്ഠതയാകെ കൊള്ളയടിക്കുന്ന ആധുനിക വൻകിട ഏകവിളത്തോട്ടങ്ങളുടെ സംസ്ഥാപനമാണ് കൃത്രിമവളപ്രയോഗത്തെ ആവശ്യമാക്കിത്തീർത്തത്. പ്രാദേശിക സസ്യവൈവിധ്യങ്ങളെ തകർത്തുകൊണ്ട് ഏതെങ്കിലും ഒരുവിള തന്നെ ഒരേയിടത്തിൽ നിരന്തരം കൃഷിചെയ്തതോടെ മണ്ണും സസ്യജന്തുജാലങ്ങളും തമ്മിലുള്ള പരസ്പരാശ്രിതത്വം വിച്ഛേദിക്കപ്പെട്ടു. ദശകങ്ങൾകൊണ്ടു തന്നെ മണ്ണും വിളയും ക്ഷയിച്ചു.

## ബൊട്ടാണിക്കൽ ഗാർഡൻ

വാണിജ്യസ്വഭാവമുള്ള സസ്യങ്ങൾ വളർത്തുന്നതിൽ യൂറോപ്യൻമാർക്ക് താൽപ്പര്യം വന്നതോടെയാണ് അത്തരം ചെടികൾ നട്ടുവളർത്താനും പ്രചരിപ്പിക്കാനുമായി ബൊട്ടാണിക്കൽ ഗാർഡനുകൾ സ്ഥാപിക്കപ്പെടുന്നത്. ഇത്തരം സസ്യത്തോട്ടങ്ങളിൽ അന്യദേശങ്ങളിൽ നിന്നു കൊണ്ടുവന്ന ചെടികൾ വളർത്താനുള്ള പരീക്ഷണങ്ങൾ നടന്നു. ഭൂപ്രകൃതിയെയും കാലാവസ്ഥയെയും പ്രാദേശിക സാഹചര്യങ്ങളെയും സംസ്കാരത്തെയും അവഗണിച്ചു കൊണ്ട് പുതിയയിനങ്ങളെ വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്ത് അതിന്റെ ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനാണ് ബൊട്ടാണിക്കൽ ഗാർഡനുകൾ ഉണ്ടായത്.

ബ്രിട്ടീഷുകാർ ഇവിടെ സസ്യോദ്യാനങ്ങൾ സ്ഥാപിച്ചതിനെ, ശാസ്ത്രം വളർത്തുന്നതിൽ അവർക്കുള്ള നിസ്വാർത്ഥമായ താൽപ്പര്യത്തിന്റെ തെളിവായിട്ടാണ് പൊതുവേ ചിത്രീകരിക്കപ്പെടുന്നത്. വൻതോതിൽ വനനശീകരണം നടത്തി കോളനിഭരണം പണമുണ്ടാക്കിയതിന്റെ ഫലമായി കാലാവസ്ഥയിൽ മാറ്റമുണ്ടായപ്പോൾ അതിനുള്ള പരിഹാരം കാണുന്നതിനാണ് പരിസ്ഥിതി സംരക്ഷണത്തിന്റെ ആദ്യസംരംഭങ്ങളെന്ന നിലയിൽ അവർ തന്നെ സസ്യോദ്യാനങ്ങളും വനംവകുപ്പും കൊണ്ടുവന്നതെന്ന വാദവും നന്നായി ഇന്ന് പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ഇത്തരം വെള്ളപൂശലുകൾ കോളനിവാഴ്ചയുടെ നിഷ്ക്കരുണമായ വാണിജ്യലക്ഷ്യങ്ങളാൽ വന്നു ചേർന്ന വലിയ കേടുപാടുകളെ വിസ്മരിപ്പിക്കാൻ വേണ്ടിയുള്ളതാണ്.

18-ാം നൂറ്റാണ്ടിന്റെ ഒടുവിലും 19-ാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമായി ഇന്ത്യയിലും വാണിജ്യാവശ്യങ്ങൾക്കുള്ള കൃഷിയെ കോളനിവാഴ്ച വളർത്തിയെടുത്തു. 1786 ൽ കൽക്കട്ടയിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ മുൻകൈയിൽ റോയൽ ബൊട്ടാണിക്കൽ ഗാർഡൻ സ്ഥാപിക്കുന്നത് ഈ ലക്ഷ്യം മുൻനിർത്തിയാണ്. ലെഫ്.കേണൽ റോബർട്ട് കിഡ് (Lieut.Col.Robert Kyd) മുൻകൈയെടുത്ത് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ സഹായത്തോടെയാണ് ഇത് സ്ഥാപിക്കുന്നത്. കയറ്റുമതിച്ചരക്കുകൾ കൃഷി ചെയ്യാൻ പറ്റിയ സസ്യങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്ന് ഇവിടേയ്ക്കു കൊണ്ടുവന്നു. ചൈനയിൽ നിന്ന് പുതിയയിനം കരിമ്പുകൾ ക്യാപ്റ്റൻ സ്ലീമാൻ കമ്പനിക്കുവേണ്ടി ഇന്ത്യയിലെത്തിച്ചു. 1799 ആയപ്പോഴക്കും മുന്തിയ ഇനങ്ങളായ പതിനായിരക്കണക്കിനു കരിമ്പുകൾ ഇങ്ങനെ കൊണ്ടുവരപ്പെട്ടു. ബോംബേ പ്രവിശ്യയിൽ സിൽക്ക്, പരുത്തി എന്നിവയുടെ തോട്ടങ്ങളും വ്യാപിപ്പിച്ചു. 1820 ൽ 'ദി അഗ്രികൾച്ചറൽ സൊസൈറ്റി' ഇന്ത്യയിൽ സ്ഥാപിക്കുന്നതും 1830 ൽ ചോളം, പരുത്തി, കരിമ്പ് എന്നിവയിലെ പുതിയയിനങ്ങൾ ഇറക്കുമതി ചെയ്യുന്നതും വാണിജ്യകൃഷിയെ വളർത്തുന്നതിനായിരുന്നു. നിത്യഹരിത വനമേഖലകളെ നിർദ്ദയം വടിച്ചുമാറ്റി, അവിടങ്ങളിൽ ചായത്തോട്ടങ്ങൾ ഉണ്ടാക്കിയതിന് ഇന്ത്യയിൽ കളമൊരുക്കിയത് കൽക്കട്ട ബൊട്ടാണിക്കൽ ഗാർഡനിൽ നടത്തിയ പരീക്ഷണങ്ങളാണ്. ഇതോടൊപ്പം ചണവും കരിമ്പും പരുത്തിയും കയറ്റുമതിച്ചരക്കുകളായ ഏകവിളകളായി മാറ്റപ്പെടുകയും ചെയ്തു.

1863 ൽ മദ്രാസിലെ സൈറ്റ്പേട്ടിൽ ആദ്യത്തെ അഗ്രികൾച്ചർ എക്സ്പെരിമെന്റ് സ്റ്റേഷനുണ്ടായി. 1876 ഓടെ, ലോഡ് മയോ വൈസ്രോയിയുടെ കാലത്ത് പരുത്തികൃഷിയും കയറ്റുമതിയും വർദ്ധിപ്പിക്കാനുള്ള നടപടികളുണ്ടായി. അമേരിക്കൻ അഭ്യന്തരയുദ്ധത്തെത്തുടർന്ന് അവിടെ നിന്ന് യൂറോപ്പിലേക്കുള്ള പരുത്തിക്കയറ്റുമതി തടയപ്പെട്ടപ്പോഴാണ് ഇന്ത്യയിൽ പരുത്തികൃഷി കുറേക്കൂടി ഊർജ്ജസ്വലമാക്കുന്നത്.

1905 ൽ ബീഹാറിൽ ഇംപീരിയൽ അഗ്രികൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതും അതിന്റെ ചുമതല ബ്രിട്ടീഷ് കൃഷിശാസ്ത്രജ്ഞനായ സർ ആൽബർട്ട് ഹോവാർഡിനെ ഏൽപ്പിക്കുന്നതും കാർഷിക ഗവേഷണങ്ങൾക്കും വിദ്യാഭ്യാസത്തിനും വേണ്ടി 20 ലക്ഷം രൂപ ബജറ്റിൽ നീക്കി വെയ്ക്കുന്നതും കയറ്റുമതി ഏകവിളകളെ വ്യാപിപ്പിക്കുന്നതിനു വേണ്ടിയായിരുന്നു. 1924 ൽ

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാന്റ് ഇൻഡസ്ട്രി ഇൻഡോറിൽ സ്ഥാപിച്ച് അതിന്റെ ഡയറക്ടറായി, ഹോവാർഡിനെ നിയമിച്ചത് പ്രധാനമായും പരുത്തി കൃഷി പരിഷ്ക്കാരങ്ങൾക്കായിരുന്നു.

ഈവക ശ്രമങ്ങൾ കൊണ്ട് വാണിജ്യതാൽപ്പര്യങ്ങൾക്കൊത്ത ഫലം കാണാതെ വന്നപ്പോഴാണ് 1927 ൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് സ്ഥാപിതമാകുന്നത്. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ കാർഷികോൽപ്പാദനം 1 ശതമാനം എന്ന നിരക്കിൽ ഇന്ത്യയിൽ കൂടുന്നുണ്ട്. കയറ്റുമതി വിളകൾക്കു വേണ്ടി പഞ്ചാബിലും നർമ്മദാതാഴ്‌വരയിലും ആന്ധ്രയിലും പുതിയ ജലസേചനത്തോടുകൾ ഉണ്ടാക്കി. കാർഷിക പ്രോത്സാഹനമെന്നാൽ വാണിജ്യവിളകളുടെ ഉന്നമനമായിരുന്നു. 1891 -1946 കാലത്ത് കയറ്റുമതി വിളകളുടെ കൃഷി കൂടിയെങ്കിലും ഭക്ഷ്യവിളകളുടെ വളർച്ച 0.4% കുറയുകയാണുണ്ടായത്. ഇതിൽ നെല്ലാണ് ഏറ്റവുമധികം ക്ഷയിച്ചുപോയ ഭക്ഷ്യവിള.

പരുത്തിക്കും കരിമ്പിനും തേയിലക്കും റബ്ബറിനും അമിത പരിചരണം കിട്ടിയപ്പോൾ ഭക്ഷ്യവിളകൾ കൃഷിചെയ്യുന്നവർ തഴയപ്പെട്ടു. കൃഷി കൊണ്ട് ആദായമില്ലാതെ വന്ന് ചെറുകിട കർഷകർ ഭൂമി ഉപേക്ഷിച്ചു. നിത്യവൃത്തി തള്ളിനീക്കാൻ പ്രയാസപ്പെട്ടവരുടെ മണ്ണ് വളക്കൂറില്ലാതെ വീണ്ടും പരീക്ഷിണമായി. കന്നിമണ്ണിലും മെച്ചപ്പെട്ടയിടങ്ങളിലും നാണ്യവിളകൾ, വളമൊന്നും വീഴാത്ത പാടങ്ങളിൽ ഭക്ഷ്യവിളകൾ, ഇതാണ് ബ്രിട്ടീഷ് ഇന്ത്യയിലെ കാർഷികനയം.

അമേരിക്കയിലെയും ബ്രിട്ടീഷിന്ത്യയിലെയും അധിനിവേശ കാർഷിക ഇടപെടലുകൾ കാണിക്കുന്നത് കാർഷികഗവേഷണവും കൃഷിവകുപ്പും ഒക്കെ രംഗപ്രവേശം ചെയ്യുന്നത് തോട്ടം വിളകളെ വളർത്തുന്നതിനു വേണ്ടിയായിരുന്നു എന്നാണ്. ആധുനിക കൃഷി ശാസ്ത്രത്തിന്റെ വളർച്ചയെന്നാൽ ഉൽപ്പാദനം കൂട്ടുന്നതിനും അതുവഴി ലാഭം കൂട്ടുന്നതിനുമുള്ള തന്ത്രങ്ങൾ ആരായുന്നതിലാണ്. മണ്ണിന്റെയും സസ്യത്തിന്റെയും സവിശേഷതകൾ ഓരോന്നും മനസ്സിലാക്കുന്നതും പുതുതായി പലതും നിർമ്മിക്കുന്നതും വിപണിയിൽ വിജയിക്കുക എന്ന ഏകലക്ഷ്യത്തെ മുൻനിർത്തിയാണ്. ലാഭതാൽപര്യങ്ങളെ സേവിക്കുക എന്നതിനപ്പുറത്ത് ഈ കൃഷിശാസ്ത്രത്തിന് മറ്റൊരു ലക്ഷ്യവുമില്ല. സമൂഹത്തിന്റെ പൊതുവേയുള്ള ക്ഷേമമല്ല, കമ്പനിയുടെയോ സ്വകാര്യസംരംഭകന്റെയോ സാമ്പത്തിക നേട്ടമാണ് കാർഷിക ഗവേഷണങ്ങളുടെ ലക്ഷ്യം.

## ഏകവിളത്തോട്ടങ്ങൾ

രാസവളത്തിന്റെ ഉപയോഗം ആവശ്യമാക്കിത്തീർത്തത് ഏകവിളത്തോട്ടങ്ങളാണ്. സമൂഹത്തിന്റെ ഉപഭോഗശീലങ്ങളെ അട്ടിമറിച്ചു കൊണ്ടാണ് ഏകവിളത്തോട്ടങ്ങൾ വ്യാപിപ്പിച്ചത്. ഉദാഹരണമായി യൂറോപ്പിൽ സമൂഹത്തിലെ ഉന്നതരുടെ മാത്രം ശീലമായിരുന്ന പഞ്ചസാര, പുകയില, കാപ്പി, ചോക്കലേറ്റ്, മദ്യം എന്നിവയുടെ ഉപയോഗം സമൂഹത്തിന്റെ എല്ലാ തട്ടിലേക്കും എത്തിച്ചു. യൂറോപ്പിൽ വിൽക്കാൻ പാകത്തിനുള്ള കാർഷികോൽപ്പന്നങ്ങൾ അമേരിക്കയിലും മറ്റു കോളനികളിലും വൻതോതിൽ കൃഷി ചെയ്യുന്നതിലായിരുന്നു കോളനിയജമാന്മാരുടെ ശ്രദ്ധയത്രയും ഊന്നിയിരുന്നത്. അമേരിക്കയിൽ പുകയിലത്തോട്ടങ്ങൾ കയറ്റുമതി ലക്ഷ്യമാക്കി നടപ്പിലാക്കിയതോടെയാണ് യൂറോപ്പിൽ പുകയിലയുടെ ഉപയോഗം ജനകീയമാകുന്നത്. അതുപോലെ തന്നെ 18-ാം നൂറ്റാണ്ടിൽ ബ്രിട്ടനിലെ ആളോഹരി പഞ്ചസാര ഉപഭോഗം വർഷത്തിൽ 4 പൗണ്ടുമാത്രമായിരുന്നത് 19-ാം നൂറ്റാണ്ടിലെത്തിയപ്പോൾ 18 പൗണ്ടായി കൂടി. കരീബിയൻ ദ്വീപുകളിലും മറ്റും കരിമ്പിൻ തോട്ടങ്ങൾ സ്ഥാപിതമായപ്പോൾ അതിനൊത്ത് യൂറോപ്പിൽ പഞ്ചസാര ഉപഭോഗം ഉയരുകയും ജനകീയമാകുകയും ചെയ്തു. കരിമ്പു കൃഷി പഞ്ചസാരയെ മാത്രമല്ല മദ്യത്തിന്റെ ഉപയോഗത്തെയും വ്യാപിപ്പിച്ചു. ഇന്ത്യയിൽ ചായകുടി സാധാരണക്കാരന്റെ ശീലമായി മാറുന്നത് 1950 കൾക്കു ശേഷമാണ്. വിദേശത്തേയ്ക്കുള്ള തേയില കയറ്റുമതി സ്വാതന്ത്ര്യാനന്തരം കുറഞ്ഞതോടെയാണ് ചായ ഇവിടെ ജനകീയപാനീയമായത്.

റബ്ബർതോട്ടങ്ങളെ പ്രോത്സാഹിപ്പിക്കുന്നതാകട്ടെ ആഗോള വാഹനവ്യവസായവും എണ്ണവ്യവസായവും ചേർന്നാണ്. പരമ്പരാഗതവും ഭൂപ്രകൃതിയ്ക്കനുയോജ്യവും വൈവിധ്യപൂർണ്ണവുമായ ഗതാഗത സംവിധാനങ്ങളെ താറുമാറാക്കുന്ന ഈ വ്യവസായങ്ങൾ അവയുടെ കുതിപ്പിനാവശ്യമായ റബ്ബർ കൃഷിയെ പടർത്തുന്നു. ഇന്ന് ഇന്തോനേഷ്യയിലും ബ്രസീലിലുമൊക്കെ മഴക്കാടുകളെ വെട്ടിമാറ്റിയിട്ട് എണ്ണപ്പനത്തോട്ടങ്ങളും ജൈവഇന്ധനത്തിനായുള്ള കൃഷിയും പ്രോത്സാഹിപ്പിക്കുന്നത് യൂറോപ്യൻ വിപണിയുടെ പുതിയ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനും പെരുപ്പിക്കുന്നതിനും വേണ്ടിയാണ്.

സമൂഹത്തിലെ ചെറുവിഭാഗങ്ങളിൽ മാത്രം കാണുന്ന ശീലങ്ങളെയും ഉപഭോഗങ്ങളെയും എല്ലാവരിലേയ്ക്കും സംക്രമിപ്പിച്ചും ഓരോരുത്തരുടെയും ഉപഭോഗത്തിന്റെ അളവ് വർദ്ധിപ്പിച്ചുമാണ് ഏകവിളത്തോട്ടങ്ങൾ വ്യാപിക്കുന്നത്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽ പരമാവധി ഉൽപ്പാദനം നേടുക എന്ന ലക്ഷ്യം വെച്ചാണ് മറ്റുവിളകളെയൊക്കെ ഒഴിവാക്കി ഒരേവിള തന്നെ ഒരിടത്ത് സ്ഥിരമായി കൃഷിചെയ്യുന്നത്. താൽക്കാലികമായ ഈ ഉൽപ്പാദന വർദ്ധനവ് കൂടുതൽ ഉപ

ഭോക്താക്കളെ ആവശ്യപ്പെടുന്നു. ഉപഭോക്താക്കളുടെ പെരുപ്പമാകട്ടെ കൂടിയ ഉൽപ്പാദനത്തെയും സൃഷ്ടിക്കുന്നു. ഉൽപന്നവും ഉപഭോഗവും വർദ്ധിപ്പിക്കുന്ന ഈ നെട്ടോട്ടത്തിൽ പ്രകൃതിയുടെ കാർഷികചട്ടങ്ങൾ ലംഘിക്കപ്പെടുന്നു. ഉൽപ്പാദനക്ഷമത മാത്രമാണ് ഏകമാനദണ്ഡം. മണ്ണിന്റെ വളക്കൂറ് എത്രയും വേഗം ഏകവിളകളാൽ നശിപ്പിക്കപ്പെടുന്നു. വിവിധങ്ങളായ ജൈവാംശങ്ങൾ മണ്ണിലെത്താത്തതിനാൽ മണ്ണിന്റെ പോഷകസംതുലനം തെറ്റുന്നു. ആരോഗ്യം ക്ഷയിച്ച മണ്ണ് രോഗകീടബാധയ്ക്കും ഉൽപ്പാദനമാന്ദ്യത്തിനും വഴി വെയ്ക്കുന്നു.

## ഏകവിളത്തോട്ടങ്ങളുടെ ഉത്ഭവവും മണ്ണിന്റെ നാശവും

ഏക്കറുകളോളം ഒരേവിള തന്നെ സ്ഥിരമായി കൃഷി ചെയ്ത് മണ്ണിന്റെ പോഷകമൂല്യത്തെ കൊള്ളയടിക്കുന്ന കൃഷിരീതി ആദ്യമായി കൊണ്ടുവന്നത് ആഫ്രിക്കയുടെ വടക്കൻ തീരത്ത് പുരാതന കാർത്തേജിലാണ്. ഫിനീഷ്യൻ കച്ചവടക്കാരാണ് പെട്ടെന്ന് ലാഭം തരുന്ന ഏകവിളകൃഷി കാർത്തേജിൽ നടപ്പിലാക്കുന്നത്. ആയിരക്കണക്കിനു അടിമകളെ ഉപയോഗിച്ച് ഇവർ അതിവിശാലമായ വൻകിട കൃഷിയിടങ്ങളിൽ ഒരേ ധാന്യം തന്നെ നിരന്തരം കൃഷി ചെയ്ത് വലിയ വിളവുണ്ടാക്കി. എന്നാൽ താമസിയാതെ മണ്ണ് ക്ഷയിക്കുകയും കൃഷിയോഗ്യമല്ലാതായിത്തീരുകയും ചെയ്തു. ഇത് കാർത്തേജിന്റെ തന്നെ നാഗരിക സംസ്കാരത്തെ ഇല്ലാതെയുമാക്കി.

ഫിനിഷ്യന്മാരിൽ നിന്ന് ലാഭക്കൃഷിയുടെ ഈ വിദ്യ റോമക്കാർ അനുകരിക്കുകയുണ്ടായി. റോമാസാമ്രാജ്യത്തിന്റെ തകർച്ചയ്ക്കും ഇതി വഴിയൊരുക്കി. തലമുറകൾക്കുവേണ്ടി മണ്ണിൽ നിക്ഷേപിച്ചുവെച്ചിരിക്കുന്ന വളക്കൂറിനെ, പ്രകൃതിയുടെ കാർഷിക നിയമങ്ങളെ പാടെ മാനിക്കാതെ കൊള്ളയടിച്ചതിനാൽ തകർന്നു വീണ പുരാതന സാമ്രാജ്യങ്ങൾ നമുക്ക് പാഠമാകേണ്ടതാണ്. എന്നാൽ ചരിത്രത്തെ വേണ്ട രീതിയിൽ മനസ്സിലാക്കുന്നതിനോ പാഠങ്ങൾ ഉൾക്കൊള്ളുന്നതിനോ ലാഭാസക്തിയാൽ കണ്ണു മഞ്ഞളിച്ച സമൂഹങ്ങൾക്ക് കഴിയുന്നില്ല.

17-ാം നൂറ്റാണ്ടു മുതൽ ഇംഗ്ലണ്ടും ഇതര യൂറോപ്യൻ രാജ്യങ്ങളും, അവർ അധികാരം സ്ഥാപിച്ച അമേരിക്ക, ആഫ്രിക്ക, ഏഷ്യാവൻകരകളിലെ ഭൂമികളിൽ പ്രാവർത്തികമാക്കിയത് ഫിനീഷ്യൻമാരും റോമക്കാരും തുടങ്ങി വെച്ച അതേ വാണിജ്യ കൃഷി സമ്പ്രദായമാണ്. വിദേശകോളനികളിൽ മാത്രമല്ല സ്വദേശങ്ങളിലെ മണ്ണും ഇതേകാലം മുതൽ ഏകവിളത്തോട്ടങ്ങൾക്കായി വഴി മാറുന്നുണ്ട്.

ഇംഗ്ലണ്ടിൽ ചെറുകർഷകർക്കും സമൂഹത്തിനാകെയും ഭൂമിയുടെ മേലുണ്ടായിരുന്ന അവകാശങ്ങൾ എടുത്തു കളഞ്ഞ 'വളച്ചുകെട്ടൽ' (Enclosure) കാർഷികമേഖലയിൽ കച്ചവട പരിഷ്ക്കാരങ്ങൾക്കു വേണ്ടിയായിരുന്നു. സാധാരണ കൃഷിക്കാരുടെ കന്നുകാലികളെ പൊതു മേച്ചിൽപ്പുറങ്ങളിൽ നിന്നും പുറത്താക്കിക്കൊണ്ട് അവിടം ചെമ്മരിയാട് വളർത്തു കേന്ദ്രങ്ങളാക്കപ്പെട്ടു. അങ്ങനെ സ്വകാര്യ ഉടമയിലുള്ള വലിയ കൃഷിഭൂമികൾ നിലവിൽ വന്നു. ഇംഗ്ലണ്ടുകാർ ആദ്യം കൈയടക്കിയ അയർലന്റിലും സമാനമായ വൻകിടതോട്ടം- ഏകവിള കൃഷിയിടങ്ങൾ സ്ഥാപിക്കുകയുണ്ടായി. കോളനിവൽക്കരിക്കുക എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം കീഴ്പ്പെടുത്തിയ മണ്ണിൽ വലിയ ഏകവിള വാണിജ്യ- കയറ്റുമതി തോട്ടങ്ങൾ ഏർപ്പാടാക്കുക എന്നാണ്. ഭൂപ്രകൃതിയെയും മണ്ണിനെയും അവഗണിച്ചുകൊണ്ട് മണ്ണിന്റെ ഫലഭൂയിഷ്ഠതയാകെ ഏതാനും വർഷങ്ങൾ കൊണ്ട് വാണിജ്യകൃഷിയിലൂടെ കവർന്നെടുക്കുന്ന പ്രക്രിയയാണ് കോളനിവൽക്കരണം.

17, 18 നൂറ്റാണ്ടുകളിൽ ലോകമാകെ പടർത്തിയ ഏകവിളത്തോട്ടങ്ങളാൽ മണ്ണിന് അപക്ഷയം സംഭവിച്ചപ്പോൾ വിളവ് പിടിച്ചു നിർത്താനും കൂട്ടാനുമായി മറ്റു കൃത്രിമവഴികൾ തോട്ടം ഉടമകൾ അന്വേഷിക്കുകയായി. യൂറോ


**അടുത്ത ലക്കം സുജീവിതത്തിൽ**

## 'മരുന്നു കമ്പനികളുടെ പോസ്റ്റ്മോർട്ടം'

**ക്രിമിനലുകൾ നിങ്ങളുടെ ആരോഗ്യത്തെ നന്നാക്കുമോ? അതോ രോഗമുണ്ടാക്കി ലാഭം കൂട്ടുമോ?**

**സുജീവിതം വരിക്കാരാകുക...**
**സ്നേഹമുള്ളവരെ വരിക്കാരാക്കുക...**

**ഇപ്പോൾ 3 വർഷത്തേയ്ക്ക്**
**500 രൂപ മാത്രം.**

എം.ഒ/ബാങ്ക് ട്രാൻസ്ഫർ അയക്കാം.
സുജീവിതം മാസിക, മാലിപ്പുറം- 682511
ബാങ്ക് അക്കൗണ്ട് : 67014056698
IFSC SBTR 0000517, SBT,
VYTILA Branch, Cochin

**ഇന്നു തന്നെ വരിസംഖ്യ അയക്കൂ...**
**ആരോഗ്യ ജീവിതം ഉറപ്പാക്കൂ...**

പ്പിലെ മണ്ണിന്റെ വളശോഷണത്തെ തടഞ്ഞു നിർത്തുന്നതിന് കോളനി നാടുകളിൽ നിന്ന് പ്രത്യേകിച്ച്, ഇന്ത്യയിൽ നിന്ന് പലതരം പിണ്ണാക്കു കയറ്റുമതി ചെയ്തിരുന്നു. 1869 ൽ സൂയസ് കനാൽ വന്നതിനു ശേഷം, 19 വർഷം കൊണ്ട് 2 മില്യൻ മുതൽ 5 മില്യൻ വരെ പിണ്ണാക്കുകൾ ഇന്ത്യയിൽ നിന്ന് ഇംഗ്ലണ്ടിലേയ്ക്ക് ഇറക്കുമതി ചെയ്തു. 1884–85 ൽ 18000 ടണ്ണും 1889–90 ൽ 44,000 ടണ്ണും എല്ല്, വളമാക്കി ഉപയോഗഹിക്കാൻ ഇംഗ്ലണ്ടിലേയ്ക്ക് കൊണ്ടുപോയി.

## വെടിയുപ്പിൽ നിന്ന് രാസവളത്തിലേക്ക്

വർദ്ധിച്ചുവന്ന കയറ്റുമതി ആവശ്യങ്ങൾക്കൊത്ത് തോട്ടം മുതലാളിമാർ തങ്ങളുടെ വിളവ് വർദ്ധിപ്പിക്കാൻ കിണഞ്ഞു പരിശ്രമിക്കുന്ന കാലമാണ് 19–ാം നൂറ്റാണ്ട്. എന്നാൽ അപ്പോഴേയ്ക്കും തുടർച്ചയായ ഏകവിള കൃഷിയാൽ തോട്ടങ്ങളിലെ മണ്ണ് മോശമായിക്കഴിഞ്ഞിരുന്നു. ഈ ഘട്ടത്തിലാണ് വെടിയുപ്പ് (Potassium Nitrate) തോട്ടങ്ങളിൽ വളമായി ഉപയോഗിക്കപ്പെടുന്നത്. ആയുധ നിർമ്മാണത്തിനായി 1620 കൾ മുതൽ ഈസ്റ്റ് ഇന്ത്യാ കമ്പനി ഇന്ത്യയിൽ നിന്ന് വെടിയുപ്പ് ഇംഗ്ലണ്ടിലേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. ഇംഗ്ലണ്ടിനെ സൂര്യനസ്തമിക്കാത്ത സാമ്രാജ്യമാക്കി മാറ്റിയത് ഇന്ത്യയിൽ നിന്നു കൊണ്ടുപോയ വെടിയുപ്പാണ്. 18–ാം നൂറ്റാണ്ടിൽ, പ്ലാസിയുദ്ധ (1757) ത്തോടെ ബംഗാൾ പിടിച്ചടക്കിയതിനുശേഷം ലോകത്തെ വെടിയുപ്പു നിർമ്മാണത്തിന്റെ 70% വും ബ്രിട്ടന്റെ അധീനതയിലായി. നെപ്പോളിയനുമായുള്ള വാട്ടർലൂ യുദ്ധത്തിൽ (1815) ഈസ്റ്റ് ഇന്ത്യാ കമ്പനി ഇംഗ്ലണ്ടിലേയ്ക്കെത്തിച്ചത് 7300 ടൺ വെടിയുപ്പായിരുന്നു. 1861 – 65 ൽ അമേരിക്കയിലെ ആഭ്യന്തരകലാപ കാലത്ത് ഇന്ത്യയിലെ വെടിയുപ്പ് അവിടെ നല്ലവണ്ണം ഇറക്കുമതി ചെയ്യപ്പെട്ടിരുന്നു.

ഇന്ത്യയിൽ നിന്ന് ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ പ്രധാന കയറ്റുമതിയിനങ്ങളിൽ ലാഭകരമായ ഒരിനമായിരുന്നു വെടിയുപ്പ്. ഏഷ്യൻ ആഫ്രിക്കൻ അമേരിക്കൻ നാടുകളിൽ തദ്ദേശീയരെ അമർച്ച ചെയ്ത് കോളനി ഭരണം നടത്താനും യൂറോപ്യന്മാർക്ക് കോളനികൾക്കു വേണ്ടി പരസ്പരം പൊരുതാനും വഴിവെച്ചത് ഈ വെടിയുപ്പു വാണിജ്യമായിരുന്നു.

ഇന്ത്യയിൽ വെടിയുപ്പു നിർമ്മാണത്തിൽ വൈദഗ്ധ്യം നേടിയ പ്രത്യേക ജാതികൾ തന്നെയുണ്ടായിരുന്നു. ചാണകവും മൂത്രവും നിശ്ചിതാനുപാതത്തിൽ വെടിയുപ്പു ധാതുക്കളിൽ കലർത്തിയാണ് ഇവിടെ സ്ഫോടകവസ്തു നിർമ്മിച്ചിരുന്നത്. ഈവിധം നൈട്രേറ്റ് സമ്പന്നമായ വെടിയുപ്പ് യുദ്ധാവശ്യങ്ങൾക്കല്ലാതെ വളമെന്ന വിധത്തിൽ യൂറോപ്പിലും അമേരിക്കയിലും 19–ാം നൂറ്റാണ്ടിൽ തോട്ടം ഉടമകൾ ഉപയോഗിച്ചു. അമേരിക്കയിലെ പുകയിലത്തോട്ട യജമാനന്മാർ ഇന്ത്യൻ വെടിയുപ്പ് കൃഷിയിടത്തിൽ ചേർത്തു കൊടുത്തിരുന്നു. യുദ്ധാവശ്യങ്ങൾക്കല്ലാത്ത വളമെന്ന വിധത്തിൽ യൂറോപ്പിലും അമേരിക്കയിലും 19–ാം നൂറ്റാണ്ടിൽ തോട്ടം ഉടമകൾ ഉപയോഗിച്ചു. അമേരിക്കയിലെ പുകയിലത്തോട്ട യജമാനന്മാർ ഇന്ത്യൻ വെടിയുപ്പ് കൃഷിയിടത്തിൽ ചേർത്തു കൊടുത്തിരുന്നു. യുദ്ധാവശ്യങ്ങൾക്കല്ലാത്ത തോട്ടം കൃഷിയിലേക്ക് മറ്റൊരുപയോഗം കൂടി സൃഷ്ടിക്കപ്പെട്ടു കൊണ്ടാണ് വെടിയുപ്പ് ഉൽപ്പാദനവും അതിന്റെ കച്ചവടവും വളർന്നത്. വാണിജ്യാടിസ്ഥാനത്തിൽ ക്രമീകരിക്കപ്പെട്ട ഏകവിളത്തോട്ടങ്ങളിലെ മണ്ണിനെ ഉത്തേജിപ്പിക്കാൻ അങ്ങനെ വെടിയുപ്പ് സ്ഥാനം നേടി. 1830 ൽ അവസാനിക്കുന്ന 35 വർഷത്തിനുള്ളിൽ കൽക്കട്ടാ തുറമുഖത്തു നിന്ന് ബ്രിട്ടൻ, ഫ്രാൻസ്, ചൈന, വടക്കേ അമേരിക്ക എന്നിവിടങ്ങളിലേയ്ക്ക് ആകെ 2,202,465 ചാക്ക് വെടിയുപ്പ് കയറ്റി അയച്ചു.

പൊട്ടാസ്യം നൈട്രേറ്റിന്റെ വൻതോതിലുള്ള ഉൽപ്പാദനം മുതൽ അത് രണ്ടുതരം യുദ്ധങ്ങൾക്കായി ഉപയോഗിക്കപ്പെടുന്നു. ഒന്ന് രാജ്യം വെട്ടിപ്പിടിക്കാനും സമ്പത്ത് കവർന്നെടുക്കാനുമുള്ള മനുഷ്യനോടുള്ള യുദ്ധത്തിന്. മറ്റൊന്ന് വിപണികൾ കീഴടക്കാൻ വിളവ് കൂട്ടാനായി മണ്ണിനോട് നടത്തുന്ന മല്ലിടലിനാണ്. 19–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ മധ്യ അമേരിക്കൻ രാഷ്ട്രങ്ങളിൽ പ്രത്യേകിച്ച് ചിലി, പെറു എന്നിവിടങ്ങളിൽ വെടിക്കോപ്പു നിർമ്മാണത്തിനു പറ്റിയ പക്ഷിക്കാഷ്ഠങ്ങൾ (Guano) ഉപയോഗിക്കാമെന്നു വന്നതോടെ ഇന്ത്യൻ വെടിയുപ്പ് ആവശ്യം ഇല്ലാതെയായി. സോഡിയം നൈട്രേറ്റ് അടങ്ങിയ പക്ഷിക്കാഷ്ഠങ്ങളുള്ള ദ്വീപുകൾ 1856 ൽ അമേരിക്ക കൈവശപ്പെടുത്തുന്നുണ്ട്. ബ്രിട്ടനെ കവച്ച് സ്ഫോടക വസ്തു നിർമ്മാണത്തിലും തുടർന്ന്, ലോകാധിപത്യത്തിലും അമേരിക്കയെ നയിച്ചത് പക്ഷിക്കാഷ്ഠങ്ങളിൽ നിന്ന് വേർതിരിച്ചെടുത്ത വെടിയുപ്പ് (Sodium Nitrate)) ആയിരുന്നു. 1840 – 1880 കാലത്ത് 20,000,000, ടൺ സോഡിയം നൈട്രേറ്റ് ചെറുദ്വീപുകളിൽ നിന്ന് കയറ്റുമതി ചെയ്യപ്പെട്ടു.

ഇന്ത്യയിൽ നിന്നുള്ള പൊട്ടാസ്യം നൈട്രേറ്റുപോലെ മധ്യ അമേരിക്കൻ ദ്വീപുകളിലെ സോഡിയം നൈട്രേറ്റും യൂറോപ്യൻ കോളനികളിലെ നാണ്യവിളത്തോട്ടങ്ങളിൽ വളമായി ഉപയോഗിക്കുന്നുണ്ട്. ആരുടെ കൈവശമാണോ സ്ഫോടക വസ്തുവായും വളമായും പ്രയോഗിക്കാൻ രാസവസ്തുവുള്ളത് അവർ മറ്റുള്ളവരേക്കാൾ വേഗത്തിൽ സാമ്പത്തികനേട്ടം കൈവരിച്ചു.

*(രോഗം വിതറുന്ന രാസവളം)*

# വരികൾക്കിടയിലൂടെ

കെ.വി.സുഗതൻ

**2016 ൽ മാത്രം 200 പരിസ്ഥിതി പ്രവർത്തകർ കൊല്ലപ്പെട്ടു. (ഗ്ലോബൽ വിറ്റ്നസ്, ലണ്ടൻ. (ക്രോണിക്കിൾ 15.7.17)**

ജനപക്ഷ ആരോഗ്യ പ്രവർത്തകരും, മാധ്യമ പ്രവർത്തകരും, വിവരാവകാശ പ്രവർത്തകരുമായ എത്രപേർ കാലപുരിക്കയക്കപ്പെട്ടു എന്ന കണക്കും ഉടനെ പുറത്തു വരുമായിരിക്കും.

**രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ എം.പി.മാരും എം.എൽ.എ മാരുമായി 4851 പേർ വോട്ടു ചെയ്തതിൽ 77 വോട്ട് അസാധു. (മനോരമ 21.7.17)**

ഇവരെക്കാൾ നന്നായി വോട്ടു രേഖപ്പെടുത്താൻ ആദിവാസികൾക്കു പോലും കഴിഞ്ഞേക്കും.

**സെലിബ്രിറ്റീസ് ഗർഭിണിയായ ഭാര്യയുമായി ചുറ്റിക്കറങ്ങുന്ന 'ബേബി മൂണിങ്ങ്' വ്യാപകമാകുന്നു. (ക്രോണിക്കിൾ 16.7.17)**

വിവാഹത്തിനു മുൻപുള്ള ചുറ്റിക്കളി 'ഡേറ്റിംഗ്' വിവാഹശേഷം "ഹണിമൂണിങ്ങ്" ഗർഭിണിയായാൽ 'ബേബി മൂണിംഗ്' പ്രസവശേഷം കുഞ്ഞുമായി ചുറ്റിക്കറങ്ങുന്നതിനെ എന്തുവിളിക്കും?

**കുട്ടികൾക്ക് വിഷരഹിതപച്ചക്കറികൾ മാത്രമേ നൽകാവൂ എന്ന് ബാലവകാശ കമ്മീഷൻ ഉത്തരവിറക്കിയിരിക്കുന്നു. (മാതൃഭൂമി : 27.7.17)**

എല്ലാ സ്കൂളുകളിലും ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ ജൈവകൃഷിയിലൂടെ ഉൽപാദിപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവു കൂടി ഇറങ്ങട്ടെ. കൃഷിക്കായി ഒരു പിരീഡ് മാറ്റി വയ്ക്കാവുന്നതുമാണ്.

**ആലപ്പുഴയിൽ ആരോഗ്യവകുപ്പ് "ലോക കൊതുകു ദിനം" ആചരിച്ചു. (ജന്മഭൂമി : 21.8.17)**

കൊതുകുകൾക്കാവശ്യമായ രക്തം ആരോഗ്യവകുപ്പ് ഫ്രീ ആയി നൽകും, ദയവായി മനുഷ്യരെ കടിക്കരുത് എന്നീ സന്ദേശങ്ങൾ നൽകി കൊതുകുകളെ ബോധവൽക്കരിക്കുന്ന പരിപാടി ഡി.എം.ഒ ഉദ്ഘാടനം ചെയ്തു.

**കേരളം അന്ധവിശ്വാസത്തിന്റെ വിളഭൂമി. മന്ത്രി. എ. കെ. ബാലൻ (മനോരമ: 20.8.17)**

"ശാസ്ത്രീയമായ അന്ധവിശ്വാസങ്ങൾ" പ്രചരിപ്പിക്കുന്ന ആരോഗ്യ (അലോപ്പതി) വകുപ്പിനു ഇതിൽ കാര്യമായ പങ്കുണ്ട്.

**സന്ധിവാത രോഗികൾ പെരുകുന്നു. 2006 ൽ ചിക്കുൻഗുനിയ ബാധിച്ച പലർക്കും ഇന്നും പണിയെടുക്കാവുന്നില്ല. ഇതു സംബന്ധിച്ച് ഗവേഷണവും പഠനവും നടത്തണം. ദേശീയ റുമറ്റോളജി അസോസിയേഷൻ സംസ്ഥാന സമ്മേളന പ്രമേയം (ജന്മഭൂമി : 21.8.17)**

ഇതിന് ഗവേഷണമൊന്നും ആവശ്യമില്ല റുമറ്റോളജിസ്റ്റുകളേ, കല്ലുപ്പു നിരോധിച്ച് അയഡിൻ ഉപ്പ് നിർബ്ബന്ധമാക്കിയതോടെ വിട്ടു മാറാത്ത സന്ധിവേദനയും നീർക്കെട്ടും വ്യാപകമായെന്നു മാത്രമല്ല തൈറോയ്ഡ് രോഗങ്ങൾ ഭീതിജനകമാം വിധം വർദ്ധിച്ചു, വന്ധ്യതാ നിവാരണ ക്ലിനിക്കുകളുടെ എണ്ണവും കുത്തനേ കൂടി.

**യു.പി.യിലെ ശിശുമരണങ്ങൾ "സർക്കാർ സൃഷ്ടിച്ച ദുരന്തം." രാഹുൽ ഗാന്ധി (മനോരമ)**

അല്ലേ അല്ല. ഇത് ആധുനിക വൈദ്യശാസ്ത്രം സൃഷ്ടിച്ച ദുരന്തം; അവരുടെ വൻ പരാജയം.

**മരുന്നും കീടനാശിനിയും മദ്യവും മാരകായുധങ്ങളുമൊക്കെ ഉൽപാദിപ്പിക്കുന്നവർ വൻ ലാഭം കൊയ്യുന്നു. ഭക്ഷ്യ ധാന്യങ്ങളും പഴങ്ങളും പച്ചക്കറികളുമൊക്കെ ഉൽപാദിപ്പിക്കുന്ന കർഷകൻ കടക്കെണിയിലായി ആത്മഹത്യയിലഭയം തേടുന്നു. (യോഗനാദം ജൂലായ് 15)**

ഇതാണോ കമ്മ്യൂണിസ്റ്റുകാർ പറയുന്ന വൈരുദ്ധ്യാധിഷ്ടിത ഭൗതികവാദം?

**പ്രതിരോധകുത്തിവയ്പ്പെടുത്ത കന്നുകാലികൾക്കും കുളമ്പു രോഗബാധ; മൃഗസംരക്ഷണ വകുപ്പ് ശരി വയ്ക്കുന്നു. (വാർത്ത)**

ഡിഫ്ത്തീരയ്ക്കെതിരെ വാക്സിനെടുത്ത കുട്ടികൾക്കു ഡിഫ്ത്തീരിയ വന്നാലും ജപ്പാൻ ജ്വരത്തിനെതിരെ വാക്സിനെടുത്ത ഖോരഖ്പൂരിലെ കുട്ടികൾക്ക് ജപ്പാൻ ജ്വരം വന്നാലും അതൊക്കെ 'അണുബാധ' യെന്നോ ഓക്സിജൻ നിലച്ചതുകൊണ്ടോ എന്നാവും അലോപ്പതി ഡോക്ടർമാർ പറയുക.

**ചിന്താവിഷയം :** ആദ്യം നിങ്ങളെ അവർ അവഗണിക്കും, പിന്നെ പരിഹസിക്കും, പിന്നെ പുച്ഛിക്കൂ, പിന്നെ ആക്രമിക്കും. എന്നിട്ടായിരിക്കും നിങ്ങളുടെ വിജയം. – ഗാന്ധിജി


**ഇന്നു തന്നെ അംഗമാകുക**

**ജനാരോഗ്യ പ്രസ്ഥാനം**

**ജനകീയ ആരോഗ്യ രംഗത്ത് ധീരമായ പ്രവർത്തനം**

*വിശദ വിവരങ്ങൾക്ക്* :
വർഗീസ് കൈമാപറമ്പിൽ, ട്രഷറർ,
**ജനാരോഗ്യ പ്രസ്ഥാനം,** ഞാറക്കൽ പി.ഒ
ഫോൺ : 9895033171